ലിസി : ലിസിയെന്നൊന്നും വിളിക്കേണ്ട. ഇക്കാര്യം വളരെ കഷ്ടമാണ്. പപ്പക്ക് ആയിരക്കണക്കായ ഡോളർ സമ്പാദ്യമുണ്ടായിരിക്കുകയും, ഇവിടെ നമ്മൾ, ഈ രണ്ടാം കിട തെരുവിലെ ഈ കൊച്ചുവീട്ടിൽ താമസിക്കുകയും ചെയ്യുകയെന്നത്. നാം ശരിക്കും മലമുകളിലായിരിക്കേണ്ടവരാണ്. ഇതെല്ലാം അവൾ ഒറ്റ ഒരുത്തിയുടെ പണിയാണ്. അല്ലെങ്കിൽ അവളുടെയും ഹാരിയുടേയും ഒരുമിച്ചുള്ള കെണി.

എമ്മ : ശ്ശ്....

ലിസി : ഞാൻ മിണ്ടാതിരിക്കില്ല. അവയെല്ലാം പപ്പയുടെ വളരെ തരം താണ സ്വഭാവമാണ് കാണിക്കുന്നത്.

എമ്മ : അവർ കേൾക്കും, നീ പറയുന്നത് .

ലിസി : അവർ കേട്ടാലും കേട്ടില്ലെങ്കിലും എനിക്കൊന്നും നോക്കാനില്ല.

അത് ശരിയല്ലേ ? പപ്പ പിശുക്കനെന്നപോലെയല്ലേ പെരുമാറുന്നത്? അദ്ദേഹത്തിന് ആദ്യമായി കിട്ടിയ ചില്ലിക്കാശ് പോലും ഇപ്പോഴും കൈ വശമുണ്ട്. കുറെക്കൂടി കൃത്യമായി പറഞ്ഞാൽ ആ സ്ത്രീയുടെ കൈവശമുണ്ട്, അതെല്ലാം..

എമ്മ : നീ തോന്ന്യാസം പറയുന്നു.

ലിസി : പപ്പക്ക് കൂടുതൽ സരളഹൃദയനും വിശാലമനസ്ക്കനുമാകാൻ കഴിയും. പക്ഷെ അങ്ങേർക്ക് അതിന് പ്രോത്സാഹനം കിട്ടണം.

എമ്മ : പണം സ്വരുക്കൂട്ടി വച്ചില്ലായിരുന്നെങ്കിൽ, പപ്പയ്ക്ക് യാതൊരു സമ്പാദ്യവുമുണ്ടാകുമായിരുന്നില്ല.

ലിസി : അതു ശരിയാ, അദ്ദേഹം വസ്തുക്കളെല്ലാം അവളുടെ പേർക്ക് എഴുതിവെച്ചു കൊണ്ടേ ഇരിക്കുകയാണെങ്കിൽ നമ്മളും ഉണ്ടാകില്ല.

എമ്മ : ഞാൻ അതൊന്നും ശ്രദ്ധിക്കുന്നില്ല.

ലിസി : എങ്കിൽ ചിന്തിക്കാൻ തുടങ്ങിക്കൊള്ളൂ...

എമ്മ : നിറുത്ത്.

ലിസി : (ഒരു ഭീഷണിയല്ല, ലളിതമായ ഒരു വസ്തുത പ്രസ്താവിക്കുന്നു)

ഒരു ദിവസം പപ്പ മരിക്കും.

എമ്മ : അങ്ങനെ പറയരുത്.

ലിസി : ഒരു ദിവസം പപ്പ മരിക്കും. എന്റെ ജീവിതത്തിന്റെ ശേഷിച്ചകാലം ഹാരി വിൻഗേറ്റിന്റെ ബൂട്ട് നക്കി ജീവിക്കാൻ ഞാനുദ്ദേശിക്കുന്നില്ല, അതുമല്ലെങ്കിൽ അദ്ദേഹത്തിന്റെ സഹോദരിയെ സേവിക്കാനും ഞാൻ ആഗ്രഹിക്കുന്നില്ല.

മിസ്സിസ്. ബോർഡൻ : (ഗോവണിപ്പടിയിൽ നിന്നും. ) എന്താണത് ?

ലിസി : ഒന്നുമില്ല.

മിസ്സി. ബോർഡൻ : (ഗോവണിയിലൂടെ താഴത്തേക്കിറങ്ങിക്കൊണ്ട്). ങേ ?

ലിസി : ഒന്നുമില്ലെന്നാണ് ഞാൻ പറഞ്ഞത്.

ബ്രിജറ്റ് : (ബാസ്ക്കറ്റ് നിറയെ ധാന്യങ്ങളും നീട്ടിപ്പിടിച്ചിരിക്കുന്നു. ലിസി അതിലോട്ട് നോക്കുന്നു) നിന്റെ പക്ഷികൾക്ക് വേണ്ടിയാണ്, ലിസി.

ലിസി : (അവൾ ബാസ്ക്കറ്റ് എടുക്കുന്നു) ഞാനെന്താണ് ചിന്തിക്കുന്നതെന്ന് അറിയാൻ നിനക്കാഗ്രഹമുണ്ടോ ? അവൾ ഒരു തടിച്ചുകൊഴുത്ത പശുവാണെന്ന് ഞാൻ കരുതുന്നു. ഞാൻ അവളെ വെറുക്കുന്നു. (അവൾ പുറത്തു പോകുന്നു)

എമ്മ : സുപ്രഭാതം, അമ്മേ.

മിസ്സിസ്.ബോർഡൻ : സുപ്രഭാതം, എമ്മ.

എമ്മ : അമ്മ നന്നായി ഉറങ്ങിയോ ?

(ബ്രിജറ്റ് പ്രാതൽ വിളമ്പുന്നു)

മിസ്സിസ് ബോർഡൻ : അതുകൊണ്ട്.... അതുകൊണ്ട്.... അത് വളരെ ചൂടാണെന്ന് നിനക്കറിയാമല്ലൊ. രാത്രിയിൽ ഒരിക്കലും അത് ശരിയായ രീതിയിൽ തണുക്കാറില്ല. നല്ല ഉറക്കത്തിന് അത് വളരെ ചൂടാണ്.

എമ്മ : .....പപ്പ ഉണർന്നുവോ ?

മിസ്സിസ് ബോർഡൺ : അദ്ദേഹം ഒരു മിനിട്ടിനുള്ളിൽ താഴെ വരും.... അതുകൊണ്ട്.... ഇന്ന് രാവിലെ ലിസിക്കെന്താണ് ഒരു കുഴപ്പം?

എമ്മ : ഒന്നുമില്ല

മിസ്സിസ് ബോർഡൺ : ഹാരി താഴേക്ക് വന്നുവോ ?

എമ്മ : എനിക്ക് ഉറപ്പില്ല.

മിസ്സിസ്.ബോർഡൻ : ഹാരി താഴേക്കിറങ്ങി വന്നുവോ ?

ബ്രിജറ്റ് : ഉവ്വ്, മേഡം.

മിസ്സിസ്. ബോർഡൻ : എന്നിട്ട് ?

ബ്രിജറ്റ് : അദ്ദേഹം പുറത്തുപോയി.... അല്പം നേരം മുമ്പ് .

മിസ്സിസ് ബോർഡൺ : ലിസി അദ്ദേഹത്തെ കണ്ടുവോ ?

ബ്രിജറ്റ് : ഉവ്വ്, മേഡം. (എമ്മ തന്റെ പ്ലേറ്റിലേക്ക് ശ്രദ്ധമുഴുവൻ കേന്ദ്രീകരിച്ചിരിക്കുന്നു. അടുക്കളയിലേക്ക് ഉറക്കെപ്പറയുന്നു)

മിസ്സിസ്.ബോർഡൻ : ...നീ അങ്ങനെ പറയേണ്ടതായിരുന്നു....അവൾക്ക് നാവ് ഉണ്ടല്ലോ.

എമ്മ : അതിനേക്കാളും നല്ല പെരുമാറ്റ രീതികൾ ലിസിക്കുണ്ട്.

മിസ്സിസ്.ബോർഡൻ : ഒരു സ്ത്രീയെപ്പോലെ അച്ചടക്കം പാലിക്കാൻ അവൾക്ക് കഴിയുന്നില്ലയെന്നത് നമുക്കറിയാവുന്ന വസ്തുതയാണ്.

എമ്മ : കൊള്ളാം. ആളുകളുമായി വഴക്കുകൂടുന്ന സ്വഭാവം അവൾ വളർത്തിയെടുത്തിട്ടില്ല.

മിസ്സിസ്. ബോ. : അതാണ്, ശരിക്കും. അവൾ അങ്ങനെയാണ്.

എമ്മ : കൊള്ളാം- അവൾ ഒരു പക്ഷെ -

മിസ്സിസ് ബോ. : നിനക്കത് നിരസിക്കാനാകുകയില്ല.

എമ്മ : (ഉച്ചത്തിൽ) കൊള്ളാം. ഈ പ്രഭാതത്തിൽ അവൾ ഒരൽപ്പം അസ്വസ്ഥയായിരുന്നിരിക്കും, കാരണം അദ്ദേഹം വരുമെന്ന്,

ആരും അവളോട് പറഞ്ഞില്ല, അവൾ താഴേക്കിറങ്ങി വന്നപ്പോൾ അദ്ദേഹം ഇവിടെയുണ്ട്. അതിനെ സംബന്ധിച്ച് അത്രയുമേ ഉള്ളൂ.

മിസ്സിസ്. ബോ : നിന്റെ അച്ഛൻ. എന്റെ സഹോദരനെ ഒരു ദിവസം വീട്ടിൽ താമസിക്കാൻ ക്ഷണിക്കണമെങ്കിൽ, അദ്ദേഹം ലിസിയുടെ അനുവാദം വാങ്ങണമെന്ന് ഞാൻ കരുതുന്നു.

എമ്മ : അല്ല

മിസ്സിസ്. ബോർഡൺ : നിനക്കറിയാമല്ലോ, എമ്മ....

എമ്മ : അവൾ അദ്ദേഹവുമായി വാദപ്രതിവാദത്തിൽ ഏർപ്പെട്ടില്ല.... അങ്ങനെയുള്ളതൊന്നും ഉണ്ടായില്ല.

മിസ്സിസ്.ബോർഡൻ : നിങ്ങളാണ് അവളെ നശിപ്പിച്ചത്. നിനക്കൊരുപക്ഷെ നല്ല ഉദ്ദേശ്യങ്ങളായിരിക്കും ഉണ്ടായിരുന്നത്. പക്ഷെ നിങ്ങളവളെ നശിപ്പിച്ചു.

(മിസ്. ലിസി/ബ്രിജറ്റ് ആക്ട്രസ്/ലിസിയോട് സംസാരിക്കുന്നു)

മിസ്.ലിസി/ബ്രിജറ്റ് : ഞാൻ മുപ്പത്തിനാലാമത്തെ വയസ്സിലായിരുന്നു- എന്നിട്ടും ഞാൻ സ്വപ്നം കണ്ടു... ഞാൻ സ്വപ്നം കണ്ടു... ഞാൻ ദിവാസ്വപ്നം കണ്ടു...ഞാൻ ചിന്തിച്ചു. എന്റെ പേര് ലിസ്ബെത്ത് ആണെന്ന്... ഞാൻ കുന്നിന്റെ മുകളിൽ ജീവിച്ചു ഒരു മലയിൽ ഉള്ള വീട്ടിലെന്ന്.... എന്റെ തലമുടി ചുവന്നിരുന്നില്ലെന്ന്.... ഞാൻ ചുവന്ന മുടി വെറുക്കുന്നു. ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ എല്ലാവരും എന്നെ പരിഹസിച്ചു.... ഞാൻ കുട്ടിയായിരുന്നപ്പോൾ വേനൽക്കാലത്ത് ഈ വീട്ടിൽ ഞങ്ങൾ താമസിച്ചിരുന്നില്ല. ഞങ്ങൾ വയലുകളിൽ പോകുമായിരുന്നു.... ഞാൻ ഓർക്കുന്നു..... എന്റെ മുട്ടുകൾ എന്നും ചൊറികൊണ്ട് മൂടിയിരുന്നു, ദൈവത്തിനേ അറിയൂ എനിക്കെങ്ങനെ അത് ബാധിച്ചുവെന്ന്. ഞാൻ എന്തു ചെയ്യുമായിരുന്നെന്ന് നിങ്ങൾക്കറിയുമോ ? ഞാൻ വയലുകളിൽ ഇരുന്ന് എന്റെ പാവാട ഞാൻ ശക്തിയിൽ മുകളിലോട്ട് തെറുത്തു കയറ്റും. എന്റെ പെറ്റിക്കോട്ടും ബ്ലൂമറുകളും. എന്റെ സോക്സ് ഞാൻ താഴോട്ട് ചുരുട്ടിയെടുക്കും, എന്നിട്ട് എന്റെ വ്യണത്തിന്മേലുണ്ടായിട്ടുള്ള പൊറ്റ ഞാൻ പൊളിച്ചെടുക്കും. എമ്മ എന്നെ പിടിക്കും. അവളെന്തായിരിക്കും പറയുകയെന്നറിയാമോ ? നല്ല പെൺകുട്ടികളുടെ മുട്ടുകാലിൽ പൊറ്റയുണ്ടാകില്ല എന്ന് (അവർ ചിരിക്കുന്നു)

ലിസി : പാവം എമ്മ.

മിസ്.ലിസി/ബ്രിജറ്റ് : ഞാൻ സ്വപ്നം കണ്ടു... ഒരു ദിവസം ഞാൻ ജീവിക്കുമെന്ന്.... കുന്നിൻ മുകളിലെ മൂലയിലുള്ള ഒരു വീട്ടിൽ.... എനിക്ക് പാർട്ടികളുണ്ടാകും, ഗംഭീരമായ ഒത്തുചേരലുകൾ. ഞാൻ

ഫലിതത്തോടെയാകും സംസാരിക്കുക... മറ്റുള്ളവരെ കടിച്ചു കീറുകയില്ല, പക്ഷെ ബുദ്ധിയോടെ. എല്ലാവരും ഹാസ്യഭാവ മുള്ളവരായിരിക്കും... എല്ലാവരും സാധാരണയായി എന്റെ പാർട്ടിയിൽ വരുവാൻ ആഗ്രഹിക്കും.....എന്നിട്ട് എങ്കിൽ.... എനിക്ക് കഴിഞ്ഞില്ലെങ്കിൽ... മലമുകളിലെ മൂലയിലെ വീട്ടിൽ താമസിക്കാൻ കഴിഞ്ഞില്ലെങ്കിൽ.... ഞാൻ വയലിൽ താമസിക്കും. വയലിൽ ഒറ്റക്ക് ഞാൻ താമസിക്കും. അവിടെയൊരു ധാന്യപ്പുരയുണ്ട്.... ധാന്യപ്പുരയിലെ പൂച്ചകളും പൂച്ചക്കുട്ടികളും, രണ്ടു കുതിരകളും മേൽക്കൂരയിൽ കൂടുകൂട്ടിയിരുന്ന പക്ഷി കളും ... ഞാൻ ഇവിടെ വളർത്തിയ പക്ഷികൾ തത്തമ്മകളാണ്, സ്വാളോ പക്ഷികളെയല്ല. അവ ചാരനിറത്തിൽ, കടും ചാരനിറത്തിലുളളവയായിരുന്നു.... പക്ഷെ സൂര്യന്റെ രശ്മികളേറ്റപ്പോൾ, എനിക്ക് നീല നിറം കാണാനാകും. അൽപ്പം തിളക്കത്തോടുകൂടിയ സ്റ്റീൽ നീലനിറം... അവ സൂര്യപ്രകാശത്തിൽ ചലിക്കുമ്പോൾ അവ കടും നീല നിറത്തിലും മറൂൺ നിറത്തിലും കാണാനാകും... വളരെ വ്യതിരക്തമായ തിളക്കം... ഒരു പുതിയ സിൽവർ ഡോളർ ഉരച്ചു പൊടിയാക്കിയ പോലെ ... ഉരച്ച പൊടി അവയുടെ ചിറകുകളിൽ പറ്റിപ്പിടിച്ചിരിക്കും പോലെ... പലപ്പോഴും അവൾ ഗ്ലാനയായിരിക്കും.... കൂടുതൽ സമയവും ബുദ്ധിശൂന്യരായിരിക്കും... ശരിക്കും അവ അങ്ങനെയല്ല.... അവ മറച്ചു വെക്കുകയായിരുന്നുവെന്ന് തോന്നുന്നു.... അവയ്ക്ക് എന്നെ അറിയാമായിരുന്നു. അവ എന്നെ ഇഷ്ടപ്പെട്ടിരുന്നു.... സത്യം...

ആക്ട്രസ്/ലിസി : സത്യമെന്നത്..... മുപ്പത്തിനാല് വയസ്സ് ദിവാസ്വപ്നത്തിന് പറ്റിയതല്ല എന്നതാണ്

മിസ്സിസ് ബോർഡൺ : സത്യമെന്നത് അവൾ നശിച്ച്കെട്ടുപോയി എന്നതാണ്. (മിസ്റ്റർ ബോർഡൺ താഴത്തെ നിലയിലേക്ക് വരും. മേശയ്ക്കരികിൽ തന്റെ സ്ഥലത്തിരിക്കും. മിസ്സിസ് ബോർഡൺ അദ്ദേഹ ത്തിനുവേണ്ടി തുടരുന്നു. മിസ്റ്റർ ബോർഡൺ അവളെ കണ്ടില്ലന്ന് നടിക്കുന്നു. അവളെ പുറത്തു കളയാനുള്ള കലാപരിപാടി അദ്ദേഹത്തിനറിയാം. അദ്ദേഹം പ്രകോപിതനല്ലെന്നു മാത്രമല്ല, സ്ത്രീ ശബ്ദം അദ്ദേഹത്തെ വശീകരിക്കുന്നുമില്ല. നമ്മൾ പൈപ്പർക്ക് കൂലി നൽകുന്നുണ്ട്, അതിന് പല സ്ഥലങ്ങളിലും പൈപ്പർ പാട്ടുപാടുന്നതിന് പണം നൽകിയ വ്യക്തി ഞാനാണ്. ഒരു കൂട്ടം പെൺസുഹൃത്തുക്കളോടൊപ്പം യൂറോപ്പിലേക്ക് പോകുവാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല, നമ്മുടെ ലിസിക്ക് മൂന്നുവർഷം മുമ്പ് ഉണ്ടായതുപോലെ, എല്ലാ ചെലവുകളും അച്ഛനാൽ കൊടുക്കപ്പെട്ട്....

| | | |
|---|---|---|
| എമ്മ | : | സുപ്രഭാതം, പപ്പ... |
| മി.ബോർഡൺ | : | സുപ്രഭാതം! |
| മിസ്സിസ് ബോർഡൺ | : | ആ അനുഭവത്തിന്റെ അനുഭൂതി എനിക്ക് ലഭിച്ചിട്ടില്ല.... ലിസി, ഹാരിയെ കണ്ടിട്ടുണ്ടെന്ന് നീ അറിഞ്ഞോ ? |
| മിസ്റ്റർ ബോർഡൺ | : | അവൾ കണ്ടു. |
| മിസ്സിസ് ബോർഡൺ | : | നിനക്കദ്ദേഹത്തെ നഗരത്തിൽ വച്ച് കാണാമായിരുന്നു. അദ്ദേഹത്തെ താമസിക്കാൻ ക്ഷണിക്കേണ്ടതുണ്ടായിരുന്നില്ല. |
| മി. ബോർഡൺ | : | എന്തുകൊണ്ട് പാടില്ല ? |
| മിസ്സിസ് ബോർഡൺ | : | എനിക്കറിയാവുന്നതു പോലെ നിനക്കും അറിയാം. എന്തുകൊണ്ട് പാടില്ല എന്നത്. കഴിഞ്ഞ തവണ നടന്നതിന്റെ ഒരു ആവർത്തനം ഞാൻ ആഗ്രഹിക്കുന്നില്ല. മാസങ്ങളായിട്ട് അവൾ മര്യാദയോടെ സംസാരിക്കുന്നില്ല. |
| മി. ബോർഡൺ | : | നമുക്ക് ആവശ്യത്തിലധികം മുറിയുള്ളപ്പോൾ ഹാരി ഒരു മുറിക്ക് പണം കൊടുക്കേണ്ട ആവശ്യമില്ല... ലിസി എവിടെയാണ് ? |
| എമ്മ | : | വീടിന് പുറത്തുണ്ട്..... പക്ഷികൾക്ക് തീറ്റകൊടുക്കുന്നു. |
| മി. ബോർഡൺ | : | അവൾ എല്ലായ്പ്പോഴും പുറത്ത് പക്ഷികൾക്കൊപ്പമാണ്. |
| എമ്മ | : | ശരിയാണ്, പപ്പ... |
| മി. ബോർഡൺ | : | ഷെഡിന് ഒരു പുതിയ പൂട്ട് വെയ്ക്കുവാൻ അവളോട് പറയൂ. അതിനകത്ത് വീണ്ടും ആരോ ഉണ്ട്. |
| എമ്മ | : | എല്ലാം.... ശരി. |
| മി. ബോർഡൺ | : | അടുത്ത വീട്ടിലെ പിശാചുക്കളാണ്, നേരത്തെ അവർക്കൊപ്പം ഷെഡിൽ കളിച്ചുകൊണ്ടിരുന്നപ്പോൾ യാതൊരു പ്രശ്നവുമില്ലായിരുന്നു. അവരെല്ലാവരും നേരത്തെ അവരുടെ സ്വന്തം സ്ഥലത്ത് കളിച്ചു. |
| എമ്മ | : | പപ്പ ? |
| മി. ബോർഡൺ | : | അത് ആ നശിച്ച പക്ഷികളാണ്. അവയാണ് അവരെ ഈ വയലിലേക്ക് കൊണ്ടുവരുന്നത്. |
| എമ്മ | : | .....ഹാരിയെക്കുറിച്ച് |
| മി. ബോർഡൺ | : | എന്താണ് ഹാരിയെക്കുറിച്ച് |
| എമ്മ | : | കൊള്ളാം. ഞാൻ വെറുതെ അത്ഭുതം കൂറുകയായിരുന്നു. എന്തുകൊണ്ടാണ് (അവൻ ഇവിടെയെന്ന്) |
| മി.ബോർഡൺ | : | നീ ഹാരിയെ ഗൗനിക്കേണ്ടതില്ല... നീ ലിസിയോട് ജോണി മക്ലിയോടിനെക്കുറിച്ച് സംസാരിച്ചുവോ ? |

എമ്മ : ഞാൻ - ആ...

മി.ബോർഡൺ : ങ്ഹേ ?

എമ്മ : ഞാൻ ശ്രമിച്ചുവെന്നാണ് പറഞ്ഞത്.

മി.ബോർഡൺ : എന്താണ് നീ അർത്ഥമാക്കുന്നത്.... നീ ശ്രമിച്ചു.

എമ്മ : കൊള്ളാം. ഞാൻ അത് പറയാനുള്ള ശ്രമത്തിലായിരുന്നു. പക്ഷെ .....

മി.ബോ : എന്താണിത്ര ബുദ്ധിമുട്ട് ലിസിയോട് പറയുന്നതിന്, ജോണി മക്‌ലിയോട് വിളിക്കാനാഗ്രഹിക്കുന്നുവെന്ന്.

എമ്മ : എങ്കിൽ എന്തുകൊണ്ടവളോട് പറഞ്ഞുകൂടാ ? എല്ലായ്പ്പോഴും ഞാനാണ് അവളോട് അതും ഇതും പറയുവാൻ ഓടിനടക്കുന്നത്. അതിനുള്ള ശകാരവും ഞാൻ തന്നെ കേൾക്കുകയും വേണം.

മിസ്സിസ് ബോർഡൺ : നമുക്കെല്ലാമറിയാം എന്തുകൊണ്ടാണ് അത് എന്ന്, അവൾക്ക് തന്റെ പിതാവിനെ തന്റെ ചെറുവിരലുകൊണ്ട് പൊതിയാൻ കഴിയും. എപ്പോഴും അത് ചെയ്യുന്നു. എപ്പോഴും കഴിയും. വേറെ എല്ലാം പരാജയപ്പെട്ടാൽ അവൾ ഒരു വല എറിയുന്നു അപ്പോൾ അവളുടെ അച്ഛൻ വഴങ്ങുന്നു. യൂറോപ്പിലേക്കൊരു യാത്ര, മിൽഹൗസ് വാടകയ്ക്ക്, എല്ലാം ഒരുപോലെയാണ്.

എമ്മ : പപ്പ, ഹാരി എന്തിനാണിവിടെ വന്നിരിക്കുന്നത് ?

മി. ബോ : അത് നീ അറിയേണ്ട കാര്യമല്ല.

മിസ്സിസ്. ബോ : കാര്യങ്ങൾക്ക് പിരികയറ്റുവാൻ ലിസിയുടെ അരികിലേയ്ക്ക് നീ ഓടിപ്പോകുന്നില്ലെ ?

എമ്മ : നിനക്കറിയാമല്ലൊ, ഞാൻ ഒരിക്കലുമതു ചെയ്തീട്ടില്ല!

മി.ബോ : അവൾ അർത്ഥമാകുന്നത് -

എമ്മ : (ദേഷ്യത്തോടെ, പക്ഷെ ഒട്ടും ക്ഷീണമില്ലാതെ)

ഞാൻ ക്ഷീണിതയാണ്. നിങ്ങൾ കേൾക്കുന്നുണ്ടോ? ക്ഷീണിച്ചിരിക്കുന്നു. (അവൾ മേശയ്ക്കരികിൽ നിന്നും എഴുന്നേൽക്കുന്നു. എന്നിട്ട് മുകളിലത്തെ നിലയിലേക്ക് പോകുന്നു.)

മി.ബോ : എമ്മ!

എമ്മ : താങ്കൾ ഹാരിയെ ഇവിടെ ക്ഷണിച്ചുവരുത്തിയിരിക്കുന്നു. നിങ്ങൾക്കറിയാമല്ലോ പ്രശ്നമുണ്ടാകുമെന്ന് എന്താണ് നടക്കുന്നതെന്നറിയാൻ ഞാൻ ശ്രമിക്കുമ്പോൾ, അങ്ങനെ പ്രായമായ നല്ല എമ്മയ്ക്ക് നിങ്ങൾക്കിടയിൽ മദ്ധ്യസ്ഥം വഹിക്കാമെന്ന് കരുതുമ്പോൾ, താങ്കൾക്ക് പറയാനുള്ളത് ഇത്

എന്റെ ബിസിനസ്സ് അല്ല എന്നാണ്. ശരി എങ്കിൽ, ഇത് നിന്റെ ബിസിനസ്സാണ് , തങ്കൾ തന്നെ അത് നോക്കി നടത്തിക്കോളൂ, ഞാൻ ആരുമല്ലല്ലോ (അവൾ പോകുന്നു)

മിസ്സിസ്. ബോ : അവൾ പറഞ്ഞതാണ് ശരി.

മി. ബോർഡൺ : അത് മതി. എനിക്കാവശ്യത്തിന് കിട്ടി. എനിക്ക് നിന്നിൽ നിന്ന് കൂടി കേൾക്കാൻ താൽപ്പര്യമില്ല.

മിസ്സിസ് ബോർഡൺ : അവൾ പറഞ്ഞത് ശരിയാണെന്ന് മാത്രമേ ഞാൻ പറയൂന്നുള്ളൂ. താങ്കൾ നേരേ ചൊവ്വേ ലിസിയോട് കാര്യങ്ങൾ സംസാരിക്കണം, അവൾ കേൾക്കാനാഗ്രഹിക്കാത്ത കാര്യങ്ങൾ പോലും അവളോട് പറയണം.

മി.ബോർഡൺ : കൃഷി സ്ഥലത്തിനെ കുറിച്ച് ?

മിസ്സിസ് ബോ. : ജോണി മക്‌ലിയോഡിനെ കുറിച്ച് ! കൃഷി സ്ഥലത്തെക്കുറിച്ച് തന്റെ വായ് മൂടിവയ്ക്കുക..... അവൾക്ക് വ്യത്യാസം മനസ്സിലാകുകയില്ല.

മി.ബോർഡൺ : ഓ- ശരി

മിസ്സിസ് ബോർഡൺ : നിങ്ങൾക്കറിയുമോ അവർ എന്താണ് ടൗണിൽ പറയുന്നതെന്ന്, അവളെക്കുറിച്ചും ആ ഡോക്ടറെക്കുറിച്ചും.

(മിസ്. ലിസി/ ബ്രിജറ്റ് സംസാരിക്കുന്നു. ആക്ട്രസ് / ലിസിയോട്)

മിസ്. ലിസി/ബ്രിഡ്ജറ്റ്: അവർ പറയുന്നു, നിങ്ങൾ രണ്ടാം തെരുവിൽ ജീവിക്കുകയും, നിങ്ങൾക്കൊരു അത്യാവശ്യത്തിന്, ഐറിഷ് കാർ പ്രശ്നമല്ലെങ്കിൽ, ഡോ. പാട്രികിനെ വിളിക്കുക. ഡോക്ടർ പാട്രിക് വളരെ കൃത്യതയുള്ള ആളാണ്, അദ്ദേഹത്തിന്റെ രണ്ടാം തെരുവിലെ വീട്ടിലുള്ളവർ വിളിക്കുമ്പോൾ.

ആക്ട്രസ്/ലിസി : അവർ ശരിക്കും അങ്ങനെ പറയുന്നുണ്ടോ ?

മിസ്.ലിസി. ബ്രിജറ്റ് : ഇല്ല അവർ പറയുന്നില്ല. ഞാനൊരു നുണ പറയുന്നതാണ്. പക്ഷെ ഒരു രണ്ടാംകിട തെരുവിൽ നിന്നുള്ള വിളികൾ അദ്ദേഹം കൃത്യമായി മറുപടി നൽകും. നിനക്കറിയുമോ എന്തുകൊണ്ടാണ് അങ്ങനെയെന്ന്?

ആക്ട്രസ്/ലിസി : എന്തുകൊണ്ടാണ് ?

മിസ്.ലിസി/ ബ്രിജറ്റ് : കൊള്ളാം. രണ്ടാം തെരുവിൽ ജീവിക്കുന്ന ആരെയോ ഒരാളെ കാണാമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു. തന്റെ പാവാട ചെരിച്ച് കയറ്റി തന്റെ കണങ്കാലുകൾ കാണിച്ച് - അതുകൊണ്ടവൾക്ക് ഒരു അന്തസ്സുള്ള ഒരു അടി വ ാം- പെൺകുട്ടികളുടെ സ്ക്കൂളായ മിസ്.കൊർണേലിയ സ്കൂളിലാണ് താൻ പഠിച്ചതെന്നും മറ്റുമുള്ള കാര്യങ്ങൾ മറന്ന് - ഐർലൻഡുകാരോട്

സംസാരിച്ച്, മാർപ്പാപ്പയെക്കുറിച്ച് ഒരിക്കൽ പോലും കേട്ടുകേൾവി ഇല്ലാത്തതുപോലെ. ഓ ശരിയാണ്, രണ്ടാം തെരുവിലേക്ക് എത്തുന്നതിൽ അദ്ദേഹം വളരെ കൃത്യതയുള്ള ആളാണ്... ഓടിപ്പോകുകയെന്നത് അൽപ്പം വ്യത്യാസമുള്ളതാണ്.

ഡോ.പാട്രിക് : സുപ്രഭാതം, മിസ്. ബോർഡൺ.

ലിസി : ഞാൻ തീരുമാനിച്ചിട്ടില്ല..... അത് ആണെങ്കിൽ.... അത് അല്ലെങ്കിൽ....

ഡോ.പാട്രിക് : അല്ല. മുഴുവനും തെറ്റായാണ് പറഞ്ഞത്. ശരിയായ ഒരു പ്രയോഗം ഇങ്ങനെയാകുന്നു; സുപ്രഭാതം ഡോ പാട്രിക് എന്നിട്ട് നീ ഒന്നു ചിരിക്കുക. തീർച്ചയായും ഔചിത്യബോധ ത്തോടെയാകണം. എന്നിട്ട് കണ്ണുകൾ ഒരൽപ്പം താഴ്ത്തുക. കുട കറക്കുക.

ലിസി : കുടയോ ?

ഡോ. പാട്രിക് : സൂര്യന്റെ ചൂടുമറയ്ക്കുന്നതെന്തോ. എന്നാൽ വളരെ വേഗത്തിലല്ല. എന്നിട്ട് വളരെ മധുരമുള്ളതും താഴ്ന്നതുമായ ശബ്ദത്തിൽ മന്ത്രിക്കുക, പിന്നെ, എങ്ങനെയുണ്ട് ഈ പ്രഭാതത്തിൽ, ഡോക്ടർ പാട്രിക് ? നിന്റെ വിദ്യാഭ്യാസം നീ വൃഥാവിലാക്കിയിരിക്കുന്നു, മിസ് ബോർഡൺ.

ലിസി : താങ്കൾ ചില കാര്യങ്ങൾ മറക്കുന്നു. താങ്കൾ വിവാഹിതനാണ്, ഐർലണ്ടുകാരനും- ഞാൻ താങ്കളെ അവഗണിക്കുന്നതാണ് ശരിയായ കാര്യം.

ഡോ.പാട്രിക് : അല്ല.

ലിസി : അതെ. താങ്കൾക്ക് മനസിലാക്കുവാൻ കഴിയുന്നില്ലെ പപ്പയ്ക്കും എമ്മയ്ക്കും ഭ്രാന്തുപിടിക്കുകയാണ്. ഞങ്ങൾ വഴി പിഴച്ച സംസാരത്തിൽ ഏർപ്പെടുമ്പോഴെല്ലാം അവർക്ക് മോഹാലസ്യം വരുന്നു. ഇതാ ഇപ്പോൾ അവർ വിഭ്രാന്തിയിലാണ്.

ഡോ.പാട്രിക് : കൊള്ളാം, മിസ്സിസ് ബോർഡൺ അത് അംഗീകരിക്കുന്നുവോ ?

ലിസി : ഓ.... ഞാൻ സംസാരം നിറുത്തുകയും തുടരുകയും ചെയ്യുന്നതിന്റെ ശരിയായ കാരണം അവളാണ്. മിസ്സിസ് ബോർഡൺ. പെട്ടെന്ന് സ്തബ്ധയാകുന്നു. ആ ഞെട്ടലിൽ അവർ മരിച്ചേക്കുമെന്ന് ഞാൻ കരുതുന്നു.

ഡോ. പാട്രിക് : (ചിരിക്കുന്നു) നിനക്കെന്തുകൊണ്ട് വീട്ടിൽ നിന്നും ഓടിപ്പോയിക്കൂടാ, ലിസി ?

ലിസി : എന്തുകൊണ്ട് താങ്കൾക്ക് എന്റെ കൂടെ ഓടിപ്പോന്നു കൂടാ ?

ഡോ പാട്രിക് : നമ്മൾ എവിടെ പോകും ?

ലിസി : ബോസ്റ്റൺ.

ഡോ. പാട്രിക് : ബോസ്റ്റൺ ?

ലിസി : അവിടം തുടക്കത്തിനുവേണ്ടി

ഡോ പാട്രിക് : എപ്പോഴാണ് നമ്മൾ പോകുക ?

ലിസി : ഇന്നു രാത്രി

ഡോ. പാട്രിക് : നീ അത് ഉദ്ദേശിക്കുന്നില്ല. നീ എന്നെ വിഡ്ഢിയാക്കുന്നതാണ്.

ലിസി : ഞാൻ അത് അർത്ഥമാക്കുന്നു.

ഡോ. പാട്രിക് : എങ്ങനെയാണ് നിനക്ക് തമാശ പറഞ്ഞീട്ട് ഇത്രയും ഗൗരവത്തോടെ നോക്കാൻ കഴിയുന്നത്.

ലിസി : അതൊരു അനുഗ്രഹമാണ്.

ഡോ. പാട്രിക് : (ചിരിക്കുന്നു) ഓ, ലിസി

ലിസി : നോക്കൂ....!

ഡോ.പാട്രിക് : എന്താണത് ?

ലിസി : അത് അടുത്ത വീട്ടിലെ ഭിക്ഷക്കാരാണ്. ശൊ ! , ശൊ! ഛെ പുറത്തു പോകൂ... അവിടന്ന് പുറത്തുപോകൂ... (അവർ ഷെഡിലേക്ക് ഇരച്ചു കയറുന്നു. എന്റെ പക്ഷികളെ വീക്ഷിക്കുന്നു..... പപ്പ ദേഷ്യപ്പെടുന്നു).

ഡോ. പാട്രിക് : അത് സ്വാഭാവികമായ ഒരു കാര്യമാണ്.

ലിസി : കൊള്ളാം, പപ്പ അത് ഇഷ്ടപ്പെടുന്നില്ല.

ഡോ.പാട്രിക് : അവർക്ക് അവയെ ഒന്നു കണ്ടാൽ മതി

ലിസി : പപ്പ പറയുന്നു എന്തെല്ലാം അദ്ദേഹത്തിന്റേതാണോ, അതെല്ലാം അദ്ദേഹത്തിന്റെ സ്വന്തമാണ്... നിങ്ങൾക്ക് ഞങ്ങളുടെ കൃഷിസ്ഥലം സന്ദർശിക്കണമെന്നുണ്ടെങ്കിൽ ഔപചാരികമായ ഒരു ക്ഷണം വേണം... (നിശ്ശബ്ദത) താങ്കളുടെ ഭാര്യയ്ക്ക് എങ്ങനെയുണ്ട്?

ഡോ.പാട്രിക് : എന്റെ ഭാര്യ

ലിസി : എനിക്കത് ചോദിക്കാൻ പാടില്ലെ ? ഞാൻ കരുതി നല്ല മാന്യയായ സ്ത്രീകൾ എല്ലായ്പ്പോഴും തങ്ങളുടെ സുഹൃത്തുക്കളുടെയും പരിചയമുള്ളവരുടേയും ഭാര്യമാരെക്കുറിച്ച് അന്വേഷിക്കുമെന്നാണ്.... എന്തൊക്കെത്തന്നെയാണെങ്കിലും (ഹാരി അവരെ നിരീക്ഷിക്കുന്നു)

ഡോ. പാട്രിക് : നീ എന്റെ ഭാര്യയെ കണ്ടിട്ടുണ്ട്, എന്റെ ഭാര്യ എല്ലായ്പ്പോഴും ഒരുപോലെയാണ്.

| | | |
|---|---|---|
| ലിസി | : | എന്തൊരു വിരസതയായിരിക്കും താങ്കൾക്ക്. |
| ഡോ.പാട്രിക് | : | ഊ ഹൗ ! |
| ലിസി | : | അവൾക്കും |
| ഡോ.പാട്രിക് | : | തീർച്ചയായും, അതെ. |
| ലിസി | : | എനിക്കും. |
| ഡോ.പാട്രിക് | : | അവരെന്താണ് പറയുന്നതെന്ന് നിനക്കറിയുമോ, ലിസി ? അവർ പറയുകയാണ്, നിങ്ങൾ രണ്ടാം തെരുവിലാണ് ജീവിക്കുന്നതെങ്കിൽ, നിങ്ങൾക്കൊരു അത്യാവശ്യകാര്യം വന്നാൽ, നിങ്ങൾക്ക് ഐറീഷ്കാരെ പ്രശ്നമില്ലെങ്കിൽ, ഡോ. പാട്രികിനെ വിളിക്കുക. ഡോ.പാട്രിക് വളരെ കൃത്യനിഷ്ഠയുളളയാളാണ്, ഇക്കാര്യത്തിൽ രണ്ടാം തെരുവിലുളളവർ വിളിച്ചാൽ..... |
| ലിസി | : | ഞാൻ കേട്ടകാര്യങ്ങൾ താങ്കളോട് പറയാം. രണ്ടാം തെരുവ് സന്ദർശിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണ് പക്ഷെ, നിങ്ങൾ അവിടെ ജീവിക്കാൻ ആഗ്രഹിക്കുകയില്ല. തീർച്ചയായും ഞാനില്ല. |
| ഹാരി | : | ലിസി |
| ലിസി | : | കൊളളാം നോക്കൂ, ഇവിടെ ആരാണെന്ന് ? എന്റെ അച്ഛാച്ഛനെ കാണാനുളള ഭാഗ്യം കിട്ടിയിട്ടുണ്ടോ, മിസ്റ്റർ വിൻഗേറ്റ്? |
| ഡോ. പാട്രിക് | : | ഇല്ല, മിസ്. ബോർഡൺ, ആ സന്തോഷം എനിക്ക് ഒരിക്കലും കിട്ടിയിട്ടില്ല. |
| ലിസി | : | അങ്ങനെയാണ് കൃത്യമായിപ്പറഞ്ഞാൽ എനിക്ക് തോന്നുന്നത്. |
| ഡോ. പാട്രിക് | : | മിസ്റ്റർ. വിൻഗേറ്റ്, സർ... |
| ഹാരി | : | ഡോ.... പാട്രിക് അല്ലെ ? |
| ഡോ.പാട്രിക് | : | അതെ, സർ |
| ഹാരി | : | ആർക്കാണ് അസുഖം (മറ്റുവാക്കിൽ താങ്കൾ ഇവിടെ എന്തുചെയ്യാൻ വന്നതാണ് ?) |
| ലിസി | : | ആർക്കും അസുഖമുണ്ടായിട്ടില്ല. അദ്ദേഹം ഒരു സന്ദർശനത്തിന് ഇറങ്ങിയതാണ്. നിങ്ങൾ നോക്കൂ... ഞാനും ഡോ.പാട്രിക്കും വളരെ പ്രായമായവരാണ്. വളരെ പ്രിയപ്പെട്ട സുഹൃത്തുക്കൾ. അങ്ങനെയല്ലെ? |
| | | (ഹാരി ഡോ.പാട്രികിനെ തുറിച്ചു നോക്കുന്നു) |
| ഡോ.പാട്രിക് | : | കൊളളാം (ലിസി അവന്റെ വാരിയെല്ലിനു നോക്കി ഇടിക്കുന്നു) ഔച്ച് !! ഇത് അവളുടെ നർമ്മബോധമാണ്, സർ, ഒരു സ്ത്രീയിൽ വളരെ വിരളമായി കാണുന്ന ഒരു പ്രതിഭാസം. |

| | | |
|---|---|---|
| ഹാരി | : | നീ അകത്ത് കയറൂ, ലിസി, ഇത് ഉച്ചഭക്ഷണത്തിനുള്ള സമയമായി. |
| ലിസി | : | വളരെ നിസ്സാരമാക്കരുത്, ഇപ്പോഴങ്ങ് പ്രാതൽ കഴിച്ചതേയുള്ളൂ, ഞങ്ങൾ. |
| ഹാരി | : | നിനക്ക് ഏറ്റവും നല്ലത് അകത്ത് പ്രവേശിക്കുന്നതാണ്. |
| ലിസി | : | ഹാരിയുടെ കൈകളിൽ ഞാൻ പിടിച്ചോട്ടെ, ഡോ പാട്രിക്, (അവൾ ഹാരിയെ വകവെയ്ക്കാതെ ഡോ. പാട്രികിനൊപ്പം കൈയും പിടിച്ച്) |
| ഡോ.പാട്രിക് | : | നീ എന്താണ് ഇപ്പോൾ ചെയ്തിരിക്കുന്നതെന്ന് നോക്കൂ.... |
| ലിസി | : | എന്താ ? |
| ഡോ.പാട്രിക് | : | നീ എന്റെ രണ്ടു വാരിയെല്ലുകൾ ഒടിച്ചിരിക്കുന്നു. മാത്രമല്ല, എന്റെ പ്രശസ്തിക്ക് കളങ്കം ചാർത്തിയിരിക്കുന്നു, ഒരൊറ്റ നിമിഷം കൊണ്ട്. |
| ലിസി | : | ഒരു ഐർലണ്ടുകാരന്റെ സൽപ്പേര് നശിപ്പിക്കുവാൻ സാധ്യമല്ല. |
| ഡോ. പാട്രിക് | : | (പുഞ്ചിരിക്കുന്നു) ..... ഞാൻ നിന്നെ കാണുന്നതായിരിക്കും , ലിസി..... |
| മിസ്. ലിസി/ബ്രിജറ്റ് | : | അവർ പറയുകയാണ്, നീ വിവാഹിതയാകേണ്ട സമയമായെന്ന് |
| ലിസി | : | അത് ഏത് സമയമാണ്? |
| മിസി.ലിസി/ബ്രിജറ്റ് | : | നിനക്ക് നിന്റേതു സ്വന്തമായ ഒരു സ്ഥലം വേണം. |
| ലിസി | : | വിവാഹിതയാകുന്നതു കൊണ്ട് എനിക്കത് എങ്ങനെ ലഭിക്കും ? |
| മിസ്.ലിസി/ബ്രിജറ്റ് | : | എന്തു പുരുഷനാണ് നിന്റെ മാനസികാവസ്ഥയോട് പൊരുത്തപ്പെട്ട് പോകുന്നതെന്ന് എനിക്കറിയില്ലെങ്കിലും! |
| ലിസി | : | എന്തുകൊണ്ട് എനിക്ക് അവന്റെ മാനസികാവസ്ഥയോട് പൊരുത്തപ്പെട്ട് പോയിക്കൂടാ. |
| മിസ്.ലിസി/ബ്രിജറ്റ് | : | ഓ ലിസി ! |
| ലിസി | : | എന്താ കാര്യം - പുരുഷന്മാർക്കും മാനസികാവസ്ഥയില്ലേ ? |
| ഹാരി | : | ദൈവം സാക്ഷിയായി ഞാൻ നിന്നോട് പറയുന്നു, അവൾ ആ ഐറീഷ് ഡോക്ടറുടെ കൂടെ സംസാരിച്ച് നടക്കുകയാണ്, അവൻ അവളുടെ മേൽ ആടി കുഴഞ്ഞ്. |
| മിസ്സിസ്. ബോർഡൺ | : | തനിക്കെന്തുപറ്റി, അവൾക്ക് വേണ്ടി താങ്കൾ തന്നെ അവളോട് സംസാരിക്കണം. |
| മിസ്റ്റർ ബോർഡൺ | : | ഞാൻ സംസാരിക്കാം. |
| ഹാരി | : | ടൗണിൽ വച്ചുള്ള സംസാരം നിങ്ങൾക്ക് കാര്യമായ ഗുണം ചെയ്യില്ല. |

| | | |
|---|---|---|
| മിസ്സിസ് ബോ. | : | ഹാരി പറഞ്ഞതു ശരിയാണ്. |
| ഹാരി | : | ശരി, സർ |
| മിസ്സിസ് ബോർഡൺ | : | നിങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് അദ്ദേഹം പറയുന്നത്. |
| ഹാരി | : | തന്റെ മകളെ നോക്കി സംരക്ഷിക്കാനറിയാത്തവൻ എങ്ങനെ ഒരു ബിസിനസ്സ് നോക്കി നടത്തുമെന്നാണ് ആളുകൾ ചോദിക്കുന്നത്. അതിൽ കഴമ്പുണ്ടോ ഇല്ലയോ എന്നത് കാര്യമാക്കേണ്ടതില്ല. |
| മി.ബോർഡൺ | : | എനിക്കറിയാം അത്. |
| മിസ്സിസ് ബോർഡൺ | : | അറിയുന്നത് ഒരു കാര്യം. അറിഞ്ഞ കാര്യം നടപ്പിലാക്കുന്നത് മറ്റൊരു കാര്യം. താൻ എന്താണ് എന്നീട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നത് ? |
| മി. ബോർഡൺ | : | ഓ എന്റെ ദൈവമേ, ഞാൻ അവളോട് സംസാരിക്കാൻ പോകുകയാണെന്ന് പറഞ്ഞല്ലോ, ഞാൻ പോകുന്നു. |
| മിസ്സിസ്. ബോ | : | ഇപ്രാവശ്യം നന്നായി തെളിച്ച് സംസാരിക്കുക. |
| മി.ബോർഡൺ | : | ഓ ദൈവമേ... സ്ത്രീ... |
| മിസ്സിസ് ബോ. | : | നിങ്ങളുടെ ലിസിയോടുള്ള സംസാരം ഒരു തരം ചടങ്ങാണ്, ഇവിടെ. |
| മി. ബോ. | : | അബി– |
| മിസ്സിസ് ബോർഡൺ | : | അവൾ സംസാരിക്കുന്നു, നിങ്ങൾ കേട്ടിരിക്കുന്നു. ഒന്നും തന്നെ മാറ്റം സംഭവിക്കുന്നില്ല. |
| മി.ബോ | : | അതു മതി. |
| മിസ്സിസ് ബോ. | : | എമ്മ മാത്രമല്ല പെണ്ണായിട്ടുള്ളത്. |
| മി.ബോ | : | വായ് മൂടുക ! |
| മിസ്സിസ് ബോ | : | ആൻഡ്രൂ, താങ്കൾക്ക് പ്രായമായിക്കൊണ്ടിരിക്കുന്നു, താങ്കൾക്ക് പ്രായമായിക്കൊണ്ടിരിക്കുന്നു. (അവൾ പുറത്ത് പോകുന്നു) |
| | | (ഹാരിയുടെ മുൻപിൽ വച്ച് വഴക്കടിക്കേണ്ടി വന്നതിൽ മി. ബോർഡനിൽ അസ്വസ്ഥതയുടെ മുഖഭാവം. മി. ബോർഡൻ തന്റെ പൈപ്പുമായി തപ്പി തടയുന്നു. |
| മി. ബോർഡൺ | : | (തന്റെ പുകയിലക്കെട്ട് നൽകുന്നു) ഇതാ.... എന്റെ അൽപ്പം എടുക്കാം. |
| മി. ബോ. | : | ഞാൻ എടുക്കുന്നതിൽ ഒന്നും തോന്നരുത്... നല്ല മിശ്രണം. |
| ഹാരി | : | അതെ. അത് ആണ്. |

മി. ബോ : ....ഞാൻ ഞാൻ ചിന്തിക്കുമായിരുന്നു.... എന്റെ എഴുപതുകളിൽ എത്തുമ്പോൾ, ഞാൻ ഒരു പേരക്കിടാവിനെ മുട്ടുകാലിൽ വച്ച് താലോലിക്കുമെന്ന്

ഹാരി : അതിന് സമയം അതിക്രമിച്ചിട്ടില്ല.

മി. ബോർഡൺ : നോപ്....ഒരിക്കലും ആൺകുട്ടികൾ ഉണ്ടായില്ല.... പെൺകുട്ടികളും.... കുടുംബത്തെക്കുറിച്ച് അതേ അനുഭവം ഉള്ളതുപോലെ തോന്നുന്നില്ല... നിങ്ങൾക്കറിയുമോ, ലിസിയോട് കാര്യങ്ങൾ തെളിച്ച് പറയുന്നത് ശരിയും നല്ലതുമൊക്കെത്തന്നെ, പക്ഷെ വസ്തുതയുടെ സത്യം- ലിസി ഒരു കാര്യത്തിലേക്ക് മനസ്സുവച്ചാൽ, അവൾ അത് ചെയ്തിരിക്കും- മനസ്സുവയ്ക്കുന്നില്ലെങ്കിലോ, അതു നടക്കുകയില്ല.

ഹാരി : അവൾ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് അങ്ങ് ആണ്.

മി.ബോ. : അബിഗേയ്ൽ പറയുന്നത് പോലെയാണ് അത്. അറിവുള്ളത് ഒരു വശവും, അതുനടപ്പിലാക്കുന്നത് മറ്റൊരു വശവുമാണ്.... ഈ ലോകത്തിൽ കുട്ടികൾക്ക് ജന്മം നൽകാത്ത നീ ഭാഗ്യവാനാണ്, ഹാരി, എന്തെന്നാൽ നിനക്ക് അവരെ കൈകാര്യം ചെയ്യേണ്ടി വരുന്നില്ല.

ഹാരി : ഇപ്പോൾ അതു സംസാരിക്കുവാനുള്ള സമയമല്ല.

മി.ബോ. : അതാ, എമ്മ അവിടെയുണ്ട്... എമ്മ ഒരു നല്ല പെൺകുട്ടിയാണ്. ഞാനും അബിയും പോകുമ്പോൾ എല്ലായ്പ്പോഴും എമ്മയുണ്ട്..... ഓ, കൊള്ളാം, താങ്കൾ എന്റേയും എന്റെ പെൺകുട്ടികളുടേയും വിശേഷങ്ങൾ കേട്ടിരിക്കാൻ വന്നതല്ലല്ലോ, താങ്കൾ അതിനല്ല ഇവിടെ വന്നത്, ബിസിനസിനല്ലെ, ഹാരി ? (ഹാരി അക്കങ്ങൾ വരച്ചുകാട്ടുന്നു)

മിസ്. ലിസി/ബ്രിജറ്റ് : എനിക്ക് വ്യക്തമായി ഓർമ്മിക്കുവാൻ കഴിയുന്നു... ആ നിമിഷം ഞാൻ ഉറങ്ങുവാൻ പോകാനായി വസ്ത്രം മാറുകയായിരുന്നു, എന്നിട്ട് ഞാനെന്റെ മുട്ടുകാലുകളിലേയ്ക്ക് നോക്കി- അവിടെ ചൊറികൾ ഉണ്ടായിരുന്നില്ല ! അവസാനം എനിക്കു ബോധ്യമായി, ഞാൻ എങ്ങനെയുള്ള പെൺകുട്ടിയാകുവാനാണോ എമ്മ ആഗ്രഹിക്കുന്നത്, അങ്ങനെയാണ് താനെന്ന്. പക്ഷെ അത് എല്ലാമായില്ല. ഞാൻ അങ്ങ് വളർന്നു വലുതാകുകയാണ്. ഞാൻ തുടരെത്തുടരെ ഉരുണ്ടു വീഴുന്നില്ല... (അവൾ പുഞ്ചിരിക്കുന്നു) നീ വിചാരിക്കുന്നോ ഒരു സ്ത്രീ ആയിരിക്കുന്നതിന് ഒരു സമവാക്യം - ഒരു മാന്ത്രിക സമവാക്യം ഉണ്ടെന്ന്. ഓരോ പെൺകുഞ്ഞും ജനനത്തിൽ തന്നെ അത് സ്വായത്തമാക്കുന്നുവെന്ന് നീ വിശ്വസിക്കുന്നുവോ ? ജനനത്തിന് തൊട്ടുമുമ്പ് സംഭവിക്കുന്ന അവസാനത്തെ കാര്യമാണത്.- ആ

മാന്ത്രിക സമവാക്യം - മായ്ക്കാനാവാത്ത വിധം തലച്ചോറിൽ മുദ്രണം ചെയ്യുന്നു- സീൽ ചെയ്യുന്നു. (അവളുടെ തമാശ മാനസികാവസ്ഥ മാറുന്നു)... എന്നിട്ട്... ചില ഭയാനകമായ ദീർഘകാഴ്ചയിലൂടെ ... ഒരു പക്ഷെ എന്റെ അമ്മയുടെ മരണത്തോടെ.... എനിക്ക് ആ മുദ്രണം ലഭിച്ചില്ല! ഞാൻ ജനിച്ചത് തന്നെ ന്യൂനതകളോടെയാണ്. (അവൾ ദി ആക്ട്രസിനെ നോക്കുന്നു.)

ലിസി : (പതുക്കെ) അല്ല.

മിസ്.ലിസി/ബ്രിജറ്റ് : കേടുപാടുകൾ ഇല്ലെന്നാണോ ?

ലിസി : .........കേവലം.... ജനിച്ചു.

ദി ഡിഫൻസ്/വക്കീൽ: മാന്യൻമാരായ വിധികർത്താക്കളെ, കുറ്റാരോപിതയായ മിസ്. ലിസി ബോർഡനെ ഒന്നു നോക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അവളിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റത്തിന്റെ സ്വഭാവം ഓർമ്മിക്കണമെന്ന് ആവശ്യപ്പെടുന്നു. ഞാൻ നിങ്ങളോട് ചോദിക്കുന്നു- നിങ്ങൾ മിസ്. ലിസി ബോർഡനെ വിശ്വസിക്കുന്നുവോ ? നമ്മുടെ സമൂഹത്തിലെ ഉന്നതനായ വ്യക്തിയുടെ ഏറ്റവും ഇളയമകളെ, സമൂഹത്തിലെ ഭാഗ്യവാന്മാരായ ഉയർന്ന ശ്രേണിക്കാർക്ക് വേണ്ടി ചൊരിയപ്പെടുന്ന സമ്പൂർണ്ണ സൗകര്യങ്ങൾ അനുഭവിക്കുന്ന ഒരുവൾ, മിസ്സിസ് ബോർഡൺ കൊലപാതകത്തിനുള്ള ആയുധം ഉപയോഗിക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ ?- മാന്യന്മാരെ മുപ്പത്തി രണ്ടു വെട്ടുകൾ, മുപ്പത്തി രണ്ടു വെട്ടുകൾ - അബിയേയലിന്റെ തലയോട്ടി പിളർത്തി, അവളുടെ രക്തം വാർന്നൊഴുകുന്ന തകർന്ന ശരീരം മുകളിലത്തെ നിലയിലെ ബെഡ്റൂമിൽ ഉപേക്ഷിച്ച്, എന്നിട്ട് മിസ്. ബോർഡൺ, യാതൊരു വിധം ഭയവിഹ്വലതയോ, മരവിപ്പോ കൂടാതെ, തന്റെ വ്യക്തിയിൽ രക്തക്കറ പുരളാതെ, അവളുടെ വേലക്കാരിയുമായി ലാഘവത്തോടെ സംസാരിക്കുക. ബ്രിഡ്ജറ്റ് ഓ സുള്ളിവൻ അവളുടെ പപ്പ വീട്ടിലോട്ട് വരുന്നതും കാത്തിരിക്കുന്നു, വന്നതിനുശേഷം, ബ്രിഡ്ജറ്റിനെ മുകളിലെ മുറിയിലേക്ക് പറഞ്ഞു വിട്ടിട്ട്, മിസ് ബോർഡൺ പതിമൂന്ന് വെട്ടുകൾ തന്റെ പപ്പയുടെ തലയ്ക്കിട്ട് കൊടുക്കുന്നു. മിനിട്ടുകൾക്ക് ശേഷം ഏറ്റവും ഹീനമായ കൊലപാതകം കണ്ടുപിടിക്കപ്പെടുന്ന അവസ്ഥ ഏറ്റവും അനുയോജ്യമായ രീതിയിൽ - മിസ് ബോർഡൺ സഹായത്തിനു വേണ്ടി നിലവിളിക്കുന്നു. ഇതാണോ നാം അവൾക്ക് നൽകുന്ന സഹായം ? ഏറ്റവും അപമാനകരവും, കുപ്രസിദ്ധവുമായ കുറ്റങ്ങൾ അവളുടെമേൽ ആരോപിക്കൽ. നിങ്ങൾ കരുതുന്നുണ്ടോ, മിസ് ബോർഡൺ ഈ

ഹീനകൃത്യങ്ങൾ ചെയ്യാൻ കെൽപ്പുള്ളതാണെന്ന്. എനിക്ക് പറയാൻ സാധിക്കും, ഞാൻ കരുതുന്നില്ല. എനിക്ക് നിങ്ങളോട് പറയാൻ കഴിയും, ഈ ആക്രമണ പ്രവർത്തനങ്ങൾ, ശുദ്ധ ഭ്രാന്തിന്റെ പ്രവർത്തനങ്ങളാണ്. മാന്യരെ, ഈ മാന്യസ്ത്രീ ഇത്ര ഹീനമായ പ്രവർത്തി ് കെൽപ്പുള്ളവളാണെങ്കിൽ- ഞാൻ നിങ്ങളോട് പറയുന്നു- നിങ്ങളുടെ പെൺമക്കളെ ശ്രദ്ധിച്ച് നോക്കിക്കൊള്ളുക- ഈ മാന്യസ്ത്രീ ഇങ്ങനെ ചെയ്യാൻ ധൈര്യപ്പെട്ടെങ്കിൽ, നമ്മളിൽ ആർക്ക് രാത്രിയിൽ ബെഡ്ഡിൽ കിടന്നുറങ്ങാൻ കഴിയും ? ഗോവണിയിൽ ഒരു ശബ്ദം കേട്ടാൽ, ഹാളിൽ ഒരു ചലനം, വാതിലിനു പുറകിൽ ഒരു ഞെരക്കം കേട്ടാൽ.... നിങ്ങളിൽ ആർക്കാണ് തലയിണയിൽ വീഴാനോ,ഭാര്യയെ പ്രലോഭിപ്പിക്കാനോ കണ്ണുകളടച്ച് ഉറങ്ങാനോ കഴിയുക ? മാന്യരെ, ലിസി ബോർഡൺ ഭ്രാന്തിയല്ല, മാന്യരെ ലിസി ബോർഡൺ കുറ്റക്കാരിയല്ല.

| | | |
|---|---|---|
| മി. ബോ | : | ലിസി? |
| ലിസി | : | പപ്പ.... അങ്ങും ഹാരിയും തമ്മിൽ എന്ത് വ്യവഹാരങ്ങളാണ് ഉള്ളത് ? |
| ഹാരി | : | ഹല്ലോ! ലിസി. ഞാൻ.... ആ ... പിന്നീട് പൂർത്തിയാക്കാം. (അയാൾ അക്കങ്ങളുമായി പുറത്തേക്ക് പോകുന്നു അവൻ പോകുന്നത് ലിസി നോക്കി നിൽക്കുന്നു) |
| മി. ബോ | : | ലിസി ? |
| ലിസി | : | എന്തോ ? |
| മി. ബോ | : | നീ ഒരു മിനിട്ട് ഒന്ന് ഇരിക്കാമോ ? |
| ലിസി | : | വീണ്ടും ഡോ. പാട്രികിനെ കുറിച്ചാണെങ്കിൽ, ഞാൻ- |
| മി. ബോ | : | അതല്ല. |
| ലിസി | : | എങ്കിൽ ശരി. |
| മി.ബോർഡൺ | : | പക്ഷെ, നമുക്കവിടെ നിന്ന് ആരംഭിക്കാം. |
| ലിസി | : | ഓ പപ്പ! |
| മി. ബോ | : | ഇരിക്കൂ.... ലിസി. |
| ലിസി | : | പക്ഷെ, ഞാനവയെല്ലാം നേരത്തേ കേട്ടുക്കഴിഞ്ഞു, ഈ വഴിപിഴച്ച പെണ്ണിനോട് വീണ്ടുമൊരു സംസാരം...... |
| മി.ബോ. | : | (മാന്യതയോടെ) ലിസി, നീ നിന്റെ നാവ് ഒന്നടക്കൂ..... |

(അവൾ അദ്ദേഹത്തെ നോക്കി പുഞ്ചിരിക്കുന്നു, അവർക്ക് തമ്മിൽ സ്നേഹമുണ്ട്. ഒരു മകന് എന്തെല്ലാം ഗുണങ്ങളാണ്

| | | |
|---|---|---|
| | | ഉണ്ടായിരിക്കേണ്ടത് എന്ന് അദ്ദേഹം ആഗ്രഹിക്കുന്നുവോ അതെല്ലാം അവളിലുണ്ട്. പക്ഷെ ഒരു പെൺകുട്ടിയിൽ ആഗ്രഹിക്കാത്തതും) |
| മി.ബോർഡൺ | : | ഇപ്പോൾ.... ആദ്യമായ് ... നീ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നത്... നിന്നേയും ഡോക്ടറേയും കുറിച്ച് .... നിന്നേയും ഡോക്ടറേയും കുറിച്ച് ഞാൻ മനസ്സിലാക്കുന്നുവെന്നാണ്. |
| ലിസി | : | പപ്പ എന്തു മനസ്സിലാക്കുന്നു. ? |
| മി.ബോർഡൺ | : | അതൊരു സാധാരണ കാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. |
| ലിസി | : | എന്ത് സാധാരണ കാര്യമാണെന്ന് ? |
| മി.ബോർഡൺ | : | ഞാൻ പറയുന്നത് ഒരു സ്ത്രീയും പുരുഷനും തമ്മിലുള്ള ആകർഷണത്തിന് യാതൊരു അസാധാരണത്വവുമില്ല എന്നാണ്. അത് ഒരു സ്വാഭാവിക കാര്യമാണെന്ന്. |
| ലിസി | : | എന്നെ സംബന്ധിച്ചിടത്തോളം ഡോ. പാട്രിക് ഒരു രസികനാണ്, വിനോദിപ്പിക്കുകയും ചെയ്യുന്നു- അതാണ് അങ്ങ് അർത്ഥമാക്കുന്നതെങ്കിൽ ..... അങ്ങനെയാണോ പപ്പ ഉദ്ദേശിച്ചത്? |
| മി.ബോർഡൺ | : | ഈ ആകർഷണം.... മറ്റു പലതും വെളിവാക്കുന്നു - നീ മുപ്പത്തിനാലു വയസ്സുള്ള ഒരു സ്ത്രീയാണ്- |
| ലിസി | : | എനിക്കറിയാം, അത്. |
| മി.ബോർഡൺ | : | ഞാൻ പറയുന്നതൊന്ന് ശ്രദ്ധിക്കൂ, ലിസി.... എന്റെ വാക്കുകൾ ഞാൻ ശ്രദ്ധയോടെയാണ് ഉപയോഗിക്കുന്നത്, അതുകൊണ്ട് തന്നെ, ഞാൻ പറയുന്നത് നീ ശ്രദ്ധിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. സാധാരണ ഇക്കാലത്ത്, ഏതാണ്ട് എല്ലാ സാഹചര്യങ്ങളിലും... നിന്റെ പ്രായത്തിലുള്ളവർ വിവാഹിതരായിരിക്കും. അല്ലേ.. ? കുട്ടികളുമുണ്ടാകും, അവളുടെ സ്വന്തം വീട് നോക്കി നടത്തുകയാകും. അതാണ് സ്വാഭാവികമായ അവസ്ഥ. ങ്ഹേ?<br>(നിശ്ശബ്ദത) അല്ലേ, ലിസി ? |
| ലിസി | : | എനിക്കറിയില്ല. |
| മി.ബോർഡൺ | : | തീർച്ചയായും നിനക്കറിയാം. |
| ലിസി | : | താങ്കൾ പറഞ്ഞുവരുന്നത്, ഞാൻ ഒരു അസാധാരണക്കാരിയാണെന്നാണ്.... ഞാൻ സമ്മതിക്കണമെന്നതാണ്. അതല്ലേ പപ്പ ആഗ്രഹിക്കുന്നത്, അല്ലെ ? അങ്ങനെയല്ലെ? |
| മി.ബോ | : | അല്ല ഞാൻ പറയുന്നത് അതല്ല ! ഞാൻ അതിന് നേരെ വിപരീതമായതാണ് പറയുന്നത്- നിനക്ക് ഡോ. പാട്രിക്കി |

നോടുള്ള മനോഭാവത്തെപ്പറ്റിയാണ്, ഞാൻ പറയുന്നത് നിന്റെ വികാരങ്ങൾ.

ലിസി : എന്തു വികാരങ്ങൾ ?

മി.ബോ. : എന്താണ്.... എന്താണ് നിങ്ങൾ തമ്മിൽ നടക്കുന്നതെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷെ നീ മനസ്സിലാക്കേണ്ടത് അദ്ദേഹം ഒരു വിവാഹിതനാണ് എന്നതാണ്, നിനക്കവിടെ യാതൊരു സ്ഥാനവുമില്ല.

ലിസി : അദ്ദേഹം വിവാഹിതനായിരുന്നില്ലെങ്കിൽ ഞാനദ്ദേഹത്തോട് സംസാരിക്കുവാൻ കൂട്ടാക്കുമായിരുന്നില്ല.... ഇതൊരു കളിയാണ്.... കേവലം ഒരു കളിയാണ്, പപ്പ.

മി. ബോ : ഒരു കളി.

ലിസി : താങ്കൾക്കൊരു കണക്കുകൂട്ടലുമില്ല.... വളരെ ആകർഷണീയതയോടെയും, യോഗ്യതയോടെയും താല്പര്യത്തോടെയുമാണെന്ന് തോന്നിപ്പിക്കുന്നത് എത്രത്തോളം വിരസതയുളവാക്കുന്നുവെന്ന് എനിക്ക് ഇത് മൂന്നും ഇല്ലാത്തതുപോലെ തോന്ന;ുന്നു. അതുകൊണ്ട് ഞാൻ കളികളിൽ ഏർപ്പെടുന്നു. പിന്നെ, വിവാഹിതനോട് സംസാരിക്കുന്നത് അനുഗ്രഹീതമായൊരു ആശ്വാസമാണ്.

മി.ബോ. : അദ്ദേഹത്തിന് നിന്നോട് തോന്നുന്ന വിചാരമെന്താണ്?

ലിസി : എനിക്കറിയില്ല, ഞാനത് ശ്രദ്ധിക്കാറില്ല. എനിക്ക് ഇപ്പോൾ പോകാമോ ?

മി.ബോ : ഞാൻ ഇതുവരെ പൂർത്തിയാക്കിയില്ല... നിനക്കറിയാം മിസ്റ്റർ മക്‌ലിയോട്, ജോൺ മക്‌ലിയോട് ?

ലിസി : അദ്ദേഹത്തിന്റെ മൂന്ന് കൊച്ചുകുരങ്ങന്മാരെ എനിക്കറിയാം.

മി.ബോ. : അദ്ദേഹം അമ്മയില്ലാത്ത മൂന്നു ആൺകുട്ടികളെ വളർത്തി കൊണ്ടുവരാൻ ശ്രമിക്കുന്നു.

ലിസി : അത് എന്റെ കുഴപ്പം കൊണ്ടല്ല ! ഞാൻ പോകുന്നു.

മി.ബോ. : ലിസി!

ലിസി : എന്ത്യേ ?

മി.ബോ : മിസ്റ്റർ മക്‌ലിയോടിനോട് അടുത്ത ചൊവ്വാഴ്ച വരാൻ പറഞ്ഞിട്ടുണ്ട്.

ലിസി ; ഞാനന്ന് പുറത്തുപോയിട്ടുണ്ടാകും.

മി.ബോ. : ഇല്ല, നീ പോകില്ല

ലിസി : ഉവ്വ്, ഞാൻ പോകും.... ഇത് ആരുടെ ബുദ്ധിയിൽ ഉദിച്ചതാ ?

| | | |
|---|---|---|
| മി.ബോ. | : | ആരുടേയുമല്ല |
| ലിസി | : | അത് ഒരു നുണയാണ്. അവൾ എന്നെ ഒഴിവാക്കുവാൻ ആഗ്രഹിക്കുന്നു. |
| മി.ബോ. | : | നിനക്ക് ഏറ്റവും നല്ലതാണ് ഞാൻ ആഗ്രഹിക്കുന്നത്. |
| ലിസി | : | ഇല്ല, നിങ്ങൾ ആഗ്രഹിക്കുന്നില്ല. എന്തുകൊണ്ടാന്നാൽ എനിക്ക് എന്തുവേണമെന്ന് താങ്കൾ ശ്രദ്ധിക്കാറില്ല. |
| മി.ബോ. | : | നിനക്കറിയില്ല നിനക്കെന്ത് വേണമെന്ന് ? |
| ലിസി | : | പക്ഷെ താങ്കൾക്ക് എന്ത് വേണമെന്ന് എനിക്കറിയാം. ഒരു കർഷകന്റെ കലണ്ടറനുസരിച്ച് എന്റെ ജീവിതം നയിക്കുന്നത് കാണാനാണ് താങ്കൾ ആഗ്രഹിക്കുന്നത്. ക്രിസ്തുമസ് അത്താഴത്തിന് എല്ലാവരും ഉണ്ടായിരിക്കുന്നത്, എന്റെ ഭർത്താവിനേയും കാത്തിരിക്കുന്നത്, പിന്നെ പൊതുപാർട്ടികളിൽ വിളമ്പിക്കൊടുക്കുന്നത് ! |
| മി.ബോ. | : | അതാണ് നിന്റെ അമ്മയ്ക്കും ഇഷ്ടം. |
| ലിസി | : | അവൾ എന്റെ അമ്മയല്ല. |
| മി.ബോ. | : | ജോൺ മക്ലിയോട് ഒരു ഭാര്യക്കുവേണ്ടിയുള്ള അന്വേഷണ ത്തിലാണ്. |
| ലിസി | : | അല്ല, ദൈവത്തെയോർത്ത് പറയാതിരിക്കൂ... അദ്ദേഹം ഭാര്യയെയല്ല അന്വേഷിക്കുന്നത്. |
| മി.ബോ. | : | ലിസി! |
| ലിസി | : | അദ്ദേഹം ഒരു വീട്ടുസൂക്ഷിപ്പുകാരിയെയാണ് അന്വേഷിക്കുന്നത്, അത് ഞാനാകാൻ പോകുന്നില്ല. |
| മിബോ | : | നിന്റെ വായിൽ നിന്നും മോശമായതേ വരു..... ! |
| ലിസി | : | അതുകൊണ്ടാണോ താങ്കൾ എന്നെ വെറുക്കുന്നത് ? |
| മി.ബോ. | : | നീ പറയുന്നതിനൊന്നും അർത്ഥമില്ല. |
| ലിസി | : | ഞാൻ അനുഭവിക്കാത്ത കാര്യങ്ങൾ അഭിനയിക്കുന്ന തുകൊണ്ടാണ് അങ്ങനെ, താങ്കൾ എന്നെ ഇഷ്ടപ്പെടുമ്പോഴാണ് അത് ചെയ്യുന്നത്. |
| മി.ബോ | : | നീ വിഡ്ഢിത്തം സംസാരിക്കുന്നു. |
| ലിസി | : | ഞാൻ ഒരു കണ്ണാടിയായിരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. താങ്കൾ കാണാനാഗ്രഹിക്കുന്നത് പ്രതിഫലിപ്പിച്ചു കാണിക്കണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്. പക്ഷെ എല്ലാവരും എന്തെങ്കിലും വ്യത്യസ്തമായ കാര്യങ്ങൾ കാണാൻ ആഗ്രഹിക്കുന്നു. ആരും കണ്ണാടിയിൽ നോക്കുന്നില്ലെങ്കിൽ, |

ഞാനവിടെ ഉണ്ടായിരിക്കുക പോലുമില്ല, ഞാൻ നിലനിൽക്കുന്നില്ല.

മി. ബോ : ലിസി നീ വിഡ്ഢിത്തം സംസാരിക്കുന്നു.

ലിസി : അല്ല, അതു സത്യമല്ല.

മി.ബോ : മിസ്റ്റർ മക്ലിയോടിനെ സംബന്ധിച്ച്

ലിസി : നിനക്ക് എന്നെ വിവാഹം കഴിപ്പിക്കാൻ കഴിയില്ല.

മി.ബോ. : ലിസി, നിന്റെ ജീവിതത്തിലെ അവശേഷിക്കുന്ന വർഷങ്ങൾ ഈ വീട്ടിൽ ചെലവഴിക്കുവാൻ ആഗ്രഹിക്കുന്നോ ?

ലിസി : ഇല്ല... ഇല്ല. ഞാൻ വീടിന് പുറത്തുപോകാൻ ആഗ്രഹിക്കുന്നു. പക്ഷെ അതിനുവേണ്ടി ഞാൻ വിവാഹിതയാകാൻ ആഗ്രഹിക്കുന്നില്ല.

മിസ്സിസ്. ബോ : (അടുക്കളയിലേക്കുള്ള അവളുടെ മാർഗ്ഗമദ്ധ്യേ) നിന്നോടാരും വിവാഹം കഴിക്കാൻ പറയുന്നില്ല.

ലിസി : ഓ അവൾ പറയുന്നത് ശ്രദ്ധിക്കൂ- അപ്പോൾ ഞാൻ ഒരു വിധത്തിൽ തോറ്റവൾ ആയിരിക്കും, അപ്പോൾ, ങ്ഹേ ? താങ്കൾക്ക് മകൻ ഉണ്ടായതുമില്ല, മകളാകട്ടെ ഫലമില്ലാതായി. പപ്പയ്ക്ക് അത് എന്ത് തോന്നിക്കുന്നു?

മി.ബോ. : നീ ജോൺ മക്ലിയോടിനെക്കുറിച്ച് ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ലിസി : അവന്റെ കൂടെ നരകത്തിൽ പോയ് തുലയട്ടെ !!!

(മിസ്റ്റർ ബോർഡൺ പരാജിതനായി കാണപ്പെടുന്നു. ഒരു നിമിഷത്തിന് ശേഷം ലിസി അദ്ദേഹത്തിന്റെ അരികിലേക്ക് ചെല്ലുന്നു. അദ്ദേഹത്തിന്റെ കൈകൾ അവൾ എടുത്തു പിടിക്കുന്നു..... തലമുടി തഴുകുന്നു.)

ലിസി : പപ്പ ? പപ്പ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു, അങ്ങ് ആഗ്രഹിക്കുന്നത് ആകുവാൻ ഞാനാഗ്രഹിക്കുന്നു, ശരിക്കും ഞാൻ ശ്രമിക്കുന്നുണ്ട്, ഞാൻ ശ്രമിക്കുന്നു.... പക്ഷെ.... ഞാൻ വിവാഹിതയാകാൻ ആഗ്രഹിക്കുന്നില്ല. ഞാനൊരു നല്ല അമ്മ ആയിരിക്കില്ല, ഞാൻ-

മി.ബോ : നിനക്കത് എങ്ങനെയറിയാം?

ലിസി : എനിക്കത് അറിയാം... എനിക്ക് ഈ ചട്ടക്കൂടിന്റെ ഒക്കെ പുറത്തു ചാടണം.... ഞാൻ ഈ വീട് വെറുക്കുന്നു.... ഞാൻ വെറുക്കുന്നു. ഞാൻ വിചാരിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കാൻ ശ്രമിക്കുക... എനിക്കെന്തുകൊണ്ട് എന്തെങ്കിലും ചെയ്തുകൂടാ ? ങ്ഹേ ? ഞാൻ അർത്ഥമാക്കുന്നത് .... എനിക്ക് നിന്റെ

ഓഫീസിലേക്ക് പോകാൻ കഴിയും.... എനിക്ക് കഴിയും.... ബുക്കുകൾ എങ്ങനെ വയ്ക്കാമെന്ന് ....

മി.ബോ : ലിസി...

ലിസി : എനിക്കെന്തുകൊണ്ട് അങ്ങനെ എന്തെങ്കിലും ചെയ്തുകൂടാ ?

മി.ബോ : ദൈവത്തിനെയോർത്ത് വിവരത്തോടെ സംസാരിക്കൂ...

ലിസി : എങ്കിൽ ശരി, എന്ത്കൊണ്ട് നമുക്ക് ഒരു കുന്നിന്റെ മുകളിലെ വീട്ടിലേക്ക് പോയിക്കൂടാ, അവിടെ നാം പരസ്പരം ഇത്ര അടുത്തിരിക്കേണ്ടിവരില്ല.

മി.ബോ : (അടുക്കളയിൽ നിന്നും തിരിച്ചു വന്നുകൊണ്ട്) എന്തുകൊണ്ട് നിനക്ക് പോയിക്കൂടാ ?

ലിസി : എനിക്ക് പണം തരിക. ഞാൻ പോയ്ക്കൊള്ളാം.

മിസ്സിസ്.ബോ. : പണം.

ലിസി : എനിക്കാവശ്യത്തിനുള്ളതു തരിക അങ്ങനെയെങ്കിൽ ഒരിക്കലും എനിക്ക് തിരിച്ചു വരേണ്ടി വരില്ലല്ലോ !

മിസ്സിസ് ബോ : അവൾ പണത്തിനുവേണ്ടിയാണ് എല്ലായ്പ്പോഴും

ലിസി : നീ എന്നെ അങ്ങോട്ട് വലിച്ചിഴക്കുന്നതാണ്.

മിസ്സിസ്. ബോ : അവൾക്ക് കിറുക്കാണ്.

ലിസി : നീ എന്നെ അങ്ങോട്ട് എത്തിക്കുന്നതാണ്.

മിസ്സിസ് ബോ : അവളെ പൂട്ടിയിടണം.

ലിസി : (അടുക്കളയിലെ പ്ലേറ്റുകൾ തകർക്കുവാൻ തുടങ്ങുന്നു) അവിടെ! ദാ അവിടെ !

മി.ബോ : ലിസി!

മിസ്സിസ് ബോ : അവളെ തടയുക.

ലിസി : അവിടെ !

(മിസ്റ്റർ ബോർഡൻ അവളെ ശാന്തയാക്കാൻ ശ്രമിക്കുന്നു.)

മിസ്സിസ് ബോ : ആൻഡ്രൂ, ദൈവത്തെയോർത്ത്.....

ലിസി : എന്നെ പൂട്ടിയിടുക, എന്നെ ചങ്ങലയ്ക്കിടുക.

മി.ബോ : നിറുത്തൂ ! ലിസി!

(അവന്റെ ദേഹത്തേക്ക് കരഞ്ഞുകൊണ്ടവൾ കുഴഞ്ഞു വീഴുന്നു)

ലിസി : ഓ ! പപ്പ എനിക്കത് സഹിക്കാനാവില്ല

മി.ബോ : ഓ ! അത് സാരമില്ല, എല്ലാം നല്ലതിന്, എന്നെ നോക്ക്, ലിസി അത് സാരമില്ല.

| | | |
|---|---|---|
| മിസ്സിസ് ബോ. | : | അങ്ങേയ്ക്ക് മുട്ടുകാലിൽ നിൽക്കുന്നതായിരിക്കും കുറെ കൂടി നല്ലത്. |
| ലിസി | : | അവളെ നോക്കൂ.... അവൾക്കെന്നോട് അസൂയയാണ്. എപ്പോഴൊക്കെ പപ്പ എന്നോട് സ്നേഹം പ്രകടിപ്പിക്കുന്നുവോ അപ്പോഴൊന്നും അവർക്കത് സഹിക്കുന്നില്ല. |
| മി. ബോ | : | ദാ, അവിടെ! |
| മിസ്സിസ് ബോർഡൺ | : | അവളോട് ഡോ.പാട്രികിനെക്കുറിച്ച് ചോദിക്കൂ.... |
| മി.ബോ | : | ഞാനിത് എന്റെ രീതിയിൽ കൈകാര്യം ചെയ്തോളാം. |
| ലിസി | : | അദ്ദേഹം ഉല്ലസിപ്പിക്കുന്ന വ്യക്തിയാണ്. ഇവിടെ ചുറ്റും അങ്ങനെ വളരെക്കുറച്ചു പേരെ ഉള്ളൂ. |
| മിസ്സിസ് ബോ | : | ഫോൾ നദി പാരീസിൽ അല്ല, അത് നമുടെ ലിസിക്കൊരു നാണക്കേടല്ലേ? |
| ലിസി | : | മൂന്നു വർഷം മുമ്പുണ്ടായ ഒരു യാത്ര.... താങ്കൾ ഇപ്പോഴും അത് മുഷിപ്പുളവാകും വിധം ആവർത്തിച്ചുകൊണ്ടിരിക്കുന്നു, അത് ശരിയാണ് പപ്പ, ഒരു ആന ഒരിക്കലും മറക്കില്ല. |
| മി.ബോ | : | അൽപ്പം ബഹുമാനമൊക്കെ കാണിക്കുക. |
| ലിസി | : | അവളൊരു കൊഴുത്ത പശുവാണ്. ഞാൻ അവളെ വെറുക്കുന്നു. |
| | | (മിസ്റ്റർ ബോർഡൺ ലിസിയുടെ കരണത്തടിക്കുന്നു. സ്വന്തം നിയന്ത്രണം തിരിച്ചു വരും വരെ- ഒരു നിശ്ശബ്ദത) |
| മിസ്റ്റർ. ബോ | : | ഇപ്പോൾ.... നീ കാണുകതന്നെ ചെയ്യും. മിസ്റ്റർ മക്‌ലിയോടിനെ ചൊവ്വാഴ്ച രാത്രിയിൽ. |
| ലിസി | : | ഇല്ല |
| മി. ബോ | : | എന്തൊരും നാശം ! നീ ജോൺ മക്‌ലിയോടിനെ ചൊവ്വാഴ്ച രാത്രി കാണുമെന്നാണ് ഞാൻ പറഞ്ഞത്. |
| ലിസി | : | ഇല്ല |
| മി.ബോ | : | നാശം പിടിച്ച ജന്തു ! മുകളിലത്തെ നിന്റെ മുറിയിലേക്കെങ്ങാനും പോകൂ... |
| ലിസി | : | ഇല്ല |
| മി.ബോ | : | മുകളിലത്തെ നിലയിലെ നിന്റെ മുറിയിലേക്ക് പോകുവാനാണ് ഞാൻ പറഞ്ഞത് !! |
| ലിസി | : | ഞാൻ തയ്യാറായിക്കഴിയുമ്പോൾ പോയ്ക്കൊള്ളാം. |
| മി. ബോ | : | പോകാനാണ് ഞാൻ പറഞ്ഞത്. |

(അദ്ദേഹം അവളുടെ കരങ്ങൾ ശക്തിയായിപ്പിടിച്ച് നീക്കുവാൻ ശ്രമിക്കുന്നു, അവൾ അദ്ദേഹത്തിന്റെ കരങ്ങൾ തട്ടി മാറ്റുന്നു)

ലിസി : ഇല്ല.... പപ്പയ്ക്ക് മനസ്സിലാകാത്ത ചില കാര്യങ്ങൾ ഉണ്ട്. ഞാൻ ചെയ്യാൻ ആഗ്രഹിക്കാത്ത ഒരു കാര്യം എന്നെക്കൊണ്ട് അങ്ങേയ്ക്ക് ചെയ്യിക്കാനാവില്ല. ഞാൻ തുടർന്നു ചെയ്യാൻ ആഗ്രഹിക്കുന്നത് അപ്പപ്പോൾ അങ്ങ് ചെയ്യും- എല്ലായ്പ്പോഴും പോലെ.

മി.ബോ : (അവളെ തറയിലേക്ക് തള്ളിയിടുന്നു, മുറിയിൽ നിന്നും കൃത്യമായി പുറത്തേക്ക് വഴികാണാൻ. അദ്ദേഹം ഗോവണിയിൽ നിൽക്കുന്നു, അവളെ തിരിഞ്ഞു നോക്കുന്നു, തറയിലേക്ക്) ഞാൻ ആകുന്നു.... (അദ്ദേഹം പുറത്തേക്ക് പോകുന്നു.

മിസ്സിസ് ബോർഡൺ : (യാതൊരു ഉത്സാഹവുമില്ലാതെ)

നിനക്കറിയാമോ, ലിസി, നിന്നെ നിന്റെ പിതാവാണ് സംരക്ഷിക്കുന്നത്. നിനക്കറിയാമല്ലോ, അദ്ദേഹം നിനക്ക് തരുന്നതല്ലാതെ ഒന്നും നിനക്ക് കിട്ടാനില്ല. അത് ഒരു ജീവിതയാഥാർത്ഥ്യമാണ്. നീ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാനിരിക്കുന്നതേയുള്ളൂ. ഞാൻ അഭിമുഖീകരിച്ചതാ.

ലിസി : പിന്നെ പപ്പയെ വിവാഹം കഴിച്ചു.

മിസ്സിസ്. ബോ. : പിന്നെ നിന്റെ പിതാവിനെ വിവാഹം ചെയ്തു. നീ എനിക്ക് അത് ഒട്ടും എളുപ്പമാക്കിയില്ല. ഞാൻ ഒരു മനുഷ്യന്റെ കൂടെ രണ്ടുകുഞ്ഞുങ്ങളുമായി .... എമ്മ നിന്റെ അമ്മയായിരുന്നു.

ലിസി : നിങ്ങൾ വഴിമുട്ടിപ്പോയി, അതുകൊണ്ട് ഞാനും അങ്ങനെയാകണമെന്നാണോ ?

മിസ്സിസ് ബോ. : എന്താ ?

ലിസി : ഞാൻ ജോണി മക്‌ലിയോടിനെ വിവാഹം ചെയ്യേണ്ടതിന്റെ ആവശ്യകത എന്താണ്?

മിസ്സിസ് ബോ : എനിക്കറിയാം ഇപ്രാവശ്യം, അവസാനം നിന്റെ പപ്പ പറയുന്നത് നീ അനുസരിക്കും, നീ കണ്ടോളൂ.

ലിസി : ഞാൻ അനുസരിക്കില്ല. എനിക്കൊരു അവകാശമുണ്ട്. അതിൽ നിന്നെല്ലാം സ്വാതന്ത്ര്യം നൽകുന്ന അവകാശം.

മിസ്സിസ് ബോ : ഇല്ല, ലിസി. നിനക്ക് യാതൊരു അവകാശവുമില്ല.

ലിസി : എനിക്ക് മൂന്നിലൊന്നു സ്വത്തിന് അവകാശമുണ്ട്. കാരണം ഞാൻ അദ്ദേഹത്തിന്റെ ശരീരവും രക്തവുമാണ്.

മിസ്സിസ്. ബോ : നിനക്ക് മനസ്സിലാകാത്തത് എന്തെന്നാൽ നിന്റെ പിതാവ് ഇപ്പോഴും മരിച്ചിട്ടില്ല എന്നതാണ്. നിന്റെ പപ്പയ്ക്ക് തന്റെ മുന്നിൽ വളരെ

വർഷങ്ങൾ കിടക്കുന്നു. അദ്ദേഹത്തിന്റെ സമയം വരുമ്പോൾ, കൊള്ളാം, അപ്പോൾ നമുക്ക് നോക്കാം അദ്ദേഹത്തിന്റെ വിൽപ്പത്രത്തിൽ എന്ത് പറയുന്നുവെന്ന്... ലിസി നിന്റെ പിതാവ് ഒരു വിഡ്ഢിയല്ല, ഒരു വിഡ്ഢിമാത്രമേ നിനക്ക് പണം നൽകൂ... (അവൾ പുറത്തേക്ക് പോകുന്നു)

(ഒരു നിമിഷത്തിനുശേഷം, ബ്രിഡ്ജറ്റ് അടുക്കളയിൽ നിന്നും വരുന്നു)

ബ്രിഡ്ജറ്റ് : ഓ, ലിസി, ആ പ്രാവശ്യം നീ വിജയിച്ചു...

(അവൾ ലിസിയെ ആശ്വസിപ്പിക്കുന്നു.) നീ ചെയ്തു ശരി. ഒരു ആന ഒരിക്കലും മറക്കുകയില്ല.

ലിസി : ഓ ബ്രിഡ്ജറ്റ്

ബ്രിഡ്ജറ്റ് : വരു.... ഇപ്പോൾ

ലിസി : എനിക്ക് വയ്യ

ബ്രിജറ്റ് : തീർച്ചയായും നിനക്കു കഴിയും.... തീർച്ചയായും നിനക്കും കഴിയും. നിന്റെ കരച്ചിൽ അവസാനിപ്പിക്കുക.... എന്നിട്ട് വന്ന് ഇരിക്കുക... ഞാൻ നിന്നോട് ഒരു കഥ പറയട്ടെ ?

ലിസി : വേണ്ട

ബ്രിജറ്റ് : തീർച്ചയായും, ഒരു കഥ. ഞാനൊരു കഥ പറയാം. അടുത്തു വരൂ... ഇപ്പോൾ. ഞാൻ ഇവിടെ ജോലിക്കു വരുന്നതിന് മുമ്പ് ഒരു കുന്നിൻ മുകളിലാണ് ജോലി ചെയ്തത്.... അവിടുത്തെ വീട്ടിലെ സ്ത്രീ.... നീ ശ്രദ്ധിക്കുന്നുണ്ടോ ? കൊള്ളാം. അവൾക്ക് അരിവെപ്പുകാരിയെ ഇഷ്ടമായി. അവളെക്കൊണ്ട് സത്യം ചെയ്ത, സൃഷ്ടികർമ്മത്തിന്റെ ഏറ്റവും നല്ല ഭക്ഷണ പാചകക്കാരി.... എല്ലായ്പ്പോഴും തലകുനിച്ച്, പരിചയം നടിച്ച്, പുഞ്ചിരിച്ച്, തന്റെ ദിവസം തന്നെ ഉപേക്ഷിച്ച്, ആളുകൾ വരികയാണെങ്കിൽ. അവളുടെ പേര് മേരി. ഇവിടെ ശ്രദ്ധിക്കൂ..... നിനക്കറിയാമോ മേരി എന്തുചെയ്യുകയായിരുന്നെന്ന് (ലിസി തല കുലുക്കുന്നു) ഭക്ഷണ പാനീയങ്ങൾ വിളമ്പുന്നതിന് മുമ്പ് മേരി സൂപ്പിൽ തുപ്പൽ ചേർക്കുമായിരുന്നു.

ലിസി : എന്ത് ?

ബ്രിഡ്ജറ്റ് : അവൾ സൂപ്പിൽ തുപ്പുമായിരുന്നു. ! അത് വിളമ്പിക്കഴിയുമ്പോൾ അവൾ ചിരിക്കുമായിരുന്നു.

ലിസി : ഇല്ല

ബ്രിഡ്ജറ്റ് : ഉവ്വ്. ഓംലൈറ്റിന് വേണ്ടി മുടിമുറിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ലിസി : നീ നുണ പറയുകയാണ്.

| | | |
|---|---|---|
| ബ്രിജറ്റ് | : | എന്റെ ഹൃദയം തൊട്ടുപറയുന്നു- അവർ വിചാരിച്ചു അത് കുരുമുളക് ആണെന്ന്. |
| ലിസി | : | ഓ, ബ്രിജറ്റ്! |
| ബ്രിജറ്റ് | : | ആട്ടിറച്ചികൊണ്ടുള്ള സ്റ്റൂ, കേടായതുപോലും കറിവെച്ച് വേവിച്ച് എടുക്കുന്നത് ഞാൻ എന്റെ രണ്ടു കണ്ണുകൾകൊണ്ട് കണ്ടിട്ടുണ്ട്. |
| ലിസ | : | ഭ്രാന്ത് പിടിച്ചോ ? |
| ബ്രിജറ്റ് | : | ഓ, എന്നിട്ട് അവർ അത് ഭക്ഷിച്ചു, അവസാനം വരെ കഴിച്ചു. അടുത്ത ദിവസം അവർക്ക് വയറിന് അസുഖം ബാധിച്ചു- അങ്ങനെയാണ് ആ പാചകക്കാരി ആ അസുഖത്തെ വിളിച്ചത്. യേശുവിനെ ഓർത്തിട്ടാണ് ലിസി, അവരുടെ ഭക്ഷണത്തിൽ എന്താണ് വിളമ്പിയതെന്ന് പറയാൻ എനിക്ക് ധൈര്യമില്ല. നിനക്ക് അസുഖം പിടിപെട്ടേക്കാം എന്ന് ഭയമുള്ളതുകൊണ്ട്. |
| ലിസി | : | അത് തമാശയാണല്ലോ- (ഒരു യാഥാർത്ഥ്യം, ലിസി കേട്ടിട്ട് രസിച്ച ഭാവമില്ല) |
| ബ്രിജറ്റ് | : | (പാത്രങ്ങൾ കഴുകുവാൻ തുടങ്ങുന്നു. ശരി, ഞാൻ പറയുന്നു, ഞാൻ ആ പാചകക്കാരിയുടെ നല്ല വശങ്ങൾ മാത്രം പകർത്തി.<br>(ലിസി ഒരു നിമിഷത്തേയ്ക്ക് അവളെ നോക്കുന്നു.) |
| ലിസി | : | നിനക്ക് .... എന്നെ ഇഷ്ടമാണോ ? |
| ബ്രിജറ്റ് | : | തീർച്ചയായും ഞാൻ സ്നേഹിക്കുന്നു.... നീ ആ പാചകക്കാരിയെപ്പോലെ ആയിരിക്കാൻ ശ്രമിക്കണം. ലിസി ചിരിച്ചുകൊണ്ട് അവരുടെ കൂടെ കൂടണം. നിനക്കത് ചെയ്യാനാകും. |
| ലിസി | : | അത് .... ശരിയല്ല.... ഞാൻ അങ്ങനെ ചെയ്യുന്നത്. |
| ബ്രിജറ്റ് | : | ഈ ലോകത്തിൽ ശരിയായിട്ട് ഒന്നുമില്ല |
| ലിസി | : | കൊള്ളാം.... കൊള്ളാം, ഞാൻ ആഗ്രഹിക്കുന്നില്ല. |
| ബ്രിജറ്റ് | : | നീ സ്വപ്നം കാണുകയാണ്, ലിസി, നീ സ്വപ്നങ്ങൾ നെയ്യുകയാണ്. പ്രവർത്തിക്കൂ... ബുദ്ധി ഉപയോഗിക്കൂ... നിനക്കെന്തു ചെയ്യാനാകും ? |
| ലിസി | : | എനിക്ക് കഴിയും. |
| മിസ.ലിസി/ബ്രിജറ്റ് | : | കഴിയില്ല. |
| ലിസി | : | എനിക്ക് കഴിയും. |
| മി.ലിസി.ബ്രിജറ്റ് | : | കഴിയില്ല. |
| ലിസി | : | എനിക്ക് കഴിയും. |

| | | |
|---|---|---|
| മി.ലിസി/ബ്രിജറ്റ് | : | കഴിയില്ല. |
| ലിസി | : | ഞാൻ.... സ്വപ്നം കാണുന്നു... |
| മിസ്.ലിസി. ബ്രിജറ്റ് | : | നീ സ്വപ്നം കാണുന്നു, പ്രകാശഗോളങ്ങളെക്കുറിച്ച് ... നീ ഒരു പ്രകാശം കാണുന്നു.... തെളിയുകയും കെടുകയും ചെയ്യുന്ന പ്രകാശ ഗോളങ്ങൾ നീ കാണുന്നു.... നിന്നെത്തന്നെ നീ കറൗസൽ കുതിരയിൽ കാണുന്നു, ചുവപ്പു ചായമടിച്ച കുതിര, വായുവിൽ തലയുർത്തിക്കൊണ്ട് പച്ചനിറത്തിലുള്ള തുറിച്ചുനോക്കുന്ന കണ്ണുകൾ, വെള്ള നിറത്തിലുള്ള നീണ്ട സട, അത് വളരെ വന്യമായി കാണപ്പെടുന്നു. അത് മുകളിലേക്കും താഴേക്കും ചലിക്കുന്നു, കറൗസൽ, വട്ടം കറങ്ങുന്നു. സംഗീതത്തിനും പ്രകാശത്തിനുമൊപ്പം വരികയും പോകുകയും ചെയ്യുന്നു. നീ നോക്കൂ.... നിന്നെത്തന്നെ കുതിരപ്പുറത്ത് കാണുക. നീ ഒരു മുഖം മൂടിധരിച്ചിരിക്കുന്നു.... ഒരു വെളുത്ത മുഖമൂടി കുതിരയുടെ വെളുത്ത സടപോലുള്ളത്, അത് കടുപ്പമുള്ളതും, വെളുത്തതുമാണെന്നതൊഴിച്ചാൽ, അത് നിന്റെ മുഖം പോലെയിരിക്കുന്നു.... അത് മാറിക്കൊണ്ടിരിക്കുന്നു. ഓരോ പ്രകാശത്തിന്റെയും മിന്നലാട്ടത്തിനൊപ്പം, മുഖത്തെ ഭാവങ്ങളും, മാറുന്നു. പക്ഷെ എല്ലായ്പ്പോഴും കടുപ്പമുള്ളതും ഉറപ്പുള്ളതും, നീ ഓടിക്കുന്ന ചുവന്ന കുതിരയുടെ മാംസളമായ ശരീരം പോലെ നീ കൈകൾ ഉപയോഗിക്കാതെയാണ് ഓടിക്കുന്നത്. കല്ലുപോലുറച്ച കുതിരപ്പുറത്ത് കൈപിടിക്കാതെ അതിന്റെ തലകൾ വായുവിൽ പറക്കുന്നു. തുറിച്ച കണ്ണുകൾ, ക്രൂരരായ പട്ടികൾ ചവുട്ടിമെതിച്ച പ്രാവിന്റെ കണ്ണുകൾ പോലെ..... |
| മി.ഹാരി | : | ലിസി എല്ലായ്പ്പോഴും ആ പക്ഷികളുടെ കൂടിനടുത്ത് തന്നെയാണ്. അവൾക്ക് പക്ഷികളെ പെരുത്ത് ഇഷ്ടമാണ്. മനുഷ്യരെ മാത്രമാണ് അവൾക്ക് ഇഷ്ടമില്ലാത്തത്. |
| മി.ബോർഡൻ | : | ഓ.. നാശം പിടിച്ച ആ പക്ഷികൾ... ഞാൻ ഒന്നിനേയും വച്ചേയ്ക്കില്ല. ഒരൊറ്റ പക്ഷിക്കുഞ്ഞുപോലും അവശേഷിക്കാൻ ഞാൻ സമ്മതിക്കില്ല. (മി. ബോർഡൻ കൈക്കോടാലിയുമെടുത്ത് പക്ഷികളെ കൊല്ലാനായി പുറത്തേക്ക് പോകുന്നു.) |
| മി.ലിസി | : | പപ്പാ... പ്ലീസ് പപ്പാ... എന്റെ പക്ഷികളെ കൊല്ലരുത്. ഞാൻ അവയെ അത്രയ്ക്ക് സ്നേഹിക്കുന്നു. |
| മി. ബോർഡൻ | : | വച്ചേയ്ക്കില്ല ഞാൻ അവറ്റകളെ! (ലിസി മി. ബോർഡനെ തടഞ്ഞുനിർത്താൻ ഒരു വിഫലശ്രമം നടത്തുന്നു.) |
| | | മി. ബോർഡനും ഹാരിയും ഒരുമിച്ച് അപ്രത്യക്ഷരാകുന്നു. ബ്രിജറ്റ് രംഗം വീക്ഷിക്കുന്നു. |
| ലിസി | : | വേണ്ടാ പപ്പാ... വേണ്ടാ...<br>ഞാൻ അവയെ സ്നേഹിച്ചിരുന്നു. (രംഗം ഇരുളുന്നു.) |

ഭാഗം രണ്ട്

ഊട്ടുമുറിയിലെ തീൻമേശയിൽ ഇരിക്കുന്ന ദി ആക്ട്രസ്/ലിസിയുടെ മേൽ പ്രകാശം പതിക്കുന്നു. അവൾ തീർത്തും നിശ്ചലയായി കൈകൾ ചേർത്തുപിടിച്ച് മടിയിൽ വച്ച് ഇരുന്നനിലയിൽ. മി.സ് ലിസി /ബ്രിജറ്റും അവൾക്കരികിൽ നിശ്ചലയായി ഇരിക്കുന്നുണ്ട്. ( നിശബ്ദത)

നടി / ലിസി : (വളരെ പതുക്കെ) എന്നോട് സംസാരിക്കൂ.

മിസി. ലിസി./ബ്രിഡ്ജറ്റ് : ഞാൻ ഓർക്കുന്നു...

ആക്ട്രസ്/ലിസി : (വളരെ പതുക്കെ) അല്ല.

മിസ്. ലിസി/ബ്രിഡ്ജറ്റ് : കൃഷി സ്ഥലത്ത്, പപ്പയുടെ കൃഷി സ്ഥലത്ത്, ഹാരിയുടെ കൃഷി സ്ഥലത്ത്, ഞാൻ കുഞ്ഞായിരിക്കുമ്പോൾ ചിന്തിച്ചു അത് എന്റേതാണെന്ന്. എന്നിട്ട് ഞാൻ ആ കൃഷിസ്ഥലത്തെ സ്നേഹിച്ചു. ഞങ്ങൾക്ക് കുറെ പട്ടിക്കുട്ടികൾ ഉണ്ടായിരുന്നു, കൃഷിസ്ഥലത്തെ തള്ളപ്പട്ടിക്ക് കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു, തവിട്ട് നിറത്തിലുള്ള മിനുമിനുത്ത പട്ടിക്കുഞ്ഞുങ്ങൾ- തവിട്ട് നിറത്തിലുള്ള കൺ.... ("കണ്ണുകൾ" എന്ന പദം അവൾ മുഴുവനായി പറയുന്നില്ല) കൂട്ടത്തിലൊരു പട്ടിക്കുഞ്ഞിന് അസുഖം ബാധിച്ചു. എനിക്കറിയില്ലായിരുന്നു. അതിന് അസുഖമായിരുന്നെന്ന്, അത് മറ്റുള്ളവയെപ്പോലെ തന്നെ തോന്നിച്ചു, പക്ഷെ തള്ളപ്പട്ടിക്ക്, അത് അറിയാമായിരുന്നു ആ പട്ടിക്കുഞ്ഞ് പെട്ടിയുടെ പിന്നിൽപോയി കിടക്കും. തള്ളപ്പട്ടിയാകട്ടെ മറ്റുകുഞ്ഞുങ്ങളെ ശുശ്രൂഷിച്ച് പെട്ടിയുടെ മുന്നിലും കിടക്കും. സുഖമില്ലാത്ത പട്ടിക്കുഞ്ഞിനെ മറ്റുള്ളവരെല്ലാം പാടെ അവഗണിച്ചു. അവരെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു പട്ടിക്കുഞ്ഞ് ജീവിച്ചിരുന്നില്ല. എനിക്ക് തോന്നി ഉള്ളിന്റെ ഉള്ളിൽ ആ കുഞ്ഞ് വ്യത്യസ്തമായിരുന്നുവെന്ന്. പക്ഷേ തള്ളയ്ക്ക് തോന്നി അത് ഒരു രോഗമാണെന്ന് . കാലം കുറച്ച് കഴിഞ്ഞപ്പോൾ... ആർക്കും പറയാൻ കഴിയുമായിരുന്നു, അതിന് അസുഖമാണെന്ന്. അതിന് കഴിക്കുവാൻ ഒന്നും ഉണ്ടായിരുന്നില്ല !... പപ്പയാകട്ടെ അതിനെ കൊണ്ടുപോയി മുക്കിക്കൊന്നു കളഞ്ഞു. കാര്യങ്ങൾ വ്യത്യസ്തമായാൽ ഇങ്ങനെയാണ് ഓരോ കൃഷിയിടത്തും സംഭവിക്കുന്നത്.

ആക്ട്രസ്/ ലിസി : ഞാൻ വ്യത്യസ്തയാണോ ?

മിസ്. ലിസി/ ബ്രിഡ്ജറ്റ് : നീ അവയെ കൊല്ല്.

(നടി/ ലിസി. നോക്കുന്നു- മിസ് ലിസി/ ബ്രിഡ്ജറ്റിനെ. മിസ് ലിസി/ബ്രിഡ്ജറ്റ് ഗോവണിപ്പടികൾക്ക് മുകളിലേക്ക്

നോക്കുന്നു. ബ്രിഡ്ജറ്റ് എഴുന്നേറ്റ് അടുക്കളയിലേക്ക് പോകുന്നു. ഗോവണിയ്ക്ക് മുകളിൽ എമ്മ പ്രത്യക്ഷയാകുന്നു. അവൾ യാത്രയ്ക്ക് ഒരുങ്ങിയതുപോലെ, കൈയിൽ ഒരു ചെറിയ സ ട്ട്കേയ്സും കൈയുറകളും തൂക്കിയിട്ടിട്ടുണ്ട്. മേശയ്ക്ക് അരികെ അപ്പോഴും നിശ്ചലയായി ഇരിക്കുന്ന ലിസിയെ അവൾ തുറിച്ചു നോക്കുന്നു. കുറെ നിമിഷങ്ങൾക്ക് ശേഷം ലിസി ആ നോട്ടത്തെക്കുറിച്ച് ബോധവതിയാകുന്നു, എന്നിട്ട് എമ്മയെ നോക്കുന്നതിനായി തിരിയുന്നു. എമ്മ അപ്പോൾ ഗോവണിപ്പടികൾ ഇറങ്ങുന്നു. അവൾ തന്റെ സ്യൂട്ട്കേയ്സ് താഴെ വയ്ക്കുന്നു. ലിസിയെ കണ്ടതിൽ അവൾക്ക് വലിയ സന്തോഷമില്ല; ലിസി ഉണരും മുമ്പേ പുറപ്പെടാനാകുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്നു, എന്തായാലും അവൾ അത്യധികം ഉത്സാഹത്തോടെ ആരംഭിക്കുന്നു. അവളുടെ പുറപ്പാടിന്റെ വരുംവരായ്കകൾ മറച്ചു വയ്ക്കുന്നതിന് വേണ്ടി)

എമ്മ : കൊള്ളാം! നീ നേരത്തേ ഉണർന്നിരിക്കുന്നു.... ബ്രിജറ്റ് താഴെയുണ്ടോ ? ... നീ കാപ്പി അടുപ്പത്ത് വച്ചോ ? (അവൾ കൈയുറകൾ മേശപ്പുറത്ത് വയ്ക്കുന്നു) എന്റെ ഈശ്വരാ! ലിസി, നിന്റെ നാക്ക് പൂച്ച പിടിച്ചോ ? (അവൾ അടുക്കളയിലേക്ക് പോകുന്നു. ലിസി കൈയുറകൾ എടുക്കുന്നു. എമ്മ തിരികെ വരുന്നു) ബ്രിജറ്റ് താഴെയുണ്ട്, അവൾ അടുക്കളയിലാണ്... കൊള്ളാം ... ഇന്ന് ഒരു ചുടുപൊള്ളുന്ന പകലായിരിക്കും. അല്ലേ ?

ലിസി : എന്തിനാണീ സ്യൂട്ട്കെയ്സ് ?

എമ്മ : ഞാൻ.... തീരുമാനിച്ചു ഒരു ചെറിയ യാത്രയ്ക്ക് പോകാമെന്ന്, ഒന്നോ രണ്ടോ ദിവസത്തേക്ക്, ചൂടിൽ നിന്നും മാറി നിൽക്കാം.... ബീച്ചിലൊരു സ്ഥലം പെൺകുട്ടികൾ വാടകയ്ക്ക് തന്നിട്ടുണ്ട്, ഞാൻ വിചാരിച്ചു....... കാലാവസ്ഥയും മറ്റും ഇങ്ങനെയായതുകൊണ്ട് ....

ലിസി : നിനക്കത് എങ്ങനെ ചെയ്യാൻ കഴിയും ?

എമ്മ : എന്ത് ചെയ്യാൻ ?...... എന്തായാലും, ഞാൻ ആലോചിച്ചു... എനിക്കവർക്കൊപ്പം കുറച്ചു ദിവസം നിൽക്കാൻ കഴിയും.... നിനക്കെന്തേ എന്റെ കൂടെ വന്നു കൂടാ ?

ലിസി : ഇല്ല

എമ്മ : കുറച്ചു ദിവസത്തേക്കു മാത്രം എന്റെ കൂടെ വരൂ.

ലിസി : ഇല്ല

എമ്മ : നിനക്കറിയാം.... നിനക്ക് ആ ജലപ്പരപ്പ് ഇഷ്ടമാണെന്ന്.

ലിസി : ഇല്ലന്ന് ഞാൻ പറഞ്ഞില്ലേ !

എമ്മ : ഓ... ലിസി (നിശ്ശബ്ദത)

ലിസി : നിനക്കെങ്ങനെ, എന്നെ ഇങ്ങനെ ഉപേക്ഷിച്ചു പോകാൻ കഴിയുന്നു.

എമ്മ : ഞാൻ നിന്നോട് എന്റെയൊപ്പം വരാൻ പറഞ്ഞതല്ലെ ?

ലിസി : നിനക്കറിയാമല്ലൊ എനിക്കത് ചെയ്യാനാവില്ലെന്ന്.

എമ്മ : എന്തുകൊണ്ട് ?

ലിസി : ചിലർ, ചില കാര്യങ്ങളൊക്കെ ചെയ്യേണ്ടതായുണ്ട്, നീ കാര്യങ്ങളിൽ നിന്നും ഓടിയൊളിക്കുകയാണ്. (നിശ്ശബ്ദത)

എമ്മ : .....ലിസി.... എനിക്ക് സങ്കടമുണ്ട് ആ കാര്യത്തിൽ (പക്ഷികളെക്കുറിച്ച്)

ലിസി : വേണ്ട.

എമ്മ : പപ്പക്ക് ദേഷ്യമായിരുന്നു.

ലിസി : എനിക്ക് അതെക്കുറിച്ച് സംസാരിക്കേണ്ട.

എമ്മ : അദ്ദേഹത്തിനിപ്പോൾ വിഷമം ഉണ്ട്.

ലിസി : ആരും എന്നെ ശ്രദ്ധിക്കുന്നില്ല, ഞാൻ പറയുന്നത് നീ കേൾക്കുന്നുണ്ടോ? എനിക്ക് അതെക്കുറിച്ച് സംസാരിക്കേണ്ട. അതെക്കുറിച്ച് സംസാരിക്കുന്നത് നിർത്തൂ!!

(ബ്രിജറ്റ് കാപ്പിയുമായി കടന്നു വരുന്നു)

എമ്മ : നന്ദി, ബ്രിജറ്റ്

(ബ്രിജറ്റ് പിൻവാങ്ങുന്നു)

എമ്മ : കൊള്ളാം... ഈ പ്രഭാതത്തിൽ തീർച്ചയായും എനിക്ക് ഇത് ആവാം... നിന്റെ കാപ്പി അതാ അവിടെ.

ലിസി : എനിക്കത് ആവശ്യമില്ല.

എമ്മ : നീ ആ കൈയുറകൾ നശിപ്പിക്കാൻ പോകുകയാണ്.

ലിസി : എനിക്കതു പ്രശ്നമല്ല.

എമ്മ : അത് നിന്റേത് അല്ലാത്തതുകൊണ്ട്. (ലിസി മേശപ്പുറത്തേയ്ക്ക് കൈയുറകൾ വലിച്ചെറിയുന്നു. നിശ്ശബ്ദത.... എന്നിട്ട് എമ്മ അതു എടുത്ത് ചുളിവുകൾ നിവർത്തി മിനുസമുള്ളതാക്കുന്നു).

ലിസി : നീ എന്തിന് എന്നെ വിട്ട് പോകുന്നു ?

| | | |
|---|---|---|
| എമ്മ | : | എനിക്ക് ആ പെൺകുട്ടികൾക്കൊപ്പം ഒരു യാത്ര പോകാൻ തോന്നുന്നു. അതിൽ എന്തെങ്കിലും തെറ്റുണ്ടോ ? |
| ലിസി | : | ഈ അവസ്ഥയിൽ നിനക്ക് എങ്ങനെ പോകാൻ കഴിയും ? |
| എമ്മ | : | എനിക്കറിയില്ല, നീയെന്താണ് ഉദ്ദേശിക്കുന്നതെന്ന് ? |
| ലിസി | : | ഞാൻ കേട്ടു; ഇന്നലെ അവർ പറയുന്നത് ഞാൻ കേട്ടു. അവരെന്താണ് പറയുന്നതെന്ന് നിനക്കറിയാമോ ? |
| എമ്മ | : | എനിക്ക് എങ്ങനെ അറിയാം ? |
| ലിസി | : | "എനിക്ക് എങ്ങനെ അറിയാം"? നീയെന്താണാർത്ഥമാക്കുന്നത് ? നിനക്ക് അറിയുമോ? |
| എമ്മ | : | ഇല്ല, ലിസി, ഞാൻ അറിഞ്ഞില്ല. |
| ലിസി | : | അറിഞ്ഞില്ല - എന്ത് അറിഞ്ഞില്ല ? |
| എമ്മ | : | അറിയാം |
| ലിസി | : | പക്ഷെ ഇപ്പോൾ നിനക്ക് അറിയാം. ഇപ്പോൾ നിനക്ക് എങ്ങനെ അറിയാം ? |
| എമ്മ | : | ഞാൻ രണ്ടും കൽപ്പിച്ച് തീരുമാനിച്ചു... പെൺകുട്ടികളുടെ കൂടെ ഒരു യാത്ര! |
| ലിസി | : | എമ്മ, ദയവായി! |
| എമ്മ | : | എന്തൊരുഷ്ണമാണ്. |
| ലിസി | : | എനിക്ക് വേണം നിന്നെ, പോകരുത്. |
| എമ്മ | : | ഈ യാത്രയെക്കുറിച്ച് ഞാൻ സംസാരിച്ചിരുന്നതല്ലേ? |
| ലിസി | : | അത് നുണയാണ്. |
| എമ്മ | : | അവർ എന്നെ പ്രതീക്ഷിച്ചിരിക്കുന്നു. |
| ലിസി | : | നീ എന്നോട് നുണ പറയുകയാണ്. |
| എമ്മ | : | ഞാൻ പെൺകുട്ടികളുടെ അടുത്തേക്ക് പോകുന്നു. വേണമെങ്കിൽ നിനക്കും വരാം. നിനക്ക് അവിടെ താമസിക്കാം. ഈ യാത്ര ഞാൻ നേരത്തെ തീരുമാനിച്ചതാണ്. ഞാൻ പോകുന്നു. |
| ലിസി | : | നുണ പറയുന്നത് നിറുത്തുക. |
| എമ്മ | : | ഈ വീട്ടിലെ ലഹള ഒഴിവാക്കുന്നതിന് വേണ്ടി ഒരു കല്ലുവെച്ച നുണ പറയേണ്ടത് ആവശ്യമെങ്കിൽ ഞാനത് ചെയ്യും. മറ്റുള്ളവർ ഇത് വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്നു. |
| ലിസി | : | ഒന്നും നീ മനസ്സിലാക്കുന്നില്ല. നീ ഒന്നും മനസ്സിലാക്കുന്നില്ല. |

| | | |
|---|---|---|
| എമ്മ | : | ഞാൻ ആവശ്യത്തിന് മനസ്സിലാക്കുന്നു. |
| ലിസി | : | നീ മനസ്സിലാക്കുന്നില്ല; നിനക്ക് ഞാൻ പറഞ്ഞുതരാം. ശ്രദ്ധയോടെ കേൾക്കൂ. കേൾക്കുക... ഹാരിക്ക് കൃഷിസ്ഥലം സ്വന്തമായി കിട്ടാൻ പോകുന്നു. നിനക്കത് മനസ്സിലാകുന്നോ ?<br><br>ഹാരി ഇവിടെയുണ്ട്. അയാൾ കൃഷിസ്ഥലത്തു പോകുകയാണ്. അവിടെ താമസിക്കാൻ പോകുകയാണ്. ആ കൃഷിസ്ഥലത്ത് നമ്മുടെ കൃഷിസ്ഥലം. നിനക്കതു മനസ്സിലാകുന്നോ ? നിനക്കത് മനസ്സിലാകുന്നുണ്ടോ ? |
| എമ്മ | : | ഉണ്ട്. |
| ലിസി | : | ഹാരി കൃഷിസ്ഥലത്ത് താമസമുറപ്പിക്കുന്നു. അതാണ് ആദ്യകാര്യം..... അല്ല.... അല്ല, അതല്ല .... ആദ്യകാര്യം... മിൽഹൗസ് ആണ്. അതാണ് ആദ്യകാര്യം ! പിന്നീട് ഇപ്പോൾ കൃഷിസ്ഥലവും, നോക്കൂ ഒരു പ്രത്യേകരീതിയുണ്ട് ഇതിനൊക്കെ. എമ്മ, നിനക്കതു കാണാനാകും, കഴിയുന്നില്ലെ? |
| എമ്മ | : | എനിക്ക് കാണാൻ കഴിയുന്നില്ല. |
| ലിസി | : | നിനക്ക് കാണാൻ കഴിയും ! ആദ്യം മിൽഹൗസ്, പിന്നീട് കൃഷിസ്ഥലം, പിന്നെ അടുത്തത് കൃഷിസ്ഥലത്തിനു വേണ്ടിയുള്ള മുദ്ര കടലാസുകളാണ്. നിനക്കറിയുമോ എന്താണ് അദ്ദേഹം ചെയ്യുന്നതെന്ന്, എന്താണ് പപ്പ ചെയ്യുന്നതെന്ന് ? അദ്ദേഹം കൃഷിസ്ഥലം അവൾക്ക് ഒപ്പിട്ട് കൊടുക്കുകയാണ്. അത് ഒരിക്കലും നമ്മളുടേതാകുകയില്ല. ഒരിക്കലും നമുക്കത് സ്വന്തമാക്കാനാവില്ല, ഒരിക്കലും... ജന്മവകാശമായി അത് നമ്മളുടേതാണ്, നിനക്കത് മനസ്സിലാകുന്നില്ലേ ? |
| എമ്മ | : | കൃഷിസ്ഥലം- അതെ, എനിക്ക് വളരെ വിലപ്പെട്ടതായിരുന്നു എല്ലാം. |
| ലിസി | : | എന്നിട്ട്, നീ അതിനുവേണ്ടി എന്ത് ചെയ്യുന്നു ? നിനക്ക് ഇപ്പോൾ എന്നെ ഉപേക്ഷിച്ച് പോകാനാവില്ല... പക്ഷെ അതു മാത്രമല്ല. പപ്പ ഒരു ഒസ്യത് തയ്യാറാക്കാൻ പോകുന്നു, നിനക്കിതിന്റെ പ്രത്യേകരീതി കാണാൻ കഴിയും, കഴിയുന്നില്ലെ ? ഈ രീതി തുടർന്നാൽ നിനക്ക് എന്തുതോന്നുന്നു ഒസ്യത്തിന്റെ ഉളളടക്കം എന്തായി രിക്കുമെന്ന്. നിനക്ക് എന്തുതോന്നുന്നു. എന്നോട് പറയൂ, നിന്റെ മറുപടി ! |

| | | |
|---|---|---|
| എമ്മ | : | എനിക്കറിയില്ല. |
| ലിസി | : | അത് പറയൂ. |
| എമ്മ | : | നാം സംരക്ഷിക്കപ്പെടുന്നെന്ന് അദ്ദേഹം ഉറപ്പു വരുത്തും. |
| ലിസി | : | എനിക്ക് ആരുടേയും സംരക്ഷണം വേണ്ട ! നിനക്ക് എന്ത് പറ്റി! ശേഷിക്കുന്ന നിന്റെ ജീവിതം ആ പശുവിന്റെയൊപ്പം-അതിന്റെ മൂളക്കവും കേട്ട് ചെലവഴിക്കാനാണോ നീ ആഗ്രഹിക്കുന്നത്? അതാണ് നീ ചെയ്യാൻ പോകുന്നതെന്ന് അവർ കരുതുന്നു. പപ്പ ഓരോ മാസത്തേക്കും ഒരു തുക നിനക്കായ് നീക്കിവയ്ക്കും, എനിക്കായി നീക്കിവയ്ക്കും പോലെ, നമുക്ക് ഒരുമിച്ച് ജീവിക്കാൻ വേണ്ടിടത്തോളം മാത്രം തുക. കടലാസിൽ നാം കോടികൾ വിലയുള്ളവരായിരിക്കും, ഈ വീട്ടിൽ നാം കൊട്ടിയടയ്ക്കപ്പെടും. കാലം കഴിയുമ്പോൾ പപ്പ മരിക്കും ഹാരി രംഗപ്രവേശം ചെയ്യും; നീ ആ പശുവിന്റെ വാക്കു കാത്തു നിൽക്കും. അവൾ കൂടുതൽ കൂടുതൽ തടിച്ച് കൊഴുത്തുവരും, ഞാൻ - എന്റെ മുറിയിൽ ഇരിക്കും. |
| എമ്മ | : | ലിസി |
| ലിസി | : | നാം എന്തെങ്കിലും ചെയ്തേ പറ്റൂ, നിനക്കതറിയാം. നാം എന്തെങ്കിലും ചെയ്തേ പറ്റൂ. |
| എമ്മ | : | നമുക്ക് ചെയ്യാവുന്നതായി ഒന്നുമില്ല. |
| ലിസി | : | അത് പറയരുത്! |
| എമ്മ | : | ശരി, എങ്കിൽ, നമുക്ക് എന്ത് ചെയ്യാൻ കഴിയും ? |
| ലിസി | : | ഞാൻ... ഞാൻ... എനിക്കറിയില്ല. പക്ഷെ നാമെന്തെങ്കിലും ചെയ്തേ പറ്റൂ. നീ എന്നെ സഹായിക്കണം. നിനക്ക് എന്നെ തനിച്ചാക്കിയിട്ട് പോകാൻ കഴിയില്ല, നിനക്കത് ചെയ്യാൻ കഴിയില്ല. |
| എമ്മ | : | പിന്നെ- |
| ലിസി | : | ഞാനെന്താണ് ആലോചിച്ചതെന്ന് നിനക്കറിയുമോ ? ഞാൻ വിചാരിച്ചു നിനക്ക് അദ്ദേഹത്തോട് സംസാരിക്കാനാകും എന്ന്. ശരിക്കും സംസാരിക്കുമെന്ന്, അദ്ദേഹത്തെ മനസ്സിലാക്കിപ്പിക്കുമെന്ന്, നമ്മൾ മനുഷ്യരാണെന്ന്. വ്യക്തിത്വമുള്ള മനുഷ്യരാണെന്ന്, അവരവരുടെ ജീവിതം നയിക്കേണ്ടവരാണെന്ന്, അദ്ദേഹത്തിന്റെ ഒസ്യത് നമ്മെ അങ്ങനെ ജീവിക്കാൻ സാദ്ധ്യമാക്കേണ്ടതാണെന്ന്. കൃഷിസ്ഥലം ഹാരിയുടേതായിരിക്കുമെന്ന്. |

| | | |
|---|---|---|
| എമ്മ | : | നിനക്കറിയാം അത് കൊണ്ട് പ്രയോജനമില്ല എന്ന്. |
| ലിസി | : | ഇനിയും അദ്ദേഹത്തോട് സംസാരിക്കാൻ എനിക്കാവില്ല. ഓരോ പ്രാവശ്യവും സംസാരിക്കുമ്പോഴും ഞാൻ കാര്യങ്ങൾ കൂടുതൽ വഷളാക്കുന്നു. ഞാനദ്ദേഹത്തെ വെറുക്കുന്നു... ഇല്ല. ഇല്ല, ഞാൻ വെറുക്കുന്നില്ല. ഞാൻ അവളെ വെറുക്കുന്നു. |
| | | (എമ്മ അവളുടെ വാച്ചിൽ നോക്കുന്നു.) |
| ലിസി | : | സമയം നോക്കേണ്ട. |
| എമ്മ | : | എന്റെ യാത്ര മുടങ്ങും. |
| ലിസി | : | ഇല്ല. |
| എമ്മ | : | ( കൈയുറകൾ ധരിക്കുന്നു) ലിസി, ചില കാര്യങ്ങൾ നമുക്ക് നേരിടാതെ വയ്യ. നമുക്ക് ഒരു കാര്യവും മാറ്റാൻ കഴിയില്ല എന്നതാണ് അതിലൊന്ന്. |
| ലിസി | : | നിന്നെ പോകാൻ ഞാൻ അനുവദിക്കില്ല! |
| എമ്മ | : | ഈ ആഴ്ച അവസാനിക്കുമ്പോഴേക്കും ഞാൻ തിരിച്ച് എത്തും. |
| ലിസി | : | അയാൾ എന്റെ പക്ഷികളെ കൊന്നു ! ഒരു കോടാലി കൊണ്ട് അവയെ കൊന്നു! എമ്മ; ഞാൻ പുറത്തേക്ക് ഓടിച്ചെന്ന് അവയെ എന്റെ കൈകളിലെടുത്തു. അവയുടെ ഹൃദയമിടിപ്പ് , ആ മിടിപ്പുകൾ ആഞ്ഞടിക്കുന്നത് .....ഞാൻ അറിഞ്ഞു. രക്തം അവയുടെ കഴുത്തിൽ നിന്നും ചീറ്റിത്തെറിച്ചു, എന്റെ കൈകളിൽ ആകെ രക്തം പുരണ്ടു. നിനക്ക് അതെക്കുറിച്ചൊന്നും തോന്നുന്നില്ലേ ? |
| എമ്മ | : | എനി... എനിക്ക് ഒരു ട്രെയിനിൽ പോകേണ്ടതാണ്. |
| ലിസി | : | അത് എന്നെ എത്രത്തോളം മുറിവേൽപ്പിച്ചുവെന്ന് അദ്ദേഹം ശ്രദ്ധിച്ചില്ല, നീയും അതു ശ്രദ്ധിക്കുന്നില്ല. ആരും ശ്രദ്ധിക്കുന്നില്ല. |
| എമ്മ | : | എനിക്ക് .... ഇപ്പോൾ പോകണം. |
| ലിസി | : | അതു ശരിയാണ്. പോകൂ. ഞാൻ നിന്നെ ഇഷ്ടപ്പെടുന്നില്ല, എമ്മാ. പൊയ്ക്കൊള്ളൂ (എമ്മ പോകുന്നു ലിസി അവളെ വിളിച്ചു കൊണ്ട് പിന്നാലെ ഓടുന്നു.) പറഞ്ഞതിനെല്ലാം ഞാൻ മാപ്പ് ചോദിക്കുന്നു.! ഞാൻ ശരിക്കും അനുഭവിച്ച കാര്യങ്ങൾ! നീ എന്നോട് അഭിനയിച്ചു, എനിക്ക് നിന്നെ ഇഷ്ടമല്ല. പോകൂ....! (ലിസി ജനാലയ്ക്കരികിലേക്ക് ഓടിയെത്തി പുറത്തേക്ക് പോകുന്ന എമ്മയുടെ രൂപം |

| | | |
|---|---|---|
| | | നോക്കി നിൽക്കുന്നു. ഒരു നിമിഷത്തിനു ശേഷം അവൾ പതുക്കെ തന്റെ മുറിയിലേക്ക് തിരിച്ചു വരുന്നു, മിസ് ലിസി/ ബ്രിഡ്ജറ്റ് അവിടെ ഉണ്ട്.) |
| ലിസി | : | എനിക്ക് മരിക്കണം... എനിക്ക് മരിക്കണം... പക്ഷെ ഉള്ളിൽ എന്തോ ഒന്ന് എന്നെ സമ്മതിക്കുന്നില്ല. ഉള്ളിൽ ആരോ 'പാടില്ല' എന്ന് പറയുന്നു (അവൾ കണ്ണുകൾ അടയ്ക്കുന്നു) എനിക്ക് എന്തും ചെയ്യാൻ കഴിയും. |
| ഡിഫൻസ്/ വക്കീൽ | : | മിസ് ബോർഡൻ... |
| | | (രണ്ടു ലിസിമാരും തിരിയുന്നു.) |
| വക്കീൽ | : | നിങ്ങളുടെ പിതാവിന്റെ വീട്ടിലേയ്ക്കുള്ള വരവിനുശേഷം നടന്ന കാര്യങ്ങൾ ഒന്ന് വിവരിക്കാമോ ? |
| ലിസി | : | (നിശ്ചലയായി) |
| | | പപ്പ അകത്തേക്ക് വന്നു.... ഞങ്ങൾ എന്തോ സംസാരിച്ചു..... നഗരത്തിൽ നാടൻ സാധനങ്ങൾ വില്ക്കുന്നതിനെക്കുറിച്ചും അതിലെന്തെങ്കിലും വാങ്ങുന്നതിനെക്കുറിച്ചും ഞാനും ബ്രിജറ്റും സംസാരിച്ചു.... അവളുടെ മുറിയിലേക്ക് അവൾ കയറിപ്പോയി. |
| വക്കീൽ | : | എന്നിട്ട് ? |
| ലിസി | : | ഞാൻ പുറംവാതിലിലൂടെ പുറത്തിറങ്ങി.... മുറ്റത്തുകൂടെ ...കുറെ പിയർ പഴങ്ങൾ മരങ്ങളുടെ ചുവട്ടിൽ നിന്നും ഞാൻ പെറുക്കിയെടുത്തു..... ഞാൻ ഷെഡ്ഡിനകത്തേക്ക് പോയി.... ജനാലയിലൂടെ പുറത്തേയ്ക്ക് നോക്കി ഞാൻ പിയർ പഴങ്ങൾ തിന്നു. |
| വക്കീൽ | : | എത്ര ? |
| ലിസി | : | നാലെണ്ണം |
| വക്കീൽ | : | ഷെഡ്ഡിനകത്ത് നല്ല ഉഷ്ണമുണ്ടായിരുന്നോ ? |
| ലിസി | : | ഇല്ല. അവിടെ തണുപ്പായിരുന്നു. |
| വക്കീൽ | : | പിയർ പഴങ്ങൾ കഴിക്കുകയല്ലാതെ നിങ്ങൾ മറ്റെന്തെങ്കിലും ചെയ്തുവോ ? |
| ലിസി | : | ഞാൻ ആലോചിക്കുകയായിരുന്നുവെന്ന് തോന്നുന്നു. പെറുക്കിയെടുത്ത പഴങ്ങളും തിന്നുകൊണ്ട്, ജനാലയിലൂടെ പുറത്തേയ്ക്ക് നോക്കി ഞാൻ നിന്നു. |
| വക്കീൽ | : | പിയർ പഴങ്ങളോട് നിങ്ങൾക്ക് ഇഷ്ടമായിരുന്നോ ? |
| ലിസി | : | അല്ലായിരുന്നെങ്കിൽ ഞാനവ കഴിക്കുമായിരുന്നില്ല. |

| | | |
|---|---|---|
| വക്കിൽ | : | തുടരുക... |
| ലിസി | : | ഞാൻ വീട്ടിലേയ്ക്ക് തിരിച്ചു വന്നു. |
| | | ഞാൻ കണ്ടു- പപ്പയെ, ഞാൻ ബ്രിജറ്റിനെ വിളിച്ചു. |
| | | (മിസ്സിസ് ബോർഡൻ ഗോവണിപ്പടികൾ ഇറങ്ങുന്നു. ലിസിയും ബ്രിജറ്റും അവളെ നോക്കുന്നതിന് വേണ്ടി തിരിയുന്നു. മിസ്സിസ് ബോർഡൻ ലിസിയുടെ തുറിച്ചു നോട്ടം മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ നിശ്ശബ്ദത.) |
| മിസ്സിസ് ബോർഡൻ | : | നീ എന്താണ് തുറിച്ച് നോക്കുന്നത് ? ....എന്താണ് നീ തുറിച്ച് നോക്കുന്നതെന്നാണ് ഞാൻ ചോദിച്ചത് ? |
| ലിസി | : | (മിസ്സിസ് ബോർഡനെ തുറിച്ചുനോക്കികൊണ്ട് ) ബ്രിജറ്റ് |
| ബ്രിജറ്റ് | : | യെസ്, മേഡം |
| | | (നിശ്ശബ്ദത) |
| മിസ്സിസ് ബോർഡൻ | : | കേവലം ഒരു ബിസ്ക്കറ്റും കാപ്പിയുമാണ് കഴിക്കാൻ. ബ്രിജറ്റ് ഈ വേനൽ ചൂടിൽ മാന്യമായൊരു പ്രാതൽ വേണ്ടതാണ്. |
| ബ്രിജറ്റ് | : | യെസ്, മേഡം |
| | | (അവൾ കാപ്പിയ്ക്കും ബിസ്ക്കറ്റിനും വേണ്ടി പുറത്തേയ്ക്ക് പോകുന്നു. ലിസി മിസ്സിസ് ബോർഡനിലേയ്ക്കുള്ള തുറിച്ചുനോട്ടം തുടരുന്നു). |
| മിസ്സിസ് ബോർഡൻ | : | ബ്രിജറ്റിനോട് പറയൂ, സ്വീകരണമുറിയിൽ വച്ച് ഞാനത് കഴിച്ചോളാമെന്ന്. |
| ലിസി | : | (സന്തോഷവതിയും "നല്ല"വളുമായിരിക്കാൻ ശ്രമം നടത്തുന്നു. മിസ്സിസ് ബോർഡന് കാര്യങ്ങൾ കൃത്യമായും മനസ്സിലാകുന്നു. ലിസിയുടെ ഈ അസാധാരണ പെരുമാറ്റത്തെപ്പറ്റി മിസ്സിസ് ബോർഡൻ ബോധവതിയാണ്. എവിടെയൊക്കെയാണോ അവൾ പരുക്കനും, കടിച്ചു കീറുന്നവളും അതുമല്ലെങ്കിൽ ഭീഷണിപ്പെടുത്തേണ്ട വളുമാകേണ്ടത്. അവിടെയെല്ലാം ലിസി ഒരു പ്രത്യേക തലത്തിൽ - തന്റെ ചുറ്റുമുള്ള മനുഷ്യർ എത്തിച്ചേരാത്ത ഒരു തലത്തിൽ - അകപ്പെട്ടിരിക്കുന്നതുപോലെ തോന്നുന്നു. ലിസിയ്ക്ക് ഒരു കാറ്റു കടക്കാത്ത അറയിൽപെട്ടതുപോലെ തോന്നുന്നു. ലളിതമായ പ്രവർത്തികൾ വളരെ പ്രാധാന്യം നിറഞ്ഞതായ് തോന്നുന്നു. മറ്റു മനുഷ്യരുടെ "സാധാരണ" എന്ന സങ്കല്പം നിറവേറ്റാൻ അവൾ പാടുപെടുന്നു) |
| ലിസി | : | അതു ഞാനല്ല, ആണോ ? |

| | | |
|---|---|---|
| മിസ്സിസ് ബോർഡൻ | : | എന്ത് ? |
| ലിസി | : | ഞാൻ കാരണം നിങ്ങൾ സ്വീകരണമുറിയിലേക്ക് പോകുന്നില്ല, അല്ലേ ? |
| മിസ്സിസ് ബോർഡൻ | : | എന്ത് ? |
| ലിസി | : | നിങ്ങളുടെ സ്വന്തം ഭക്ഷണമുറിയിൽ നിന്നും നിങ്ങൾ പുറത്താക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ആലോചിക്കുന്നതുപോലും എനിക്ക് വെറുപ്പാണ്. |
| മിസ്സിസ് ബോർഡൻ | : | അല്ല. എനിക്ക് അങ്ങനെ തോന്നുന്നില്ല. |
| ലിസി | : | ഓ കൊള്ളാം, അങ്ങനെയാണെന്ന് ചിന്തിക്കുന്നതുപോലും എനിക്ക് ഇഷ്ടമല്ല എന്നതുകൊണ്ടാണ്. |
| മിസ്സിസ് ബോർഡൺ | : | സ്വീകരണമുറി കൂടുതൽ തണുപ്പുള്ളതാണ്. |
| ലിസി | : | നിങ്ങൾക്കറിയാം, നിങ്ങൾ പറയുന്നത് വാസ്തവമാണെന്ന്. |
| മിസ്സിസ്. ബോർഡൻ | : | ങേ ? |
| ലിസി | : | അത് വളരെ തണുപ്പുള്ളതാണ്. |
| | | (ബ്രിജറ്റ് കാപ്പിയും ബിസ്ക്കറ്റുമായി പ്രവേശിക്കുന്നു) |
| ലിസി | : | ബ്രിജറ്റ്, ഞാൻ ചെയ്യാം. |
| | | (അവൾ കാപ്പിയും ബിസ്ക്കറ്റും എടുക്കുന്നു, മിസ്സിസ് ബോർഡന് കൊടുക്കുന്നു. അവൾ കാപ്പി കുടിക്കുന്നതും ബിസ്ക്കറ്റ് കഴിക്കുന്നതും ലിസി നോക്കി നില്ക്കുന്നു. മിസ്സിസ് ബോർഡൻ പതുക്കനെ ബിസ്ക്കറ്റ് കഴിക്കുന്നു. ലിസിയുടെ ശ്രദ്ധ അതിൽ ഉടക്കുന്നു.) |
| ലിസി | : | നിനക്ക് ആ ബിസ്ക്കറ്റ് ഇഷ്ടമായോ ? |
| മിസ്സിസ് ബോർഡൻ | : | അതിന് അല്പം കൂടി മാർദ്ദവമാകാമായിരുന്നു. |
| ലിസി | : | അത് ശരിയാണ് |
| | | (മിസ്റ്റർ ബോർഡൻ അകത്ത് പ്രവേശിച്ച്, അടുക്കളയിലേയ്ക്ക് പോകുന്നു. അദ്ദേഹം പോകുന്നത് ലിസി നോക്കി നിൽക്കുന്നു.) |
| ലിസി | : | അതേയ്...., പപ്പയ്ക്ക് ഒരു വല്ലായ്മപോലെ. അദ്ദേഹത്തിന് തീരെ വയ്യ. അദ്ദേഹത്തെ കണ്ടാൽ ഒരു രോഗിയെപ്പോലെ തോന്നുന്നു. |
| മിസ്സിസ് ബോർഡൻ | : | കഴിഞ്ഞ രാത്രിയിൽ അദ്ദേഹം ആകെ അസ്വസ്ഥനായിരുന്നു. |
| ലിസി | : | ഓ |
| മിസ്സിസ് ബോർഡൻ | : | എന്തൊരുഷ്ണമാണ്. |

| | | |
|---|---|---|
| ലിസി | : | പക്ഷെ അകത്ത് നല്ല തണുപ്പാണല്ലൊ ?..... (ചൂടിന്റെ ആധിക്യത്തെ/അളവിനെക്കുറിച്ചുളതന്റെ വിലയിരുത്തലിൽ അവിശ്വാസത്തോടെ) അല്ലെ, തണുപ്പല്ലെ ? |
| മിസ്സിസ് ബോർഡൻ | : | അതെ , അതെ, ഇവിടെ കൂടുതൽ തണുപ്പുണ്ട്. |
| | | (മിസ്റ്റർ ബോർഡൻ തന്റെ കാപ്പിയുമായി പ്രവേശിക്കുന്നു. ലിസി അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് ചെല്ലുന്നു) |
| ലിസി | : | പപ്പ ? അങ്ങ് സ്വീകരണമുറിയ്ക്കകത്തേക്ക് പോകണം. അവിടം വളരെ തണുപ്പുള്ളതാണ്. ശരിക്കുമാണ്. |
| | | (അദ്ദേഹം സ്വീകരണമുറിയിലേയ്ക്ക് പോകുന്നു. ലിസി ഭക്ഷണമുറിയിൽ തന്നെ നിൽക്കുന്നു. അവൾ തന്റെ മേശയ്ക്കരികിൽ ഇരിക്കുന്നു, ഇരുകൈകളും തന്റെ മടിയിൽ ചേർത്ത്വച്ചിരിക്കുന്നു. മിസ്റ്റർ ബോർഡൻ പത്രം വായിക്കാൻ തുടങ്ങുന്നു). |
| മിസ്സിസ് ബോർഡൻ | : | ബ്രിജറ്റ് ഇന്ന് ജനാലകളും കർട്ടനും വൃത്തിയാക്കട്ടെ....അവ ആകെ അഴുക്കായിരിക്കുന്നു. അഴുക്കുപിടിച്ച അവ ഒക്കെ ആദ്യം വഴിയിൽ നിന്നും ഒഴിവാക്കണം. |
| | | ആൻഡ്രൂ, പത്രത്തിൽ എന്തുണ്ട് ? |
| മി. ബോർഡൻ | : | (അദ്ദേഹം വായന തുടർന്നിക്കൊണ്ടിരിക്കേ) ഒന്നുമില്ല. |
| മിസ്സിസ് ബോർഡൻ | : | ഒരിക്കലും അതിലൊന്നും.... എന്തിനാണ് നമ്മളത് വാങ്ങിക്കുന്നത് എനിക്കറിയില്ല. |
| മി. ബോർഡൻ | : | (വായിക്കുന്നു). ഹെയ് |
| മിസ്സിസ് ബോർഡൻ | : | നിങ്ങൾ ഇപ്പോ പുറത്തു പോകുന്നുണ്ടോ ? |
| മി. ബോർഡൻ | : | ബിസിനസ്കാര്യങ്ങൾ... |
| മിസ്സിസ് ബോർഡൻ | : | ഹാരി ഇപ്പോഴും ഉറങ്ങുകയാകും. |
| മി. ബോർഡൻ | : | ഹെയ് |
| മിസ്സിസ്.ബോർഡൻ | : | അവൻ എല്ലായ്പ്പോഴും കൃത്യമായി... (ഹാരി ഗോവണിപ്പടിയിലൂടെ താഴോട്ടേക്ക് ഇറങ്ങുവാൻ തുടങ്ങുന്നു) |
| | | കൊള്ളാം, ചെകുത്താനെക്കുറിച്ച് സംസാരിച്ചു അപ്പോഴേക്കും.... കാപ്പിയും. ബിസ്ക്കറ്റും എടുക്കട്ടേയോ? |
| ഹാരി | : | വളരെ സന്തോഷം... |
| | | (മിസ്സിസ് ബോർഡൻ അത് കൊണ്ടുവരാൻ പോകുന്നു. ലിസി നോക്കിനിൽക്കുന്നു, കണ്ണുകളെ ഉടക്കുന്നു. മിസ്സിസ് ബോർഡൻ പെട്ടെന്ന് നില്ക്കുന്നു) |

| | | |
|---|---|---|
| ലിസി | : | (അവളുടെ സംസാരം വളരെ ഉച്ചത്തിലാണ്. എമ്മ ആ പെൺകുട്ടികളുടെ അടുത്തേയ്ക്ക് പോയി. മിസ്റ്റർ. ബോർഡൻ പത്രം അല്പം താഴ്ത്തി അവളെ നോക്കുന്നു. ഹാരി അവളെ നോക്കുന്നു. പെട്ടെന്ന് അവളുടെ ശബ്ദത്തെക്കുറിച്ച് ബോധവതിയായി, അവൾ താഴ്ന്ന ശബ്ദത്തിൽ, വളരെ താഴ്ന്ന ശബ്ദത്തിൽ....... ) ആഴ്ചാവസാനം വരെ. |
| മി.ബോർഡൻ | : | പോകുന്നകാര്യത്തെപ്പറ്റി അവളൊന്നും പറഞ്ഞിരുന്നില്ല. എപ്പോഴാണ് അവൾ തീരുമാനിച്ചത് ? |
| | | (ലിസി അവളുടെ കൈകളിലേക്ക് കുനിഞ്ഞ് നോക്കുന്നു. ഉത്തരം പറയുന്നില്ല. നിശ്ശബ്ദത. മിസ്സിസ് ബോർഡൻ അടുക്കളയിലേക്ക് നീങ്ങുന്നു) |
| ഹാരി | : | നീ ഇന്ന്... നഗരത്തിലേക്ക് പോകുന്നുണ്ടോ ? |
| മിസ്റ്റർ ബോർഡൻ | : | രാവിലെ. എനിക്ക്... ബാങ്കിൽ ചില ഇടപാടുകൾ ഉണ്ട്. |
| | | (അവർ തമ്മിൽ നോക്കുന്നു. ഭക്ഷണമുറിയിലെ ലിസിയുടെ സാന്നിദ്ധ്യത്തെക്കുറിച്ച് അവർക്ക് നല്ല ബോധ്യമുണ്ട്) |
| ഹാരി | : | ഇന്ന് രാവിലെയോ ? ആകട്ടെ.... അത് എനിക്കും സൗകര്യമാണ്. എനിക്ക് .... അതെ എനിക്കും നഗരത്തിൽപോയി ചില ഇടപാടുകൾ തീർക്കാനുണ്ട്. അതിന് ശേഷം ഞാൻ തിരിച്ചുപോകും. (ലിസി രണ്ടുപേരെയും നോക്കാനായി തല തിരിയ്ക്കുന്നു.) |
| മി. ബോർഡൻ | : | നീ ഉച്ചഭക്ഷണത്തിന് ഉണ്ടാകില്ല എന്നറിയുമ്പോൾ അബിക്ക് നിരാശയാകും. |
| ഹാരി | : | മറ്റൊരിക്കൽ |
| മി.ബോർഡൻ | : | (ലിസിയുടെ നോട്ടത്തെക്കുറിച്ച് ബോധവാനായി കൊണ്ട് ) എനിക്ക്.... എനിക്കറിയില്ല. ആ കാപ്പിയുമായി അവൾ എവിടെ പോയെന്ന് - ഞാൻ പോയി .. |
| ഹാരി | : | നീ വിഷമിക്കേണ്ടതില്ല, ഇവിടെ ഇരിക്കൂ, ഞാൻ കൊണ്ടു വരാം. (അവൻ പോകുന്നു) ലിസിയും മിസ്റ്റർ ബോർഡനും പരസ്പരം നോക്കുന്നു. കാറ്റു കടക്കാത്ത കണ്ണാടികൂട്ടിൽപ്പെട്ട അനുഭവത്തിന് അയവുവരുന്നു. |
| ലിസി | : | (താഴ്ന്ന സ്വരത്തിൽ) ഗുഡ്മോണിങ്ങ്, പപ്പാ... |
| മി. ബോർഡൻ | : | മോണിങ്ങ്, ലിസി. |
| ലിസി | : | പപ്പ നന്നായി ഉറങ്ങിയോ? |
| മി. ബോർഡൻ | : | കുഴപ്പമില്ല. |

| | | |
|---|---|---|
| ലിസി | : | പപ്പ? |
| മി. ബോർഡൻ | : | എന്താ ലിസി. |
| ലിസി | : | പപ്പ മനക്കരുത്തുള്ള ഒരാളാണ്, ഞാനും പപ്പയെപ്പോലെ തന്നെയാണോ? |
| മി. ബോർഡൻ | : | ചില കാര്യങ്ങളിൽ... ചിലപ്പോൾ |
| ലിസി | : | എനിക്ക് ആരെപ്പോലെയെങ്കിലും ആകണം. |
| മി. ബോർഡൻ | : | നിനക്ക് നിന്റെ അമ്മയോടാണ് സാമ്യം,. |
| ലിസി | : | ഞാൻ എന്റെ അമ്മയെപ്പോലെയാണോ ? |
| മി. ബോർഡൻ | : | ഏറെക്കുറെ നിന്റെ അമ്മയെപ്പാലെ. |
| ലിസി | : | പക്ഷെ, എന്റെ അമ്മ മരിച്ചു. |
| മി. ബോർഡൻ | : | ലിസി– |
| ലിസി | : | എന്റെ അമ്മ അസുഖം മൂലമാണ് മരിച്ചതെന്ന് പപ്പ പറഞ്ഞത് ഞാൻ ഓർക്കുന്നു. ഞാൻ ജനിച്ചു... അമ്മ മരിക്കുകയും ചെയ്തു... അങ്ങ് അമ്മയെ സ്നേഹിച്ചിരുന്നോ.? |
| മി. ബോർഡൻ | : | ഞാൻ അവളെ വിവാഹം ചെയ്തു. |
| ലിസി | : | അമ്മയെ അങ്ങ് സ്നേഹിച്ചിരുന്നുവെന്ന് പറയാത്ത തെന്താണ് ? |
| മി. ബോർഡൻ | : | തീർച്ചയായും ഞാൻ സ്നേഹിച്ചിരുന്നു, ലിസി. |
| ലിസി | : | അമ്മ മരിക്കാൻ കാരണം ഞാൻ ആയതുകൊണ്ട്,എന്നെ അങ്ങ് വെറുക്കുന്നോ ? |
| മി.ബോർഡൻ | : | നീ അങ്ങനെ ചിന്തിക്കരുത്, അത് മറ്റെന്തോ കാരണം കൊണ്ട് സംഭവിച്ചു പോയതാണ്. |
| ലിസി | : | ഒരു പക്ഷെ അവൾ ക്ഷീണിച്ച് വയ്യാതെ മരിച്ചതാവും. അവൾ തുടർന്നു ജീവിക്കാൻ ആഗ്രഹിച്ചു കാണില്ല. ഒരു അവസരം വന്നു. അത് ഉപയോഗിച്ചു, അത്രമാത്രം. എനിക്കത് മനസ്സിലാകും. ഒരു പക്ഷെ അവർ ഒരു പക്ഷിയെപ്പോലെയായിരുന്നിരിക്കണം, ആ നീലാകാശം മുഴുവനും അവർക്ക് കാണാമായിരുന്നു. അവർ പറന്ന് അകലാൻ ആഗ്രഹിച്ചു കാണും, പക്ഷെ അവർക്ക് കഴിഞ്ഞില്ല. അവർ കുരുക്കിൽപ്പെട്ടു, പപ്പ, അവർ ഭയാനകമായ ഒരു കെണിയിൽ കുടുങ്ങിപ്പോയി, അവൾ പുറത്തേക്കൊരു വഴി കണ്ടെത്തി. അത് സ്വീകരിച്ചു..... ഒരു പക്ഷെ , ചെയ്യാവുന്നതിൽ വച്ച്, ഏറ്റവും ധീരമായ പ്രവർത്തിയാണ്., പപ്പ, ഒരു പക്ഷെ, അത് മാത്രമേ |

വഴിയുണ്ടായിരുള്ളൂ. അവർക്ക് ഞങ്ങളെ ഉപേക്ഷിച്ചു പോകുന്നത് ഇഷ്ടമില്ലായിരുന്നു. എന്തെന്നാൽ ഞങ്ങളെ അവർ അത്രമാത്രം സ്നേഹിച്ചിരുന്നു. പക്ഷേ പൂർണ്ണമായും ഒരു കെണിയിൽ കുടുങ്ങിയ അവർക്ക് ശ്വാസം വലിക്കാൻ പോലും കഴിഞ്ഞില്ല. (നീണ്ട നിശ്ശബ്ദത) ചില മനുഷ്യർക്ക് വളരെ മെലിഞ്ഞ കൈത്തണ്ടയാണ്, അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? എന്റേത് അങ്ങനെയല്ല.

(അടുക്കളയിൽ നിന്നും പിറുപിറുക്കൽ കേൾക്കാം. പിന്നെ അടക്കിപ്പിടിച്ച ചിരിയും. മിസ്റ്റർ ബോർഡൻ അങ്ങോട്ട് നോക്കുന്നു.)

ലിസി : പപ്പ ! .... ഞാൻ വളരെ കരുത്തുള്ളവളാണ്.

മിസ്സിസ്. ബോർഡൻ : (പുറത്തുനിന്ന് ചിരിച്ചുകൊണ്ട്) നീ സ്കൂളിലെ കഥകളാണ് പറയുന്നത്, ഹാരി.

ഹാരി : (പുറത്തുനിന്ന്) ദൈവം സത്യമാകുന്നു. ആ മോശം വസ്ത്രം നീ കാണേണ്ടതായിരുന്നു, അവർ തിരിച്ചു കൊണ്ടുവന്നപ്പോൾ.

മിസ്സിസ് ബോർഡൻ : (പുറത്തുനിന്ന്) നീ ആൻഡ്രൂവിനോട് പറയണം. (തല എത്തിച്ച് നോക്കുന്നു) ആൻഡ്രൂ, ഇവിടെ വരൂ, ഹാരിക്ക് ഒരു കഥ പറയാനുണ്ട് (പുറത്തുനിന്ന്) ഇനി മുതൽ കഥ ആദ്യം മുതൽ വീണ്ടും പറയണം, ഓ, എന്റെ പൊന്നേ!

(മിസ്റ്റർ ബോർഡൻ അടുക്കളയിലേക്ക് പോകുന്നു. നിന്ന് പുറം തിരിഞ്ഞ് ലിസിയെ നോക്കുന്നു)

ലിസി : പപ്പയ്ക്ക്, എന്നോടെന്തെങ്കിലും പറയാനുണ്ടോ ?

മിസ്സിസ് ബോർഡൻ : (പുറത്തുനിന്ന്) ആൻഡ്രൂ!

ലിസി : (പതുക്കെ, ഒരു പ്രതിധ്വനി പോലെ ) ആൻഡ്രൂ.

മിസ്റ്റർ ബോർഡൻ : എന്താണ് ലിസി ?

ലിസി : ഞാൻ എന്നന്നേക്കുമായി ഒരു നല്ല പെൺകുട്ടിയായി രിക്കുമെന്ന് വാക്ക് തരികയാണെങ്കിൽ, കാര്യങ്ങൾക്ക് മാറ്റം സംഭവിക്കുമോ?

മി. ബോർഡൻ : നീ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് എനിക്ക റിയില്ല.

ലിസി : ഞാൻ... പറയുന്നത് നുണയാകാം.... പപ്പ ! ഇന്ന് ഒരു ഇടപാടുകളും ചെയ്യരുത്. പുറത്തുപോകരുത്. വീട്ടിൽ തന്നെ വേണം.

| | | |
|---|---|---|
| മി. ബോർഡൻ | : | എന്തിനു വേണ്ടി ? |
| ലിസി | : | എല്ലാവരും പോകുകയാണ്. അകന്നു പോകുകയാണ്. എല്ലാവരും അകന്നു പോയി. |
| മിസി. ബോർഡൻ | : | (പുറത്തുനിന്ന്) ആൻഡ്രൂ ! |
| ലിസി | : | (പതുക്കെ ഒരു പ്രതിധ്വനി പോലെ ) ആൻഡ്രൂ. |
| മി. ബോർഡൻ | : | എന്താണത് ? |
| ലിസി | : | ഞാൻ അങ്ങയെ വിളിച്ചതാണ്. |
| | | (മിസ്റ്റർ ബോർഡൻ ഒരു നിമിഷം അവളെ നോക്കുന്നു, എന്നിട്ട് അടുക്കളയിലേക്ക് നീങ്ങുന്നു.. ഡോ. പാട്രിക് വളരെ താഴ്ന്ന സ്വരത്തിൽ ചൂളമടിക്കുന്നത് കേൾക്കാം. ലിസി ശ്രദ്ധിക്കുന്നു) |
| ലിസി | : | ശ്രദ്ധിക്കൂ.... നിങ്ങൾക്കത് കേൾക്കാമോ ? ..... കേൾക്കാമോ? |
| മിസ്. ബ്രിഡ്ജറ്റ് | : | ഞാനത് കേൾക്കുന്നു. |
| | | (ഡോ. പാട്രികിനെ കാണാൻ കഴിയുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ ശബ്ദം മാത്രം കേൾക്കാം) |
| ഡോ. പാട്രിക് | : | (വളരെ പതുക്കെ) ലിസി ? |
| ലിസി | : | (തിരിച്ചറിഞ്ഞുകൊണ്ട്) എനിക്കിത് കേൾക്കാമായിരുന്നു നീ കേൾക്കുന്നതിന് മുമ്പെ (നിശ്ശബ്ദത). അങ്ങേയറ്റം ദുഃഖം നിറഞ്ഞ ശബ്ദമായിരുന്നു. എനിക്ക് കരയണമായിരുന്നു. |
| മിസ്. ലിസി/ബ്രിജറ്റ് | : | നീ കരഞ്ഞു കൂടാ. |
| ലിസി | : | ഞാൻ കരയരുത് |
| ഡോ പാട്രിക് | : | ഞാൻ പന്തയം വയ്ക്കാം നിനക്കിത് അറിയാമെന്ന്. |
| | | (അദ്ദേഹം ഒരു ഐറിഷ് ഗാനം ചൂളമടിക്കുന്നു) |
| ലിസി | : | എനിക്കത് അറിയാം. (അവൾ നൃത്തം ചെയ്യാൻ തുടങ്ങുന്നു) ഡോ.പാട്രിക് പ്രവേശിക്കുന്നു. അദ്ദേഹം നൃത്തച്ചുവടുകൾക്കനുസൃതമായി കൈകൊണ്ട് താളംപിടിക്കുന്നു. ലിസിയുടെ നൃത്തവും സംഗീതവും തീരുന്നു ഡോ. പാട്രിക് അഭിനന്ദിക്കുന്നു.) |
| ഡോ. പാട്രിക് | : | ഗംഭീരം, ഗംഭീരം!! |
| ലിസി | : | എനിക്കത് ചെയ്യാൻ പറ്റുമെന്നുള്ളത് നിനക്ക് അറിയില്ലായിരുന്നു, അല്ലേ? |
| ഡോ. പാട്രിക് | : | മിസ്.ബോർഡൻ, പലവിധ കഴിവുകളുള്ള ഒരു സ്ത്രീയാണ് നിങ്ങൾ. |

ലിസി : നീ എന്നെ കളിയാക്കുകയല്ലല്ലോ ?

ഡോ.പാട്രിക് : ഞാൻ ഒരിക്കലും അത് ചെയ്യില്ല.

ലിസി : ഞാൻ ആഗ്രഹിക്കുന്ന എന്തും എനിക്ക് ചെയ്യാനാകും.

ഡോ.പാട്രിക് : എനിക്കുറപ്പുണ്ട്, നിനക്ക് കഴിയുമെന്ന്.

ലിസി : ഞാൻ മരിക്കാൻ ആഗ്രഹിച്ചാൽ- എനിക്കതും ചെയ്യാൻ കഴിയും. കഴിയില്ലെ ?

ഡോ.പാട്രിക് : കൊള്ളാം, നിനക്കതിന് കഴിയുമെന്ന് തോന്നുന്നില്ല.

ലിസി : കഴിയും, എനിക്കത് കഴിയും!

ഡോ. പാട്രിക് : ലിസി....

ലിസി : നിനക്കറിയില്ല... നിനക്കെന്റെ ഹൃദയത്തിനുള്ളിലേക്ക് കാണാൻ കഴിയില്ല.

ഡോ.പാട്രിക് : എനിക്ക് കഴിയും എന്ന് എനിക്ക് തോന്നുന്നു.

ലിസി. : കൊള്ളാം. നിന്നെക്കൊണ്ടാവില്ല.

ഡോ. പാട്രിക് : .....ഇതൊരു കളിതമാശ മാത്രമാണ്.

ലിസി : ഞാനൊരിക്കലും തമാശ കളിക്കാറില്ല.

ഡോ. പാട്രിക് : നിങ്ങളത് ചെയ്യുന്നുണ്ട്, തീർച്ച

ലിസി : ഞാൻ കളികളെ വെറുക്കുന്നു.

ഡോ. പാട്രിക് : നീ ഇപ്പോൾ ഒരു കളിയിലേർപ്പെട്ടിരിക്കുകയാണ്.

ലിസി : നിനക്കെന്നെ തീരെ അറിയില്ല

ഡോ. പാട്രിക് : വരുക, ലിസി, നാം എന്തിന് വഴക്കടിക്കുന്നു? എനിക്കറിയാം. നാമെന്താണ് ചെയ്യാൻ പോകുന്നതെന്ന് ..... നാം എല്ലാം ഒരിക്കൽ കൂടി ആരംഭിക്കും.....നിന്റെ കണ്ണുകൾ അട ുക, ലിസി (അവൾ അങ്ങനെ ചെയ്യുന്നു) ഗുഡ്മോണിങ്, മിസ്. ബോർഡൻ .... ഗുഡ്മോണിങ്, മിസ്. ബോർഡൻ....

ലിസി : .... ഞാൻ തീരുമാനിച്ചിട്ടില്ല..... (അവൾ പതുക്കെ കണ്ണുകൾ തുറക്കുന്നു)...... വേണോ വേണ്ടയോ എന്ന്.

ഡോ.പാട്രിക് : വളരെ നല്ലത്.... ഇപ്പോൾ എന്നീട്ട്.... എന്റെ കൈ പിടിക്കുമോ, മിസ്. ബോർഡൻ ? നമുക്കൊന്ന് സവാരിക്കിറങ്ങിയാലോ ?

ലിസി : എവിടെയും പോകാനില്ല

ഡോ.പാട്രിക് : ശരിയല്ല..... ബോസ്റ്റൺ ആയാലോ? ഒരു നടന്നു ചെല്ലാവുന്നതിൽ അധികം ദൂരമുണ്ടെന്ന് നിനക്ക്

| | | |
|---|---|---|
| | | തോന്നുന്നുവോ?... എനിക്കറിയാം നാം എന്ത് ചെയ്യുമെന്ന്, നമ്മൾ ഈ പരിസരിങ്ങളിലൊക്കെ ചുറ്റി നടക്കും... എന്നിട്ട് നിന്റെ പക്ഷികളെ നീയെനിക്ക് കാട്ടിത്തരും (അവർ നടക്കുന്നു). ഞാൻ കഴിഞ്ഞ രാത്രിയിൽ കാത്തിരുന്നു. പക്ഷെ നീ വന്നില്ല. അവിടെ ഞാൻ എന്റെ യാത്രാ ബാഗും മറ്റുമായും ഒരിക്കലും നീ വന്നില്ല.... എനിക്കറിയാം എവിടെയാണ് പാളിച്ച പറ്റിയത് എന്ന് ! നമ്മൾ കാണേണ്ട സമയം നിശ്ചയിക്കുന്നതിന് മറന്നുപോയി. അടുത്തതവണ, ലിസി, നീ സമയം നിശ്ചയിക്കണം. ഇവിടെയല്ലെ അവയെ സൂക്ഷിച്ചിരുന്നത് ? |
| | | (ലിസി തല കുലുക്കുന്നു. കൂട് തുറന്ന് അവൾ ഉള്ളിലേക്ക് നോക്കുന്നു) |
| ഡോ.പാട്രിക് | : | അത് ശൂന്യമാണ്. (അയാൾ ചിരിക്കുന്നു) എന്നിട്ട് നീ പറയുന്നു, ഒരിക്കലും തമാശ കളിക്കില്ലന്ന്. |
| ലിസി | : | അവയൊക്കെ പറന്നു പോയി. |
| ഡോ. പാട്രിക് | : | നീ എന്നെ ഒരു കളിയിൽപെടുത്തിയിരിക്കുകയാണ്. അതെ നീ അത് ചെയ്യുന്നു. |
| ലിസി | : | അവ ഓടിപ്പോയി |
| ഡോ.പാട്രിക് | : | അവ സത്യമായും ഉണ്ടായിരുന്നുവോ ? |
| ലിസി | : | എന്റെ കൈകളിൽ മുഴുവൻ രക്തമായിരുന്നു. |
| ഡോ. പാട്രിക് | : | നീ എന്താണ് പറയുന്നത് ? |
| ലിസി | : | നിനക്കത് ഇപ്പോൾ കാണാൻ കഴിയില്ല; ഞാനത് കഴുകിക്കളഞ്ഞു. നോക്കൂ... ? |
| ഡോ. പാട്രിക് | : | (അവളുടെ കൈകൾ പാട്രിക് എടുക്കുന്നു) എന്റെ .... ലിസി... |
| ലിസി | : | നിനക്ക് കഴിയുമോ ഒരാൾക്ക് മരിക്കാൻ വേണ്ട സഹായം ചെയ്യാൻ. |
| ഡോ പാട്രിക് | : | എന്തുകൊണ്ടാണ് നീ ഇങ്ങനെ ചോദിക്കുന്നത് ? |
| ലിസി | : | ചില മനുഷ്യർ മരിക്കുന്നതാണ് നല്ലത്. ഞാൻ മരിക്കുന്നതാണ് ഭേദം. |
| ഡോ. പാട്രിക് | : | നീ ഒരു അതുല്യയും വിലമതിക്കാൻ ആവാത്ത വ്യക്തിയാണ്. ലിസി..... നീ ഇതുപോലുള്ള കാര്യങ്ങൾ ചിന്തിക്കരുത്. |
| ലിസി | : | അതുല്യവും, അമൂല്യവും ? |
| ഡോ.പാട്രിക് | : | എല്ലാ ജീവനുകളും അമൂല്യവും അതുല്യവുമാണ്. |
| ലിസി | : | ഞാൻ വിലമതിക്കാൻ കഴിയാത്തവളാണോ? |

| | | |
|---|---|---|
| | | ഞാൻ അതുല്യവും അമൂല്യവും ആകുന്നു. നീ അതു പറഞ്ഞു. |
| ഡോ.പാട്രിക് | : | ഓ ! ഞാനത് വിശ്വസിക്കുന്നു. |
| ലിസി | : | ശരിയാണ് എനിക്കതറിയാം. ആളുകൾ നിന്നെക്കുറിച്ച് പലപല കാര്യങ്ങൾ പരസ്പരം കൂട്ടി കലർത്തി പറയുന്നു. നീ ശ്രദ്ധിക്കണം. ഞാൻ അന്തസ്സുള്ള ഒരു വ്യക്തിയാണ്. |
| ഡോ. പാട്രിക് | : | ശരിയാണ്, തീർച്ചയായും. |
| ലിസി | : | അവിടെയുള്ള ആ തടിച്ച പശുവിനെപ്പോലെയല്ല. |
| ഡോ. പാട്രിക് | : | അവളുടെ ജീവിതവും... |
| ലിസി | : | അല്ല |
| ഡോ. പാട്രിക് | : | ലിസ്... |
| ലിസി | : | നിനക്കറിയുമോ, അവളെ ! |
| ഡോ. പാട്രിക് | : | അതിവിടെ പ്രസക്തമല്ല |
| ലിസി | : | പ്രസക്തമാണ്, അത് പ്രസക്തം തന്നെയാണ്. |
| ഡോ. പാട്രിക് | : | നിനക്കങ്ങനെ കഴിയില്ല... |
| ലിസി | : | താങ്കളൊരു ഡോക്ടറാണ്. അത് ശരിയല്ലെ ? |
| ഡോ. പാട്രിക് | : | ശരിയാണ്. |
| ലിസി | : | എങ്കിൽ പറയൂ... എന്നോട് പറയൂ. ഒരു മാരകമായ അപകടം സംഭവിക്കുകയാണെങ്കിൽ... അതിൽ രണ്ടു മനുഷ്യർ മരണത്തോട് മല്ലടിച്ചുകൊണ്ടിരിക്കുകയുമണെന്നു സങ്കല്പിക്കുക. പക്ഷെ നിനക്കൊരാളെ മാത്രമേ രക്ഷിക്കാനാകൂ... ആരെ നിങ്ങൾ രക്ഷിക്കും ? |
| ഡോ. പാട്രിക് | : | അങ്ങനെയുള്ള ചോദ്യങ്ങൾ എങ്ങനെ നിനക്കു ചോദിക്കാൻ കഴിയുന്നു ? |
| ലിസി | : | ഉവ്വ്, എനിക്കതിന് കഴിയും. പറയൂ, അതൊരു കളിയാണ്. എങ്ങനെയാണ് ഒരു ഡോക്ടർ തീരുമാനിക്കുക ? ഒരാൾ പ്രായമുള്ളയാളും അപരൻ ചെറുപ്പവുമാണെങ്കിൽ - താങ്കൾ പ്രായം കുറഞ്ഞയാളെയായിരിക്കുമോ ആദ്യം രക്ഷപ്പെടുത്തുക ? |
| ഡോ. പാട്രിക് | : | ലിസി? |
| ലിസി | : | നീ പറഞ്ഞു നിനക്ക് കളികൾ ഇഷ്ടമാണെന്ന്. ഒരു വ്യക്തി കൊള്ളരുതാത്തയാളും, മറ്റയാൾ നല്ല വ്യക്തിയും - നല്ല വ്യക്തിയാകാൻ പരിശ്രമിക്കുന്ന വ്യക്തിയും - മോശം |

വ്യക്തിയെ മരണത്തിന് വിട്ടുകൊടുക്കുകയും, നല്ല വ്യക്തിയെ രക്ഷിക്കുകയും ചെയ്യുമോ ?

ഡോ. പാട്രിക് : എനിക്കറിയില്ല.

ലിസി : ശ്രദ്ധിക്കൂ! താങ്കൾ സമയത്ത് തിരിച്ചു പോകുകയാണെങ്കിൽ, കൊള്ളരുതാത്തതും ബുദ്ധിശൂന്യനുമായ ഒരു വ്യക്തിയെ കണ്ടുമുട്ടിയാൽ നിങ്ങൾ എന്തുചെയ്യും ?

ഡോ. പാട്രിക് : ആര്?

ലിസി : എനിക്കറിയില്ല

ഡോ. പാട്രിക് : (ചിരിക്കുന്നു) ഓ... എന്റെ...

ലിസി : കേൾക്കൂ... നീ ആ പഴയ ആറ്റില ഹൺ എന്ന പടയാളിയെ കണ്ടുമുട്ടുകയും, അവനെ കൊല്ലുന്നതിനുള്ള അവസരമുണ്ടാകുകയും ചെയ്താൽ, നീ അത് ചെയ്യുമോ ?

ഡോ. പാട്രിക് : എനിക്കറിയില്ല.

ലിസി : അവൻ കാരണമുണ്ടായ ദുരിതങ്ങൾ ഓർത്തു നോക്കൂ.... ദുഃഖങ്ങൾ..

ഡോ. പാട്രിക് : ശരി. പക്ഷെ, ഞാനൊരു ഡോക്ടറാണ്, കൊലയാളിയല്ല.

ലിസി : നീയൊരു ഭീരുവാണെന്ന് ഞാൻ കരുതുന്നു.

(നിശ്ശബ്ദത)

ഡോ. പാട്രിക് : ഞാൻ ചെയ്യുന്നത് ജീവൻ രക്ഷിക്കുന്ന പ്രവർത്തിയാണ്.

ലിസി : പക്ഷെ താങ്കൾ പൂന്തോട്ടത്തിലെ കീടങ്ങളെ നശിപ്പിക്കാൻ വിഷം വയ്ക്കാറുണ്ടല്ലോ.

ഡോ. പാട്രിക് : നിന്റേ മനസ്സിൽ എന്തൊക്കെയോ കൂടികുഴഞ്ഞ് കിടക്കുന്നു.

ലിസി : ഇത്ര വ്യക്തത ഒരിക്കലും എനിക്ക് ഉണ്ടായിരുന്നില്ല. എല്ലാം വ്യക്തമാണ്. ജീവിതം മുഴുവൻ ഈ ഒരു നിമഷത്തിനുവേണ്ടി ജീവിച്ചവളാണ് ഞാൻ.... ഈ പരിപൂർണ്ണ വ്യക്തതയുള്ള ഈ നിമിഷത്തിനായി ! യുദ്ധം പ്രഖ്യാപിക്കുകയാണങ്കിൽ, നീ സേവനം ചെയ്യുമോ ?

ഡോ. പാട്രിക് : ഞാൻ വേണമെങ്കിൽ യുദ്ധത്തിൽ പങ്കെടുക്കും.

ലിസി : നിനക്ക് പൊരുതാൻ ആവില്ല, നീ കൊല്ലും- നീ ഒരു തോക്കെടുക്കും, ആളുകളെ വെടിവച്ചുകൊല്ലും. നിന്നോട് യാതൊരു തെറ്റും ചെയ്യാത്ത ആളുകളെ, നല്ലവരാവാൻ വേണ്ടി ശ്രമിക്കുന്നവരെ... നീ അവരെ കൊല്ലും. എന്നിട്ട് നീ പറയുന്നു. നീ ആറ്റിലയെ കൊല്ലുകയില്ലായെന്ന്, പോരാ

| | | |
|---|---|---|
| | | തെ, വിവരദോഷിയായ ആ പശുവിന്റെ ജീവൻ വിലപിടിപ്പുള്ളതാണെന്ന് – എന്റെ ജീവിതം വിലമതിക്കാനാവാത്തതാണ്. !! |
| ഡോ. പാട്രിക് | : | നിനക്ക് |
| ലിസി | : | അതെ, എനിക്ക്...., നീ ഒരു വിഡ്ഢിയാണോ! |
| ഡോ. പാട്രിക് | : | അവരുടെ ജീവിതം അവർക്കും. |
| ലിസി | : | അവരുടെ കാര്യത്തിൽ എനിക്ക് ഒട്ടും താല്പര്യമില്ല. (നിശ്ശബ്ദത) താങ്കൾ എന്റെ ഡോക്ടറല്ല എന്നതിൽ ഞാൻ സന്തോഷിക്കുന്നു. തീരുമാനങ്ങളെടുക്കാൻ നിനക്ക് കഴിയില്ല, കഴിയുമോ ? നീ ഒരു ഭീരുവാണ്. |
| | | (ഡോ. പാട്രിക് പുറത്തേക്ക് പോകാനൊരുങ്ങുന്നു) |
| ലിസി | : | നിന്റെ ഭാര്യയെ നിനക്ക് പേടിയാണ്. താങ്കൾക്ക് കളികൾ കളിക്കാൻ മാത്രമേ കഴിയൂ...ബോസ്റ്റണിലേക്ക് പോകുവാൻ ഞാൻ ആഗ്രഹിച്ചിരുന്നെങ്കിൽ, നീ എന്റെ കൂടെ വരുമായിരുന്നില്ലേ, കാരണം നീ ഒരു ഭീരുവാണ് ! ഞാൻ ഒരു ഭീരുവല്ല! ( തുന്നൽപ്പണിയിലേർപ്പെട്ടിരിക്കുന്ന മിസ്സിസ് ബോർഡനെ നോക്കാൻ അല്പനിമിഷങ്ങൾക്ക് ശേഷം മിസ്സിസ് ബോർഡൻ ലിസിയെ നോക്കുന്നു, അവളുടെ ചികഞ്ഞുള്ള നോട്ടത്തെക്കുറിച്ച് തികഞ്ഞ ബോധത്തോടെ) |
| ലിസി | : | പപ്പ എവിടെ ? |
| മിസ്സിസ് ബോർഡൻ | : | പുറത്ത് പോയി |
| ലിസി | : | മിസ്റ്റർ വിൻഗേറ്റോ ? |
| മിസ്സിസ് ബോർഡൻ | : | അദ്ദേഹവും പുറത്തുപോയി. |
| ലിസി | : | അതുകൊണ്ട്, മിസ്സിസ് ബോർഡൻ, നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത് ? |
| മിസ്സിസ് ബോർഡൻ | : | എനിക്കിത് കഴിച്ചു തീർക്കണം. |
| ലിസി | : | കഴിച്ചോളൂ...... (നിശ്ശബ്ദത) ബ്രിജറ്റ് എവിടെ? |
| മിസ്സിസ് ബോർഡൻ | : | ജനാലകൾ കഴുകുകയാണ്. വൃത്തിയുള്ള വസ്ത്രങ്ങൾ അടുക്കുകയാണ്. (നിശ്ശബ്ദത) നിനക്ക് വേണമെങ്കിൽ മുകളിലോട്ട് പോകാം. |
| ലിസി | : | നിങ്ങൾക്കറിയാമോ ? പപ്പ എന്റെ പക്ഷികളെ മഴുകൊണ്ട് കൊന്നു: അവയുടെ തല അരിഞ്ഞു കളഞ്ഞു. (മിസ്സിസ് ബോർഡൻ അസ്വസ്ഥയാണ്) ആവട്ടെ. ആദ്യമെനിക്ക് വിഷമം തോന്നി. പക്ഷെ ഇപ്പോൾ അല്പം ആശ്വാസം |

| | | |
|---|---|---|
| | | തോന്നുന്നു. ഇപ്പോൾ അല്പം കൂടി ഭേദപ്പെട്ടിരിക്കുന്നു. മിസ്സിസ് ബോർഡൺ, ഞാനൊരു ഉറച്ച തീരുമാനങ്ങൾ എടുക്കാൻ ചങ്കുറപ്പുള്ള സ്ത്രീയാണ്. കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചാൽ ഞാൻ അവ നടപ്പിലാക്കും. അതെ, തീർച്ചയായും. (പുഞ്ചിരിക്കുന്നു) പപ്പ എത്ര പ്രാവശ്യം പറഞ്ഞിരിക്കുന്നു - ലിസി ഒരു കാര്യത്തിൽ മനസ്സു വച്ചാൽ, അവൾ അത് ചെയ്യുമെന്ന്. അതെ ഞാൻ ചെയ്യും. നോക്കൂ എല്ലാം ജീവിതവും ഒരുപോലെ വിലപ്പെട്ടതല്ല. ആണോ? |
| മിസ്സിസ്. ബോർഡൺ | : | (അല്പ നിമിഷത്തിനുശേഷം) തനിക്കാവശ്യമുള്ള വസ്തുക്കളൊക്കെ എടുത്തു ചേർത്തുവയ്ക്കുവാൻ ഒരു ശ്രമം നടത്തുന്നു, മുകളിലെ നിലയിലേക്ക് പോകാൻ. ലിസിയോടൊപ്പം ആ മുറിയിൽ ഇരിക്കുവാൻ അവൾ ആഗ്രഹിക്കുന്നില്ല) |
| ലിസി | : | നിങ്ങൾ എവിടേയ്ക്ക് പോകുന്നു ? |
| മിസ്സിസ് ബോർഡൺ | : | മുകളിലേയ്ക്ക്... (ഒരു ഒഴിവ്കഴിവ്) അതിഥി മുറി ഒന്നു വൃത്തിയാക്കുവാനുണ്ട്.<br><br>(പിൻ വാതിലിൽ ഒരു മുട്ടു കേൾക്കുന്നു. വീണ്ടും മുട്ടു കേൾക്കുന്നു) |
| ലിസി | : | വാതിൽക്കൽ ആരോ ഉണ്ട് .... (മൂന്നാമതൊരു മുട്ട്) ഞാൻ തുറക്കാം.<br><br>(അവൾ അടുക്കളയിലേക്ക് പോകുന്നു. മിസ്സിസ് ബോർഡൻ കാത്തു നിൽക്കുകയാണ്. ലിസി തിരിച്ചു വരുന്നു. അവളുടെ ശ്വാസഗതിക്ക് വേഗത കൂടിയിട്ടുണ്ട്. അലക്കി വൃത്തിയാക്കിയ വലിയ ഒരു കെട്ട് തുണിയുമായി വന്ന് അവൾ മേശപ്പുറത്ത് വയ്ക്കുന്നു. അവൾക്ക് ശ്വാസംമുട്ടുള്ളതായി തോന്നുന്നു. ഒരു കെട്ട് തുണി മേശപ്പുറത്ത് വയ്ക്കുന്നു. അവൾ മിസ്സിസ് ബോർഡനെ നോക്കുന്നു) |
| ലിസി | : | നിങ്ങൾക്ക് എന്തെങ്കിലും ആവശ്യമുണ്ടോ ? |
| മിസ്സിസ് ബോർഡൻ | : | അത് ആരായിരുന്നു - വാതിൽക്കൽ ? |
| ലിസി | : | ഓ ! ശരി. ഞാൻ മറന്നു. ഒരു നിമിഷത്തേക്ക് എനിക്ക് പുറത്തേക്ക് പോകേണ്ടതുണ്ടായിരുന്നു. പിന്നെ - അതൊരു കുറിപ്പാണ്. നിങ്ങൾക്കുള്ള ഒരു സന്ദേശം |
| മിസ്സിസ് ബോർഡൺ | : | ഓ. |
| ലിസി | : | ഞാൻ ഇതു തുറക്കട്ടെ ? |

| | | |
|---|---|---|
| മിസ്സിസ് ബോർഡൺ | : | ആവട്ടെ (അവൾ കൈ നീട്ടിപ്പിടിക്കുന്നു) |
| ലിസി | : | പപ്പയുടെ കൈപ്പടപോലെ തോന്നുന്നു... (അവൾ ആ കുറിപ്പ് കൈമാറുന്നു) നിങ്ങൾ ഇത് തുറന്നു നോക്കുന്നില്ലേ ? |
| മിസ്സിസ് ബോർഡൺ | : | ഞാൻ മുകളിൽ ചെന്ന് വായിച്ചോളാം. |
| ലിസി | : | മിസ്സിസ് ബോർഡൺ!.... വിരോധമില്ലെങ്കിൽ ഈ വസ്ത്രങ്ങൾ എന്റെ മുറിയിലൊന്നിടാമോ ? (അവൾ മേശപ്പുറത്ത് നിന്ന് കുറെ വസ്ത്രങ്ങൾ എടുക്കുന്നു. (മിസ്സിസ് ബോർഡൺ അത് വാങ്ങിക്കുന്നു. സാധാരണരീതിയിൽ അവൾ ഒരിക്കലും ചെയ്യാത്ത കാര്യം. അവൾ പോകുന്നതിന് മുമ്പേ, ലിസി അവളുടെ കൈത്തണ്ടയിൽ കടന്നു പിടിക്കുന്നു.) ഒരു നിമിഷം ... എന്റെ കണ്ണുകളിലേക്ക് നിങ്ങൾ ഒന്നു നോക്കു. എന്റെ ആഗ്രഹമാണ്. എന്താണ് കാര്യമെന്നല്ലേ ? ഒരു കുഴപ്പവുമില്ല. ഇതൊരു പരീക്ഷണമാണ്.... കണ്ണുകളിലെ ആഴങ്ങളിലേക്ക് നോക്കു. എന്നോട് പറയു... നിങ്ങൾ എന്താണ് കാണുന്നത്.... എന്തെങ്കിലും കാണാൻ കഴിയുന്നുണ്ടോ ? |
| മിസ്സിസ് ബോർഡൺ | : | എന്നെത്തന്നെ..... |
| ലിസി | : | ശരിയാണ്. ഒരാൾ മരിക്കുമ്പോൾ അവളുടെ കണ്ണുകളിൽ അവശേഷിക്കുന്നത്. അവൾ അവസാനമായി കണ്ട കാഴ്ചയുടെ പ്രതിബിംബമായിരിക്കും. അത് രസകരമല്ലേ ? (നിശ്ശബ്ദത) |
| | | (മിസ്സിസ് ബോർഡൺ പതുക്കെ മുകളിലത്തെ നിലയിലേക്ക് പോകുവാൻ തുടങ്ങുന്നു. മേശപ്പുറത്ത് അവശേഷിക്കുന്ന തുണികളും ലിസി എടുക്കുന്നു, തുണികൾക്കിടയിൽ ഒരു കൈക്കോടാലി ഒളിച്ചുവെച്ചിരിക്കുന്നു. അവൾ മിസ്സിസ് ബോർഡനെ മുകളിലത്തെ നിലയിലേക്ക് അനുഗമിക്കുന്നു). |
| ലിസി | : | നിങ്ങക്കറിയാമോ ചില കാര്യങ്ങൾ ? എനിക്ക് ആരെയെങ്കിലും കൊല്ലേണ്ടി വന്നാൽ, ഞാൻ അവരുടെ പിന്നാലെ ശബ്ദമുണ്ടാക്കാതെ പതുക്കെ നടന്നടക്കും. ചെറിയ ഒരു ശബ്ദം പോലും അവർക്ക് കേൾക്കാനാവില്ല. അവർ ഒരിക്കലും തിരിഞ്ഞുനോക്കില്ല. |
| | | (മിസ്സിസ് ബോർഡൺ ഗോവണിപ്പടിയിൽ നിൽക്കുന്നു. പുറകോട്ട് തിരിഞ്ഞ് പിന്നിലുള്ള ലിസിയെ നോക്കുന്നു) തിരിഞ്ഞു നോക്കുവാൻ പോലും കഴിയാത്ത വിധം അവർ ഭയചകിതരായിരിക്കും, അവർ എന്റെ ശബ്ദം കേട്ടാൽ പോലും. അവർ ഭയപ്പെട്ടതെന്തോ അത് കാണുമ്പോൾ അവർ ആകെ പേടിച്ച് വിളറും. (മിസ്സിസ് ബോർഡൻ |

ലിസിയെ കടന്ന് താഴോട്ടിറങ്ങുവാൻ ഒരു ശ്രമം നടത്തുന്നു. ലിസി അവരെ തടയുന്നു. അവർ ശരിക്കും ഭയപ്പെട്ടതു തന്നെ കാണും. ലിസി അവരെ തടഞ്ഞു നിറുത്തുന്നു.) ശ്രദ്ധിക്കുക. വീഴരുത് (മിസ്സിസ് ബോർഡൺ തിരിയുന്നു. എന്നിട്ട് പതുക്കെ മേലോട്ട് ഗോവണി കയറുന്നു. ലിസി പിറകിൽ തന്നെയുണ്ട്) എന്നിട്ട്, ഞാനവരെ ഇടിച്ചു വീഴ്ത്തും അവർ തിരിഞ്ഞു നോക്കുന്നതിന് മുമ്പേ അവരുടെ കണ്ണുകളിൽ പ്രതിബിംബം പോലും അവശേഷിപ്പിക്കാതെ. അതായിരിക്കും യോജിച്ചത്.

(ലിസിയും മിസ്സിസ് ബോർഡനും ഗോവണിയുടെ മുകളിൽ നിന്നും മറയുന്നു. അല്പ നേരത്തേക്ക് രംഗം ശൂന്യമാണ്. ബ്രിജറ്റ് പ്രവേശിക്കുന്നു. ജനാലകൾ കഴുകുന്നതിനുള്ള ബക്കറ്റുമെടുത്തു കൊണ്ടാണ് അവൾ വരുന്നത്. അവൾ ബക്കറ്റ് താഴെ വ ഃന്നു., അവളുടെ നെറ്റി തുട ഃന്നു. ഒരു ശബ്ദം കേട്ടീട്ടെന്നോണം ഗോവണിയുടെ മുകളിലേക്കും നോക്കി അവൾ നിൽക്കുന്നു. അവൾ ബക്കറ്റ് കയ്യിൽ എടുത്ത് അടുക്കളയിലേക്ക് പോകുന്നു. ലിസി ഗോവണിപ്പടിയ്ക്കുമേലെ പ്രത്യക്ഷയാകുന്നു. അവൾ മുകൾനിലയിലേക്ക് കൊണ്ടുപോയ വസ്ത്രക്കെട്ട് കയ്യിൽ തന്നെയുണ്ട്. വസ്ത്രങ്ങൾക്കിടയിൽ കൈക്കോടാലി ഒളിപ്പിച്ചു വച്ചിട്ടുണ്ട്.

ലിസി പടികൾ ഇറങ്ങുന്നു. ആത്മവിശ്വാസവും ശാന്തതയും തോന്നിപ്പിക്കുന്ന ഭാവം. അവൾ വസ്ത്രങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നു. എന്നിട്ട് നിശ്ശബ്ദമായി നിൽക്കുന്നു. അവൾ പതുക്കെ മിസ്സിസ് ബോർഡൺ ഇരുന്ന കസേരയിലേക്ക് തിരിഞ്ഞു നോക്കുന്നു. അല്പ നിമിഷങ്ങൾക്കു ശേഷം അവൾ കസേരയ്ക്ക് അരികിലേക്ക് നീങ്ങുന്നു, തെല്ലിട നിൽക്കുന്നു. എന്നിട്ട് അതിൽ ഇരിക്കുന്നു. അവൾ അവിടെ വളരെ അനായാസമായി, പിരിമുറക്കമില്ലാതെ ആലോചിച്ചുകൊണ്ട് ഇരിക്കുന്നു. ബ്രിജറ്റ് അടുക്കളയിൽ നിന്നും പ്രവേശിക്കുന്നു, ലിസിയെ കാണുന്നു, നിൽക്കുന്നു. മിസ്സിസ് ബോർഡന്റെ കസേരയിലിരിക്കുന്ന ലിസിയെ അവൾ ശ്രദ്ധിക്കുന്നു. ബ്രിജറ്റ് ഗോവണിപ്പടിയിലേക്ക് നോക്കുന്നു. തിരിച്ചു ലിസിയേയും. ലിസിയും നോക്കുന്നു. ബ്രിജിനെ ആദ്യമായി.

ലിസി : പപ്പ വീട്ടിലെത്തുന്നതിന് മുമ്പേ നമുക്കവിടെയെത്തണം.

ബ്രിജറ്റ് : ലിസി ?

| | | |
|---|---|---|
| ലിസി | : | ഞാൻ അതെല്ലാം കണക്കുകൂട്ടി കഴിഞ്ഞു. പക്ഷെ, ബ്രിജറ്റ് നീയെന്നെ സഹായിച്ചേപറ്റൂ, ബ്രിജറ്റ്, നീയെന്നെ സഹായിക്കണം. |
| ബ്രിജറ്റ് | : | നീ എന്താ ചെയ്തത് ? |
| ലിസി | : | പപ്പ ഒരിക്കലും എനിക്കായി കൃഷിസ്ഥലം എഴുതി തരില്ല. അവൾ പപ്പയുടെ പിന്നിലുള്ളിടത്തോളം കാലം. പക്ഷെ ഇപ്പോൾ (അവൾ കസേരയിൽ നിന്നും എഴുന്നേൽക്കുന്നു) ആ കൃഷിയിടം ഞാൻ സ്വന്തമാക്കും, പണവും മുഴുവൻ ഞാൻ സ്വന്തമാക്കും അതെ, ഞാൻ ആഗ്രഹിക്കുന്നത് ചെയ്യാൻ. പിന്നെ ബ്രിജറ്റ്, എന്റെ കുറച്ച് പണം ഞാൻ നിനക്ക് തരും, പക്ഷെ നീയെന്നെ തീർച്ചയായി സഹായിക്കേണ്ടിയിരിക്കുന്നു.. (അവൾ ബ്രിജറ്റിന്റെ അരികിലേക്ക് നീങ്ങുന്നു. ബ്രിജറ്റ് ഒരടി പിന്നിലേക്ക് മാറുന്നു) പേടിക്കേണ്ട, ഇത് ഞാനാണ്, ഇത് ലിസിയാണ് .നിനക്കെന്നെ ഇഷ്ടമല്ലേ? |
| ബ്രിജറ്റ് | : | നീയെന്താണ് ചെയ്തത് ! (നിശ്ശബ്ദത) ബ്രിജറ്റ് ഗോവണിയുടെ അരികിലേക്ക് നീങ്ങുന്നു. |
| ലിസി | : | മുകളിലേക്ക് പോകരുത് ! |
| ബ്രിജറ്റ് | : | നീ അവളെ കൊന്നു ! |
| ലിസി | : | അതിക്രമിച്ചു കടന്ന ആരോ ആണ് അവളെ കൊന്നത്. |
| ബ്രിജറ്റ് | : | അവർ അറിയും |
| ലിസി | : | ഇല്ല, നീ എന്നെ സഹായിക്കുകയാണെങ്കിൽ. |
| ബ്രിജറ്റ് | : | എനിക്ക് കഴിയില്ല, മിസ്. ലിസി, എനിക്ക് കഴിയില്ല. |
| ലിസി | : | (ബ്രിജറ്റിന്റെ കരങ്ങൾ കടന്നു പിടിക്കുന്നു)<br><br>അവരെന്നെ തൂക്കിക്കൊല്ലാനാണോ നീ ആഗ്രഹിക്കുന്നത്? അതാണോ നിനക്ക് വേണ്ടത്?. ഓ, ബ്രിജറ്റ്, നോക്കൂ... നോക്കൂ... (അവൾ എമ്മയുടെ മുട്ടുകാലിൽ വീഴുന്നു) ഞാൻ എന്റെ ജീവനുവേണ്ടി കേഴുകയാണ്, ഞാൻ യാചിക്കുന്നു. എന്നെ ഉപേക്ഷിച്ചാൽ, അവരെന്നെ കൊല്ലും. സഹായിക്കൂ... ബ്രിജറ്റ്, ദയവായി എന്നെ രക്ഷിക്കൂ.... |
| ബ്രിജറ്റ് | : | പക്ഷെ,... എന്ത് ചെയ്യാനാകും, നമുക്ക് ? |
| ലിസി | : | (മുട്ടുകാലിൽ നിന്ന് എഴുന്നേൽക്കുന്നു) ഓ ! ഞാനവയെല്ലാം കണക്കു കൂട്ടിക്കഴിഞ്ഞു. ഞാൻ എത്രയും വേഗം നഗരത്തിലേക്ക് പോകും. ഉടനെതന്നെ നീ വാതിലുകൾ |

|  |  |  |
|---|---|---|
|  |  | തുറന്നിട്ടേക്കു...... എന്നിട്ട് പിന്നിലേക്ക് പോയി ജനാലകൾ വൃത്തിയാക്കുന്ന ജോലി തുടർന്നുകൊള്ളൂ. |
| ബ്രിജറ്റ് | : | ഞാനതെല്ലാം തീർത്തു, ലിസി. |
| ലിസി | : | എങ്കിൽ അവ ഒരിക്കൽകൂടി ചെയ്യൂ ! കഴിഞ്ഞവർഷം ഒരു കള്ളൻ ജനല തകർത്ത് അകത്ത് കടന്നത് ഓർമ്മയില്ലെ ? ഇന്ന് ആരോ അതിക്രമിച്ച് കയറി. അവൾ അവരെ പിടിച്ചു. |
| ബ്രിഡ്ജറ്റ് | : | അവർ ഒരിക്കലും നമ്മൾ പറയുന്നത് വിശ്വസിക്കില്ല. |
| ലിസി | : | അടുത്ത വീട്ടിൽ പോയി ലൂസിക്കെപ്പം കാപ്പികുടിക്കുക, പപ്പ വീട്ടിൽ വരുന്നതുവരെ അവളുടെ കൂടെ അവിടെ തങ്ങുക... എന്നിട്ട് അങ്ങേര് അവളെ കാണും. എന്നിട്ട് നമ്മൾ രണ്ടുപേരും ആണയിട്ടു പറയുന്നു, ഞങ്ങൾ പോയപ്പോൾ, അവർക്കൊരു കുഴപ്പവുമുണ്ടായിരുന്നില്ലയെന്ന്. അവൾക്ക് യാതൊരു പ്രശ്നമുണ്ടായിരുന്നില്ല. ഞങ്ങൾ പുറത്തിറങ്ങുമ്പോൾ, ഇത് ഉദ്ദേശിച്ച ഫലം ചെയ്യും ബ്രിജറ്റ് എനിക്കത് അറിയാം. |
| ബ്രിഡ്ജറ്റ് | : | നിന്റെ പപ്പ കണ്ടുപിടിക്കും |
| ലിസി | : | (നഗരത്തിലേക്ക് പോകുവാൻ തയ്യാറായിക്കൊണ്ട്) അദ്ദേഹം എന്നെ ഇവിടെ കാണുകയാണെങ്കിൽ സംശയിച്ചേക്കാം, പക്ഷെ അങ്ങേര് കാണില്ല. |
| ബ്രിഡ്ജറ്റ് | : | നിന്റെ പപ്പ എന്തായാലും അറിയും ! |
| ലിസി | : | പപ്പ എന്നെ സ്നേഹിക്കുന്നുണ്ട്, അദ്ദേഹത്തിന് വിശ്വസിക്കാൻ മറ്റൊരു കഥയുണ്ടെങ്കിൽ, അദ്ദേഹം അത് വിശ്വസിക്കും, അങ്ങേർക്ക് അത് വിശ്വസിക്കേണ്ടതായ് വരും. |
| ബ്രിഡ്ജറ്റ് | : | നിന്റെ പപ്പ തീർച്ചയായും അറിയും |
| ലിസി | : | എന്തുകൊണ്ടാണ് നിനക്ക് സന്തോഷമില്ലാത്തത് ? എനിക്ക് സന്തോഷമാണ്. നമ്മൾ രണ്ടുപേരും സന്തോഷിക്കണം. (ലിസി ബ്രിജറ്റിനെ ആലിംഗനം ചെയ്യുന്നു. ലിസി ഒരടി പിന്നിലേക്ക് മാറുന്നു.) ഇപ്പോൾ എന്നെ കണ്ടാലെങ്ങനെയിരിക്കും ? |
|  |  | (മിസ്റ്റർബോർഡൺ പ്രവേശിക്കുന്നു. ബ്രിഡ്ജറ്റ് അദ്ദേഹത്തെ കാണുന്നു. ബ്രിഡ്ജറ്റ് എന്താണ് നോക്കുന്നതെന്ന് ലിസി സാവകാശം തിരിഞ്ഞു നോക്കുന്നു.) |
| ലിസി | : | പപ്പ ? |
| മി. ബോർഡൺ | : | അതെന്താണത് ? എവിടെയാ മിസ്സിസ് ബോർഡൺ ? |

| | | |
|---|---|---|
| ബ്രിജറ്റ് | : | എനിക്ക്,.....അറിയില്ല..... സർ.... ഞാൻ....... ഇപ്പോൾ കയറി വന്നതേയുള്ളൂ, സർ. |
| മിസ്റ്റർ ബോർഡൺ | : | അവൾ പുറത്തേക്കെവിടെയെങ്കിലും? |
| ബ്രിജറ്റ് | : | അതെ സർ, |
| ലിസി | : | അവർ പുറത്തുപോയി. അവർക്കു ആരോ ഒരു സന്ദേശം എത്തിച്ചു കൊടുത്തു. പെട്ടെന്ന് പുറത്തുപോവുകയും ചെയ്തു. |
| | | (ലിസി അവളുടെ തൊപ്പി എടുത്തുമാറ്റുന്നു, തന്റെ അച്ഛനെ നോക്കുന്നു) |
| ലിസി | : | പപ്പ. ഇന്ന് നേരത്തേ വീട്ടിൽ വന്നല്ലോ. |
| മി. ബോർഡൺ | : | എനിക്കൊന്ന് അബിയെ കാണേണ്ട കാര്യമുണ്ട്. അവൾ പുറത്തുപോയി, എന്നല്ലേ പറഞ്ഞത്, ഏത് വഴിക്കാണ് അവൾ പോയത്? (ലിസി ചുമലുകുലുക്കുന്നു, തുടരുന്നു, ഉറക്കെയുള്ള അയാളുടെ ചിന്തകൾ. കൊള്ളാം ഞാൻ.... ഞാൻ അവളെ കാത്ത് ഇവിടെ നില്ക്കുന്നതാകും ഏറ്റവും നല്ലത്. അല്ലെങ്കിൽ വീണ്ടും അവളെ കാണാതെ കാത്തിരിക്കേണ്ടിവന്നേക്കും |
| ലിസി | : | പപ്പയുടെ, കോട്ടഴിക്കാൻ ഒന്നു സഹായിക്കൂ. ബ്രിഡ്ജറ്റ്.... നഗരത്തിൽ എവിടെയോ നല്ല വസ്ത്രങ്ങൾ വിൽപ്പനക്ക് എത്തിയിട്ടുണ്ടെന്ന് കേട്ടു ഞാൻ അറിഞ്ഞു. നിനക്ക് പോയി തുണിത്തരങ്ങൾ വാങ്ങിച്ചുക്കൂടേ? |
| ബിജറ്റ് | : | ഓ... എനിക്കറിയില്ല, മാഡം. |
| ലിസി | : | നിനക്ക് ഒന്നും ആവശ്യമില്ലേ ? |
| ബ്രിജറ്റ് | : | എനിക്കറിയില്ല |
| ലിസി | : | എങ്കിൽ പിന്നെ, നിനക്ക് മുകളിലെ നിലയിൽ ചെന്ന് അല്പം വിശ്രമിച്ചുകൂടേ? ഉച്ചഭക്ഷണത്തിന് മുമ്പ് ഒന്നു പോയി വിശ്രമിക്കു. |
| ബ്രിഡ്ജറ്റ് | : | എനിക്കങ്ങനെ ഒരു വിശ്രമം വേണമെന്നില്ല. |
| ലിസി | : | വിഡ്ഢിത്തം. |
| ബ്രിജറ്റ് | : | ലിസി, ഞാൻ- |
| ലിസി | : | നീ മുകളിലേക്ക് പോയൊന്നു കിടക്കൂ. ഇവിടുത്തെ കാര്യങ്ങൾ ഞാൻ നോക്കിക്കൊള്ളാം. |
| | | (ലിസി ബ്രിജറ്റിനെ നോക്കി പുഞ്ചിരിക്കുന്നു. ബ്രിജറ്റ് മുകളിലെ നിലയിലേക്കുള്ള ഗോവണി കയറുവാൻ |

തുടങ്ങുന്നു, പെട്ടെന്ന് നിൽക്കുന്നു. അവൾ ലിസിയെ തിരിഞ്ഞ് നോക്കുന്നു.)

ലിസി : അത് സാരമില്ല... പൊയ്ക്കൊള്ളൂ... അത് സാരമില്ല... (ബ്രിജറ്റ് ഗോവണി കയറി പോകുന്നു. വായിച്ചു കൊണ്ടിരുന്ന പത്രം താഴ്ത്തി വച്ചിട്ട് മിസ്റ്റർ ബോർഡൻ എന്തോ പറയാൻ തയ്യാറാകുന്നു. ലിസി അയാളെ നോക്കുന്നു.) ഹല്ലോ പപ്പ. അങ്ങേക്ക് വളരെ ക്ഷീണമുള്ളതായി തോന്നുന്നല്ലോ... ഞാൻ പപ്പയെ വേദനിപ്പിച്ചോ... പപ്പയെ സങ്കടപ്പെടുത്താൻ എനിക്ക് ഇഷ്ടപ്പെടമല്ല. ഞാൻ പപ്പയെ സ്നേഹിക്കുന്നു.

മി. ബോർഡൺ : (പുഞ്ചിരിച്ചുകൊണ്ട് അവളുടെ കൈകൾ എടുക്കുന്നു.) ലിസി, എനിക്ക് പ്രായമായിക്കൊണ്ടിരിക്കുകയാണ്.

ലിസി : പപ്പയുടെ വിരലിലുള്ളത് എന്റെ മോതിരമാണ്. പപ്പ ഓർക്കുന്നുവോ എപ്പോഴാണ് ഞാനത് തന്നത് എന്ന് ? എനിക്ക് നന്നായി ഓർമ്മയുണ്ട്. ഞാൻ മിസ്സ്. കൊർണീലിയയുടെ അടുത്തുനിന്നു പോയപ്പോൾ - അത് നീലനിറത്തിലുള്ള ഒരു വെൽവെറ്റ് പെട്ടിയിലായിരുന്നു, പപ്പ അത് കൈയിൽ എടുത്ത് മറച്ച് വച്ചു -അങ്ങയുടെ പുറകിൽ, എന്നിട്ട് പറഞ്ഞു, " ലിസി ഏതു കൈയിലാണെന്ന് പറയൂ..." ഞാൻ ആലോചിച്ചു. എന്നിട്ട് പറഞ്ഞു. പപ്പ അപ്പോൾ അത് എനിക്ക് തന്നിട്ട് പറഞ്ഞു, "അത് തനി സ്വർണ്ണമാണ്, ലിസി, ഇത് നിനക്കു വേണ്ടിയുള്ളതാണ് എന്തെന്നാൽ നീ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവളാണ്". പപ്പ, അങ്ങ് ഓർക്കുന്നുണ്ടോ? (മി.ബോർഡൺ തലകുലുക്കുന്നു.) ഞാൻ ആ വെൽവെറ്റ് പെട്ടിയിൽ നിന്നും അത് പുറത്തെടുത്തു, ഞാൻ പപ്പയുടെ കൈകളിൽ പിടിച്ചു. എന്നിട്ട് ഞാൻ ആ മോതിരം അങ്ങയുടെ കൈവിരലിൽ ഇട്ടിട്ട് ഞാൻ പറഞ്ഞു, "നന്ദി പപ്പ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു". അങ്ങ് പിന്നീട് ഒരിക്കലുമത് ഊരിയെടുത്തിട്ടില്ല... നോക്കു പപ്പാ.... എങ്ങനെ അത് അങ്ങയുടെ വിരലിലെ മാംസത്തിൽ അത് ഇറുക്കി കിടക്കുന്നത് നോക്കൂ...

(അവൾ അദ്ദേഹത്തിന്റെ കൈ തന്റെ മുഖത്ത് ചേർത്തമർത്തി പ്പിടിക്കുന്നു)

ഞാൻ അങ്ങേയ്ക്ക് മാപ്പുതരുന്നു, പപ്പ, ഞാൻ അങ്ങയോട് പൊറുക്കുന്നു, എന്റെ പക്ഷികളെ കൊന്നതിന്... അങ്ങ് വളരെ ക്ഷീണിതനായി തോന്നുന്നു, അങ്ങ് അല്പനേരം കിടന്ന് വിശ്രമിക്കൂ.... ? കാലുകൾ കയ്റ്റിവച്ച്. ഞാൻ അങ്ങയുടെ ഷൂസ് അഴിച്ചു മാറ്റാം. (അവൾ മുട്ടുകുത്തി അദ്ദേഹത്തിന്റെ ഷൂസ് അഴിച്ചു മാറ്റുന്നു)

| | | |
|---|---|---|
| മി.ബോർഡൺ | : | നീ ഒരു നല്ല പെൺകുട്ടിയാണ്. |
| ലിസി | : | പപ്പ എന്നെ വെറുക്കുന്നത് എനിക്ക് ഒരിക്കലും താങ്ങാനാവില്ല, പപ്പ... ഒരിക്കലും... ഞാൻ എന്തുവേണ മെങ്കിലും ചെയ്യാം അങ്ങ് എന്നെ വെറുക്കാതിരിക്കുവാൻ. |
| മി. ബോർഡൺ | : | ഞാൻ നിന്നെ വെറുക്കുന്നില്ലല്ലോ, ലിസി... |
| ലിസി | : | എന്നെ വെറുക്കുവാൻ തക്ക കാരണങ്ങളൊന്നുംതന്നെ പപ്പ കണ്ടെത്തരുത്.... അതാണ് ഞാൻ ആഗ്രഹിക്കുന്നത്. കാരണം ഞാൻ പപ്പയെ അത്രയ്ക്കും സ്നേഹിക്കുന്നു. |
| മി. ബോർഡൺ | : | ഞാനും നിന്നെ സ്നേഹിക്കുന്നു. നീ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവളാണ്- എന്നും. |
| ലിസി | : | (അദ്ദേഹത്തെ നോക്കുന്നു, പുഞ്ചിരിക്കുന്നു)<br>ഞാൻ അങ്ങനെയായിരുന്നോ- എന്റെ കാൽമുട്ടിൽ ചൊറി വന്ന് വ്രണമായിരുന്നപ്പോൾ ? |
| മി. ബോർഡൺ | : | (ചിരിക്കുന്നു) തീർച്ചയായും.... അന്നും |
| ലിസി | : | (ചിരിക്കുന്നു) ഓ പപ്പ !... എന്നെ ഒന്ന് ഉമ്മ വയ്ക്കൂ.... (അദ്ദേഹം അവളുടെ നെറ്റിയിൽ ചുംബിക്കുന്നു) നന്ദി, പപ്പ. |
| മി. ബോർഡൺ | : | നീ എന്തിനാണ് കരയുന്നത് ? |
| ലിസി | : | കാരണം... ഞാൻ അങ്ങേയറ്റം സന്തോഷവതിയാണ്. ശരി.... പപ്പയുടെ കാലുകൾ ഉയർത്തി വച്ച് ഉറങ്ങിക്കോളൂ.... അതെ കണ്ണുകൾ അടയ്ക്കൂ. ഉറങ്ങിക്കോളൂ.... ഉറങ്ങിക്കോളൂ..... |

(അവൾ ഒരു മൂളിപ്പാട്ട് പാടുന്നു. മിസ്റ്റർ ബോർഡൺ ഉറക്കത്തിലേക്ക് വഴുതിവീഴുമ്പോഴും അവൾ മൂളിക്കൊണ്ടേയിരിക്കുന്നു. മിസ്. ലിസി/ബ്രിജറ്റ് ഗോവണികൾക്കുമേൽ പ്രത്യക്ഷയാകുന്നു- അറിയാതെ. ലിസി അപ്പോഴും മൂളിക്കൊണ്ടിരിക്കുന്നു. മേശയ്ക്കരികിലേക്ക് നീങ്ങുന്നു, വസ്ത്രങ്ങൾക്ക് അടിയിലേക്ക് കൈ താഴ്ത്തുന്നു, കൈക്കോടാലി വലിച്ചെടുക്കുന്നു. അവൾ പപ്പയുടെ അരികിലേക്ക് നീങ്ങുന്നു, കോടാലി പിന്നിൽ ചേർത്തു പിടിച്ചുകൊണ്ട് (അവൾ മൂളൽ നിറുത്തുന്നു നിശ്ശബ്ദത അവൾ പതുക്കെ കോടാലി ഉയർത്തുന്നു- അവൾ കോടാലി ഉയർത്തി വെട്ടാൻ ഓങ്ങുന്നു. കോടാലി താഴോട്ടേക്ക് എത്തുന്നതിന് മുമ്പേ, രംഗം ഇരുളുന്നു. കുട്ടികൾ പാടുന്ന ശബ്ദം കേൾക്കുന്നു.)

" കോടാലിയെടുത്തു ലിസി ബോർഡൺ

അമ്മയ്ക്കിട്ട് നാൽപ്പതു വെട്ട്

നന്നായ് ആപ്പണി തീർന്നപ്പോൾ
പപ്പയ്ക്കിട്ട് നാല്പത്തൊന്ന്
നാല്പത്തൊന്ന് ! നാല്പത്തൊന്ന്!"

(പാട്ടിന്റെ ശബ്ദം കൂടിക്കൂടി വരുന്നു... അവസാനഭാഗമെത്തുമ്പോഴേക്കും വാക്കുകൾ കുഴയുന്നു. ശബ്ദം കൂടുന്നു. എങ്കിലും സ്ഫുടതയോടെ..... (നിശബ്ദത) ശക്തിയുള്ള ഉറച്ച ശ്വാസോച്ഛ്വാസത്തിന്റെ ശബ്ദം- ശ്വാസോച്ഛ്വാസത്തിന്റെ ഗതി കൂടിവരുന്നു- അളന്ന് മുറിച്ചു വരുന്ന ശബ്ദം ക്രമേണ ഒരു അപസ്മാരത്തിന്റെ അവസ്ഥയിൽ പുറത്തുവരുന്ന വാക്കുകളില്ലാത്ത ശബ്ദമായി ഉയരുന്നു. വേദിയിൽ പ്രകാശം. അന്തി വെളിച്ചം പോലെ വെളിച്ചം മങ്ങിയപ്പോൾ ഉയർത്തി പിടിച്ച കോടാലിയുമായി നിന്ന നടിയുടെ അതേ നില്പ്. പക്ഷെ കട്ടിൽ ശൂന്യമാണ്. അവളുടെ കണ്ണുകൾ അടച്ചനിലയിൽ. അവൾ സംസാരിക്കാൻ തുടങ്ങുന്നു. മിസ്സ് ലിസി ഗോവണിയുടെ താഴ്ത്തായി നില്ക്കുന്നു. നടിയുടെ അരികിലേക്ക് നീങ്ങുന്നു. അവളുടെ അടുത്തെത്തി കോടാലി വാങ്ങുന്നു. മിസ്. ലിസിയുടെ കൈ നടിയുടെ കൈയിൽ സ്പർശിക്കുമ്പോൾ, നടി കൈയിൽ നിന്നും കോടാലി വിടുന്നു, എന്നിട്ട് തിരിഞ്ഞ് നിന്ന് മിസ് ലിസിക്ക് അഭിമുഖമാകുന്നു. ലിസിയുടെ കൈയിലാണ് ഇപ്പോൾ കോടാലി. മിസ്. ലിസിയുടെ അടുത്തു നിന്നും നടി പിൻമാറുന്നു. ഗോവണിക്ക് മുകളിൽ പ്രകാശത്തിന്റെ ഒരു മിന്നലാട്ടം.)

എമ്മ : (മുകളിലെ നിലയിൽ നിന്നും) ലിസി, ലിസി ! നീ വല്ലാതെ ശബ്ദമുണ്ടാക്കുന്നു.

(ഒരു എണ്ണവിളക്കും പിടിച്ചുകൊണ്ട് എമ്മ ഗോവണിപ്പടികൾ ഇറങ്ങി വരുന്നു. നടി ലിസിയിൽ നിന്നും അകലുന്നു. തിരിഞ്ഞ്..... അടുക്കളയിലേക്ക് ഓടുന്നു. മിസ്. ലിസി എമ്മയെ നോക്കാൻ തിരിയുന്നു. എമ്മ കാണാതിരിക്കാൻ ലിസി കോടാലി പിന്നിൽ മറച്ചു വച്ചിരിക്കുന്നു. എമ്മ ഒരു നിമിഷം ഒന്നും പറയാതെ നിൽക്കുന്നു)

എമ്മ : എവിടെയവൾ ?

മിസ്. ലിസി : ആര് ?

എമ്മ : (ഒരു നിമിഷം നിശ്ശബ്ദത, എമ്മ ജനാലയ്ക്കരികിലേക്ക് നീങ്ങി പുറത്തേയ്ക്ക് നോക്കുന്നു). മഴപെയ്യുന്നുണ്ട്.

മിസ്. ലിസി : എനിക്കറിയാം.

| | | |
|---|---|---|
| എമ്മ | : | (വിളക്ക് താഴെ വയ്ക്കുന്നു. ഇരിക്കുന്നു, ശബ്ദം താഴ്ത്തി പറയുന്നു) |
| മിസ്. ലിസി | : | എന്താണ്? |
| എമ്മ | : | നിന്നോട് എനിക്ക് സംസാരിക്കണം, ലിസി |
| മിസ്. ലിസി | : | ശരി, എമ്മ. |
| എമ്മ | : | അത് .... നടി, ബോസ്റ്റണിൽ നിന്നും വന്ന.... ആ നടി |
| മിസ്. ലിസി | : | അവളെക്കുറിച്ച്? |
| എമ്മ | : | ആളുകൾ സംസാരിക്കുന്നു... |
| മിസ്. ലിസി | : | നീ അത് ശ്രദ്ധിക്കേണ്ട. |
| എമ്മ | : | നിന്റെ ഈ അവസ്ഥയിൽ മറ്റുള്ളവർക്ക് സംസാരിക്കാൻ വക നൽകുന്ന ഒരു കാര്യവും ചെയ്യരുത്. |
| മിസ്.ലിസി | : | ആളുകൾക്ക് എന്തെങ്കിലും അല്പം മതി സംസാരിച്ച് പെരുപ്പിക്കാൻ. കുറ്റവിമുക്തർക്കുള്ള പെരുമാറ്റച്ചട്ടം മിസ് കൊർണേലിയയുടെ ക്ലാസ്സുകളിൽ പഠിപ്പിച്ചിട്ടില്ല. |
| എമ്മ | : | എന്തുചെയ്യണമെന്നും എന്തു ചെയ്തു കൂടന്നും നീ സാമാന്യ ബോധം ഉപയോഗിച്ച് തിരിച്ചറിയണം. |
| മിസ്. ലിസി | : | സാമാന്യബോധം..... അത് എനിക്ക് അലോസരമാണ്. ഞാൻ ഇഷ്ടപ്പെടുന്നത് അസാമാന്യബോധമാണ്. |
| എമ്മ | : | അവളെ ഈ വീട്ടിൽ ഞാൻ വിലക്കിയിരിക്കുന്നു ലിസി ! (നിശ്ശബ്ദത) |
| മിസ്. ലിസി | : | അങ്ങനെയാണോ |
| | | (പിന്നോട്ട് നീങ്ങി, മൃദുവായി) അത്...... വളരെ മോശമാണ്. |
| മിസ്. ലിസി | : | ഓ അങ്ങനെ ? |
| | | (മിസ്. ലിസി എമ്മയിൽ നിന്നും കുറച്ച് അകലേക്ക് നീങ്ങുന്നു) |
| എമ്മ | : | എനിക്ക് .... അതിന് കഴിയില്ല - |
| മിസ് ലിസി | : | നിനക്ക് എപ്പോൾ വേണമെങ്കിലും പോകാം. |
| എമ്മ | : | പോകുകയോ ? |
| മിസ്. ലിസി | : | പോ....അകന്നു പോയ്ക്കൊ..... എന്താ പോയിക്കൂടാ ? |
| എമ്മ | : | ഞാൻ- |
| മിസ്. ലിസി | : | നിനക്ക് കഴിയില്ല, ഒരിക്കലും. കഴിയുമോ ? |
| എമ്മ | : | എനിക്കത് .... |

| | | |
|---|---|---|
| മിസ്. ലിസി | : | അറിയാമായിരുന്നെങ്കിൽ. |
| എമ്മ | : | ലിസി, നീ ചെയ്തു ? |
| മിസ്. ലിസി | : | ഒ, എമ്മ, നീ എന്നും ഈ ചോദ്യം എന്നോട് ചോദിക്കുവാനാണോ ഉദ്ദേശിക്കുന്നത്. ഈ നിമിഷം മുതൽ മരണം നമ്മെ വേർപ്പെടുത്തും വരെ? |
| എമ്മ | : | ഉദ്ദേശിച്ചത്.. |
| മിസ്. ലിസി | : | അങ്ങനെ ചെയ്താൽ, ഞാൻ എന്തെങ്കിലും കടുംകൈ ചെയ്യേണ്ടി വരും, നിനക്കെതിരെ. |
| എമ്മ | : | എന്താ നീ ഇങ്ങനെ തമാശ പറയുന്നത് ? |
| മിസ്. ലിസി | : | (എമ്മയ്ക്ക് നേരെ പുറം തിരിഞ്ഞു നിൽക്കുന്നു. എമ്മ ആദ്യമായി കൈക്കോടാലി കാണുന്നു. വാക്കുകളിലൂടെ എമ്മ പ്രതികരിക്കുന്നില്ല. അസാധാരണമായ ചലനങ്ങളുമില്ലാതെ അവൾ മരവിച്ചപോലെ നിൽക്കുന്നു മിസ്.ലിസി അവൾക്ക് നേരെ നീങ്ങുമ്പോൾ.)<br><br>നീ എന്നെങ്കിലും ഈ രീതിയിൽ ചിന്തിച്ചിട്ടുണ്ടോ, ഞാനാണ് ചെയ്തതെങ്കിൽ, നീയും അതിന് കുറ്റക്കാരിയാണെന്ന് ? |
| എമ്മ | : | എന്ത് ?<br><br>(ദി ആക്ട്രസ് അനായാസമായി രംഗപാർശ്വത്തിലേക്ക് എത്തുന്നു. അവളുടെ രംഗപ്രവേശത്തെ കുറിച്ച് നമ്മൾ അറിയുന്നേയില്ല, അവൾ മുമ്പോട്ട് നീങ്ങി സംസാരം തുടങ്ങും വരെ. ) |
| മിസ്. ലിസി | : | നീയാണ് എന്നെ വളർത്തിയത്. ഒരു അമ്മയെപ്പോലെ. ഏറെക്കുറെ ഒരമ്മയെപ്പോലെ. നീയെന്നെങ്കിലും കാര്യമായി ചിന്തിച്ചിട്ടുണ്ടോ, ഞാൻ ഒരു പാവയെപ്പോലെയാണെന്ന്, നിന്റെ പാവയാണെന്ന്? നിന്റെ കൈയിലെ ചരട് വലിച്ച് എന്റെ തല ചലിപ്പിക്കുന്നു. നീ എന്റെ ചുണ്ടുകൾ ഇളക്കുന്നു. നിനക്ക് പറയാനുള്ളത് എന്നെക്കൊണ്ട് പറയിപ്പിക്കുന്നു. നീ ചെയ്യാനാഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം ഞാൻ ചെയ്യുന്നു. |
| ദി ആക്ട്രസ് | : | (പതുക്കെ) ലിസി...<br><br>(മിസ് ലിസി) പെട്ടെന്ന് സ്വയം നിയന്ത്രണത്തിലെത്തിക്കൊണ്ട്. |
| എമ്മ | : | (മന്ത്രിക്കുന്നു)<br><br>ഞാൻ അന്ന് ഇവിടെ ഉണ്ടായിരുന്നുപോലുമില്ല. |
| മിസ്.ലിസി | : | ഞാൻ സത്യം ചെയ്യാം, അത് പച്ചക്കള്ളമാണെന്ന്. |

എമ്മ : എന്നെ ഭ്രാന്ത് പിടിപ്പിക്കുകയാണോ നിന്റെ ഉദ്ദേശ്യം ?

മിസ്. ലിസി : തീർച്ചയായും അതെ.

എമ്മ : നീ അത് ചെയ്തില്ല..... അതോ ചെയ്തോ ?

മിസ്. ലിസി : പാവം...... എമ്മ.

നടി : ലിസി (മിസ് .ലിസിയുടെ കൈയിൽ നിന്നും അവൾ കൈക്കോടാലി എടുക്കുന്നു.)

ലിസി, നീ അത് ചെയ്തു.

മിസ്. ലിസി : ഞാൻ ചെയ്തിട്ടില്ല. നടി കൈകോടാലി നോക്കുന്നു - അതിനുശേഷം പ്രേക്ഷകരേയും) നീ ചെയ്തു.

**രംഗം ഇരുളുന്നു.**

---

School of Drama & Fine Arts
Dr John Matthai Centre
Aranattukara Thrissur
680 618
University of Calicut